

# കർമ്മലസന്ദേശം

No. 233 December 2016

# കർമ്മെലസന്ദേശം

No. 233 ഡിസംബർ 2016

## CONTENTS


Prior General's Message ........................................................... 3

Editorial ............................................................................. 8

ആകാശങ്ങളിലിരിക്കുന്ന നമസ്ക്കാരം..................................................10

അസ്സീസ്സിയുടെ സൂര്യകീർത്തനം.............................................................15

ക്രിസ്തീയ കുടുംബം കരുണയുടെ പഠനകളരി
വിശുദ്ധ ചാവറ പിതാവന്റെ ജീവിതത്തിലൂടെ....................................18

കൂനാമ്മാവിൽ നിന്നും വാരാപ്പുഴ വരേ..................................................32

AKSAPUR MISSION (Diocese of Chanda)............................37

മതസൗഹാർദ്ദ രംഗത്ത്
അഴിക്കോടത്തെ എന്റെ അനുഭവം...........................................................48

അനുസ്മൃതി ........................................................................................ 54

പുസ്തകപരിചയം........................................................................................60

News & Views...........................................................................61

Golden Records ..................................................................... ..87

## *Prior General's Message*



Dear Rev. Fathers and Brothers,
*"Today in the town of David a Savior has been born to you; he is the Messiah, the Lord." (Luke 2:11)* Let us go to Bethlehem to see this marvellous sight – the babe wrapped in swaddling clothes, lying in a manger. (Luke 2:12.15; Exodus 3:3) The star is there to show you the way as it did with Magi…..the angels have still song of joy and hope on their lips …..Be careful what you wish, for it may come true. Beware of being misled to the palace of Herod……the ways are attractive and tempting. Happy are those who choose the narrow way, an inward journey, to reach Him, the savior of the world.

**1. Blessed are you when you are mistaken for Jesus!**

**"Excuse me, Are you Jesus?" is a song written by Gloria Gaither, William J. Gaither and Larry Gatlin based on a real life story. An apple stand was knocked over and apples were scattered while the passengers rushed to board the flight. While no one cared about it, one person helped the sales woman to put all the apples back and paid $40 for the damage caused. The girl was blind and she asked him, "Excuse me, Are you Jesus?"**
Yes. It is indeed an awesome privilege to be mistaken for Jesus.
**How blessed is CMI family when our members are mistaken for Jesus.**

**The holy children were killed because they were mistaken for Jesus.** When Herod realized that he had been outwitted by the Magi, he was furious, and he gave orders to kill all the boys in Bethlehem and its vicinity who were two years old and under, in accordance with the time he had learned from the Magi. (Matthew 2:16)

**Even a maid servant could recognize Peter as the disciple of Jesus**. After a bit, those standing there came and they said to Peter, "Certainly, you also are one of them, for your speech reveals you." (Matthew 26:73). Do we smell Jesus? Do we have some traits to be seen as the disciple of Jesus? Today people sense it and speak it out. "Jesus I know, and Paul I know about, but who are you?" (Acts 19:15) **Are we counted with Him?** On that day many will say to me, 'Lord, Lord, did we not prophesy in your name, and cast out demons in your name, and do many mighty works in your name?' Then I will tell them publicly, 'I've never known you (Matthew 7:22-23)

**2. Blessed are you when you are the good news!**

"I bring you good news that will cause great joy for all the people." (Luke 2:10). Let there be no day in your life in which you did not become good news to others. Gossips are here to stay, but woe to the person through whom they come! (Matthew 18:7) Your light of good deeds will outshine the darkness created by the terrorism of gossip. (Matthew 5:16)

CMI family is grateful to the members who bring us good news of joy and multiply our happiness: 58 promising new young Priests; growing number of missionaries in Africa and Latin America; CMI contemplatives praying for the renewal of the congregation; the suffering and the sick members who intercede for our family, retreat preachers, CMIs available at the confessional; institutions with social and spiritual commitment; Social initiatives in the Year of Mercy; inclusive institutions for the poor, tribal and the differently abled; transparent and accountable institutions; trustworthy approach and support to people during demonetization, writers on public domains; creative initiatives in the pastoral, educational, cultural and social arenas; national and international quality accreditations and Guinness records; breakthrough ministries in the First World and public recognition by the bishops, talented young seminarians; formation initiatives in Africa. Yes. The Lord of the surprises has surprised us with more good news than we deserve. Good news becomes God's news when it is good news to the poor.

**3. Blessed are you when you become visible for your credibility.**

*Blessed is that servant whose master returns and finds him doing his job.* (Matthew 24:46) At times we have been caught for wrong

reasons as in the story of the woman in the Bible (John 8:4).

Despite all the ordeals and troubles, d*emonetization in India is a God given opportunity for the CMI family to put our house in order. Do we find God's providential intervention in this decision of the Government or are we hardening our hearts like the Pharaoh* (Exodus 8.32). A proactive clean money drive will save us for a powerful witnessing. We have umpteen reasons to criticize the government and politicians. "Whoever hasn't sinned should throw the first stone." (John 8:7) Can we turn this crisis into a point of grace? In our eagerness to run institution, has mission become a casualty? Institutions registered under CMI umbrella has to follow CMI way of life, however great it may be. No one has the right to run it as one's personal property, bringing gain for the individual and shame for the congregation? Apostles left everything and followed Jesus; we kept everything and followed him. Our question ever remains the same, "**What will we get?"** (Matthew 19:27)

*If you are looking for profit, you cannot be prophetic. If you are looking for commission, you cannot run a mission. Are we sure, Will Jesus be admitted in our institutions, if Joseph and Mary knock at our. There was no room for them in the inn (Luke 2:7) Will we lose Jesus for a bargain or will we recognize Jesus among the least of our brethren and welcome him?*

**4. Blessed are you when you realize that you are needed, but not indispensable.**

"And they said, The Lord has need of it." (Luke 19:34). What a privilege to carry Jesus! But the inn threw away the greatest gift it would have ever received. If the innkeeper were compassionate, the

world would have made inns on Christmas rather than crib. The Inn that was supposed to be kept open for all who are weak and tired was closed down. The one to whom the door of the inn was shut become the door (John 1:7) and invites, “Come to me, all you who are weary and burdened, and I will give you rest.” (Matthew 11:28) When one door is closed another will be opened. The loss of the inn became the gain for the manger in Bethlehem. ‘The stone that the builders rejected has now become the cornerstone. This is the LORD’s doing, and it is wonderful to see.’ (Matthew 21:42) The very term, manager, became a sign of grace and blessing.

If Herod was willing to come down and welcome Jesus, he would have been known as the king who nurtured Jesus and his destiny would have been different like Zacchaeus to experience the touch of salvation (Luke 19:1-10) . As the Messiah became the cause for the rise and fall of many, so was his birthplace. (Luke 2:34). The mite of the widow became precious than the might of the mighty. The shepherds of the pasture were counted more than the kings and emperors. The one who created heaven and earth will have His own ways even if we close our inns. The magi left for their own country by another way. (Matthew 2:12) The one who created the universe needs the little of the little boy to feed the multitudes. (John 6:9). Many will come from the east and the west, and will take their places at the feast with Abraham, Isaac and Jacob in the kingdom of heavens. But the sons of the kingdom will be cast into the outer darkness (Matthew: 11-12). If the chosen ones keep quiet, the stones along the road would burst into cheers!” (Luke 19:40)

*Victor Hugo* says, “In every French village *there is now a lighted torch, the schoolmaster; and a mouth trying to blow it out, the priest*.” “Salt is good, but if it loses its saltiness, how can it be made salty again? It is fit neither for the soil nor for the manure pile, and it is thrown out. (Luke 14:34-35) The monasteries and the religious are good, but if they lose their original mission, what reason they have to exist? “So you must be careful to do everything they tell you. But do

not do what they do, for they do not practice what they preach." (Matthew 23:3)

The newly elected President of America Mr. Donald Trump in one of his speeches said, "If you glorify terrorism, then you will have only terrorists." If you glorify administration, then you will have only administrators. In CMI Besrauma, spiritual leaders, contemplatives, preachers, writers, teachers, and change agents in the society have become rare species. When we expected grapes, we see thistles, yielding raw roots (St. Kuriakose Elais Chavara). When winds of change blow, some run for shelter, some build windmills

### 5. *Blessed are you when you begin THE New Year with a fire within*

I will fight the good fight, I will finish the race, and I will remain faithful. The crown of righteousness will be laid upon me by the righteous judge, our Lord. (2 Timothy 4:7-8) I will run in such a way as to take the prize. Everyone who competes in the games trains with strict discipline. They do it for a crown that is perishable, but we do it for a crown that is imperishable. (1 Cor. 9:24-25)

Lord, help me begin the change within me in little things: an early rise from the bed, a little more time with the Lord, a little more love for reading and writing, a little more concern for the people, especially for poor, a little more passion to be a missionary in distant land, a firm decision to visit a family in suffering, courage to experiment something new and all the more, a little more effort to be an authentic CMI. The journey of a grace filled New Year begins today with God's grace.

*__Editorial__*

# The Divine Comedy

We do hear two sets of footsteps. That of a year, 2016, leaving us, the faint and feeble steps almost vanishing ahead of the birth to another year. Along with the jingle bells songs of Christmas, we await also the soft fall of the footsteps of a new year 2017! With every death there is a birth too! Wishes of the good tidings of Christmas and wishes for a new year full of blessings!

While reading the glad tidings of the birth of Christ, especially that of Evangelist Luke, we witness the annals of a divine comedy unfolding in front of us with the heaven above filled with angels and atmosphere filled with angel songs and the whole nature, man and beast, worshipping the Emmanuel. We get a kind of feeling that the divine drama is enacted with the precision of a renowned director. The old Adam is being replaced by the new Adam in Christ Jesus with the ease and smoothness of a page from the fairy tale and a number of Old Testament figures filling the dotted line.

However, we are awakened to the reality of the struggles of daily lives, no matter who we are or what we do. Just as the month of January named after Janus, the Roman god with two faces, one looking forward and the other looking backward, we are caught in the historical juncture of what we call the present. While looking ahead with hope, the hindsight keeps us tied to the reality of the past biting on our future. While the infinite becomes finite, the divine becomes mundane, and God embraces humanity, the result cannot but be the Babe of Bethlehem!

T.S. Eliot presented the Magi (Poem: *Journey of the Magi*) witnessing both the birth and death in the presence of Baby Jesus – death to sin, or is it the death on Calvary, and birth into a new life in Jesus! Of course, there is the painstaking journey of Joseph with a full blown wife carrying Jesus inside her while going to enumerate themselves to satisfy Augustus Caesar. It was not at all a pleasant welcome that this strange couple received in the overcrowded inns of Bethlehem.

To deliver a child in the company of animals from the stable instead of the comforting hands of a relative or a midwife was a far away dream for Mary. The implications of a 'fiat' were not mildly taken by Mary at all.

Look at the magic! With evangelist Luke, the most ordinary and bucolic situation transforms itself to a divine theatre where the cosmic actors step in to make the incarnation into the opening scene of a divinely scripted immemorial drama. The heaven and earth meeting on the hills of Bethlehem! Man and beast, angels and stars, shepherds and kings kneel down and dance in the presence of a newborn. The cosmic rhythm gives accompaniment to the lullaby of the angels: "Glory to God in the highest heaven, and on earth peace among those whom he favours!" See what faith does and the magical transformation of the ambience! It is not just the figment of imagination or artists supplying colours and gilded backdrops. It is the reality of faith when the creator embraces the creatures through the sacrifice of His only and own Son! The universe and the cosmic bodies arraying themselves in gold before the creator!

Well, what is it for us, the CMIs, during this Christmas and in the approaching days of 2017? Fifty eight youngsters are born into the fraternity of priesthood these days – a matter of joy and pride. Political scene is quite ambivalent in the midst of impending elections, effects of demonetization, new policies in education and a communalized social and political ambience. New missionary inroads are made in Brazil and other parts of the globe. The challenge is to live through the realities of today and to make incarnation meaningful in our own contextualized life. Renewal, socio-pastoral outreach, education, mass media, evangelical responsibilities, the list goes on and on. A context Jesus chose to be born into, a yearning context we are called to make Jesus' incarnation possible. May the Babe of Bethlehem strengthen our eyes of faith to transform the realities of routine life to be dazzling moments of glory in the divine comedy of His incarnation!

**Fr. Sebastian Thekkedathu CMI**
Genreal Councillor for Education and Media

# ആകാശങ്ങളിലിരിക്കുന്ന നമസ്ക്കാരം

**ഫാദർ ജോൺ വിയാനി.**

ഈ വർഷവും ഞങ്ങൾക്കു വാർഷികധ്യാനമുണ്ടായിരുന്നു. അർക്കൻസാസ് സംസ്ഥാനത്ത് സുബിയാക്കോ എന്ന സ്ഥലത്തു ബെനഡിക്കൈടൻ ആബിയോടനുബന്ധിച്ചുള്ള ധ്യാനമന്ദിരത്തിൽ വെച്ചായിരുന്ന അത്. ഒബ്ളേറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (Oblates of Mary Immaculate) സമൂഹത്തിൽ നിന്നുള്ള ഒരു സന്യാസപട്ടാക്കാരനായിരുന്നു ധ്യാനുഗുരു. മുട്ടാറിൽ വെച്ചു മരണം പ്രാപിച്ച നമ്മുടെ ബ. എമീലിയാനച്ചന്റ ശോഷിച്ച ശരീരവും മാന്നാനത്തുവെച്ചു ചരമമടഞ്ഞ ബ. ഫേളാറിയാനച്ചന്റെ കവിതയൂറുന്ന പുഞ്ചിരിയും ജഗദൽപ്പുരിൽ വെച്ചു നിത്യശാന്തിപുൽകിയ പൗളിനോസ് പിതാവിന്റെ മൃദുഭാഷണവും ഒരുമിച്ചുകാണാമായിരുന്നു ധ്യാനുഗുരുവിൽ.

കരുണയുടെ വർഷത്തെക്കുറിച്ചുള്ള ഓർമ്മപ്പടുത്തലുകൾ മുരിങ്ങപ്പൂ പൊഴിയും പോലെ ധാരാളിതയിലും സ്വാദുള്ള ശൈലിയിലും പ്രസംഗങ്ങളിലുടനീളം അദ്ദേഹം കലർത്തിയിരുന്നു. പ്രാർത്ഥനയെക്കുറിച്ചദ്ദേഹം സംസാരിച്ചപ്പോൾ, ഇന്നാൾവരെ അനുഭവപ്പെടാതിരുന്ന ഒരു അർത്ഥതലം പ്രാർത്ഥനയിൽ കാണാൻ അവസരം വന്നു. പഴയ നിയമത്തിന്റെ പൂർത്തീകരണമാണ് സുവിശേഷങ്ങൾ എന്ന് പലപ്പോഴും കേൾക്കാറുണ്ട്. പ്രമാണങ്ങളെയും മറ്റും നീക്കിക്കളായാനല്ല, നിവൃത്തിയാക്കാനാണ് (മത്താ 5:17) ഈശോ ഭൂമിയിലവതരിച്ചത് എന്ന് എത്രയോ പ്രാവിശ്യം സുവിശേഷത്തിൽവായിച്ചിരിക്കുന്നു, പ്രസംഗവേദികളിൽ നിന്നു കേട്ടിരിക്കുന്നു! ഇപ്രാവശ്യം ധ്യാനവേളയിലാകട്ടെ, പ്രാർത്ഥനയിൽ പഴയ നിയമത്തിന്റെ പൂർത്തികരണം അസാധാരണ മിഴിവോടെ കാണാൻ കഴിയുന്നത് പോലെ തോന്നി.

ഒത്തിരിയാളുകളുടെ മനസിൽ പതിഞ്ഞിരിക്കുന്ന ഒരു നിർവചനം പ്രാർത്ഥനക്കുണ്ട്-ദൈവത്തോടുള്ള സ്നേഹസംഭാണം -വചനമായ ഈശോ മാംസം ധരിച്ചു നമ്മുടെയിടയിൽ വസിച്ചു

നമ്മളെ ചൊല്ലിത്തന്നു പഠിപ്പിച്ച പ്രാർത്ഥനയാണല്ലോ 'ആകാശങ്ങളിലിരിക്കുന്ന നമസ്ക്കാരം' അത് അല്പമൊന്നു ഇഴതിരിച്ചുനോക്കുക. അതിൽ രണ്ട് ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗത്ത് ദൈവത്തിന്റെ കാര്യവും രണ്ടാം ഭാഗത്ത് മനുഷ്യരായ നമ്മുടെ ആവശ്യങ്ങളുമാണ് പ്രതിപാദ്യം. നമ്മളിലൊരാൾ തനിച്ചിരുന്നു പ്രാർത്ഥനഉരുവിടുമ്പോഴായാലും ഞങ്ങളുടെ പിതാവേ എന്നാണു അഭിസംബോധന. എന്തുകൊണ്ടാണീ 'ഞങ്ങൾ' എന്ന ബഹുവചനരൂപം? മനുഷ്യൻ ഏകനായിരിക്കരുതെന്നു മുൻക്കുട്ടികാണുകയും അവനു തുണയെ നൽകുകയും ചെയ്ത പ്രപഞ്ചശില്പിയാണ് ദൈവം. പുരുഷനു സത്രീയും സത്രീക്കു പുരുഷനു തുണയാക്കുന്ന പ്രകൃതിനിയമം ജന്തുലോകത്തിൽ പോലും നമ്മൾ കാണാറുണ്ട്. അതിനുമപ്പുറത്ത് സ്നേഹത്തിലും പ്രാർത്ഥനയിലും ത്യാഗനിർഭരമായ ജീവിതത്തിലും പരമപവിത്രമായ 'തുണ' കണ്ടെത്തുന്ന സന്യാസസമൂഹ ജീവിതമോ? ദാമ്പത്യജീവിതത്തിൽ മാത്രം ഒതുങ്ങന്നതല്ലല്ലോ ദൈവം വിഭാവനം ചെയ്യുന്ന 'തുണ' മനുഷ്യനെ ഭ്രാന്തനാക്കുന്ന ഏകാകിത്വം (loneliness) നിർമ്മലമായ സ്നേഹം കൊണ്ടില്ലാതാക്കുന്ന കൂട്ടായ്മയിലും സാക്ഷാൽ തുണ നമ്മുക്കുണ്ടല്ലോ. (മുൻ കാലങ്ങളിൽ സന്യാസസഭകളിൽ നിലവിലിരുന്ന തുണ സഹോദരൻ/സഹോദരി എന്ന പ്രയോഗം ഓർമ്മിക്കുക). പ്രാർത്ഥിക്കുന്ന വ്യക്തി ഏകനായിട്ടല്ലാ, സഹജീവികൾക്കുള്ള 'തുണ' യാണെന്ന ബോധത്തോടെ മാത്രമേ ദൈവത്തിന്റെ തിരുസന്നിധിയിൽ അണയാവൂ എന്നായിരിക്കുമല്ലോ ഈ ബഹുവചന പ്രയോഗത്തിന്റെ ധ്വനി. ബലിയർപ്പിക്കാൻ പോക്കുന്നയാൾ ഒന്നാമത് സഹോദരനുമായി രമ്യപ്പെടണം (മത്താ 5:23,24) എന്ന ഗുരു വചനം ഓർമ്മിക്കുക.

**സംഭാക്ഷണമോ ഉടമ്പടിയോ?**

കർതൃ പ്രാർത്ഥനയിലെ ആദ്യപകുതി ശ്രദ്ധിക്കിക. മൂന്നു കാര്യങ്ങളാണ് പ്രാർത്ഥനയുടെ വിഷയം: ദൈവത്തിന്റെ നാമം (വ്യക്തിത്വം) പവിത്രമായി കരുതപ്പെടുകയും അംഗീകരിക്കുകയും വേണം; അവിടുത്തെ രാജ്യം വരണം; അവിടുത്തെതിരുഹിതം

(പരിശുദ്ധൻ, പരിശുദ്ധൻ എന്നു മാലാഖമാർ ഇടവിടാതെ ഉദ്ഘോഷിക്കുന്ന) സ്വർഗ്ഗത്തിലെപ്പോലെ, ഭൂമിയിലും അനുവർത്തിക്കപ്പെടണം. ഈ മൂന്നു കാര്യങ്ങളും ഒരു യാചന പ്രാർത്ഥന (prayer of petition) മാത്രമല്ല, ഒരു സംഭാഷണം (brain storming) മാത്രവുമല്ല. അതോടൊപ്പമോ അതിലുപരിയോ ആയി അതൊരുടമ്പടിയാണ്. യാചന പ്രാർത്ഥയായാൽ, അത് ദൈവം നമുക്ക് ചെയ്തുതരേണ്ടിയ ഒരു കാര്യമായിരിക്കാം. സംഭാഷണം മാത്രമായാലോ? നമ്മളും ദൈവവും സമാനരാണെന്ന ഭാവം മുന്നിട്ട് നിൽക്കും - ബ്രെയ്ൻ സ്റ്റോമിംഗ് സെഷൻ പോലെ - ഇതുരണ്ടിലുമുപരിയായി, മുൻപറഞ്ഞ കാര്യങ്ങൾ മൂന്നും നമ്മൾ ദൈവത്തോട് ചെയ്യുന്ന ഒരുടമ്പടിയും കൂടിയാണ് ഇവ മൂന്നും, എന്റെ തുണയായ കുടപ്പെറപ്പുകളെയും സഹകരിപ്പിച്ച് എന്റെ ജീവിതത്തിൽ ഞാൻ അനുവർത്തിച്ചു കൊള്ളാം എന്നു നമ്മൾ ദൈവവത്തോട് കരാറുണ്ടാക്കുകയാണ്. ഞാൻ വിശ്വസിക്കുന്നു എന്നുറപ്പിച്ചുപറയുകയും എന്റെ വിശ്വാസക്കുറവിനെ അവിടുന്ന് നികത്തണമെ (മർക്കോ. 9:24) എന്നു പ്രാർത്ഥിക്കുകയും ചെയ്ത അപസ്മാര രോഗിയുടെ വിനീതനായ അപ്പന്റെ പ്രാർത്ഥനപോലെ, നമ്മോടു നമ്മൾ ചെയ്യുന്ന ഒരു വിനീതമായ വാഗ്ദാനവുമാണ് കർതൃപ്രാർത്ഥനയും ഏദൻ തോട്ടവും.

സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയുടെ രണ്ടാം പകുതി നോക്കുക നാലു കാര്യങ്ങൾ നമ്മൾ പ്രാർത്ഥിക്കുന്നുണ്ട്. അന്നന്നത്തെയപ്പം ഇന്നു തരണം; ഞങ്ങളുടെ അതൃത്തി ലംഘകരോടു (tresspassers) ഞങ്ങൾ കൈക്കൊള്ളുന്ന നയം തന്നെ അങ്ങയുടെ അതിരുകൾ ഞങ്ങൾ ലംഘിക്കുമ്പാൾ അങ്ങു ഞങ്ങളോടും കൈക്കൊള്ളണം; പ്രലോഭകന്റെ വാക്കുകൾ കേട്ടു ഞങ്ങൾ മയങ്ങാതിരികേണ്ടതിന് ഞങ്ങൾക്കു നീ കാവലുണ്ടാകണം; ദൈവനിഷേധികളുടെ വഴികളിൽ ചെന്നുപെടാതെ ഞങ്ങളുടെ പാദങ്ങൾക്കു നീ വിളക്കായിരിക്കണം; വിലക്കപ്പെട്ട കനി ഭക്ഷിച്ച ആദാമിന്റെയും ഹവ്വയുടെയും കഥ അതെപടി ഓർമ്മയിൽ വരുമല്ലോ ഈ യാചനപ്രാർത്ഥനകൾ ഹൃദയപൂർവ്വം ചൊല്ലുമ്പോൾ. വിശപ്പോ പട്ടിണിയോ കൊണ്ടുവലഞ്ഞ് അരവയർ ആഹാരത്തിനു വേണ്ടി യാചിക്കുന്നവരുടെ പ്രാർത്ഥനയല്ലാ ഈ രണ്ടാം

പകുതിയിലെ ആദ്യ യാചന. പിന്നയോ, അങ്ങു ഞങ്ങൾക്കുവേണ്ടി ഒരുക്കിതരുന്ന അനുദിന ഭോജനത്തിൽ ഞങ്ങൾ സംതൃപ്തി കണ്ടെത്തിക്കൊള്ളാം എന്ന് പശ്ചാത്താപനിർഭരമായി ദൈവത്തോടു ചെയ്യുന്ന ഒരുടമ്പടിയാണിത്. ദൈവം നല്കിയ തൊണ്ണൂറ്റൊൻപതിനങ്ങളും വിട്ടിട്ടു പ്രലോഭകൻ വെച്ചുനീട്ടിയ ഒരേയൊരിനം രണ്ടു കൈകളും നീട്ടിവാങ്ങി ഭുജിച്ചപ്പോഴാണല്ലോ ഏദനിൽ അത്യാഹിതമുണ്ടായത്. ബാബേൽ ഗോപുരത്തിന്റെ കഥയനുസ്മരിക്കുക. (ഉൽപ്പത്തി 11:1-4) ജലപ്രളയത്തിന്റെ നാളുകളിൽ പെട്ടകത്തിലഭയം നല്കി തങ്ങളുടെ കുടുംബത്തെ ദൈവം കാത്തു. പ്രളയാനന്തരം സുരക്ഷിതമായ സ്ഥലങ്ങളിൽ അവിടുന്നവരെ കുടിയിരുത്തി. ആ ദൈവത്തിൽ നിന്ന് അവർ അകലുകയായിരുന്നല്ലോ കൂടുതൽ കിഴക്കോട്ടവർ നീങ്ങിയപ്പോൾ. അവിടെ ഷീനാർ എന്ന സമതലം അവർക്കുബോധിച്ചു. അവിടെയാണവർ ബാബേൽ ഗോപുരത്തിന്റെ പ്ലാൻ വരച്ചതും പണിയാരംഭിച്ചതും. പാതിവഴിയെത്തിയപ്പോൾ നിലച്ചുപോയ കെട്ടിട നിർമ്മാണവും അനുദിന ഭോജനത്തെക്കുറിച്ചോർമ്മിക്കാൻ അവർക്കു പ്രേരണയായിരുന്നല്ലോ?

അരുതെന്നു ദൈവം പറഞ്ഞിരുന്ന കനി പകുതി തിന്നിട്ടു മറ്റെ പകുതിയും കൊണ്ടു തന്റെ അരികിൽ വന്ന ഭര്യയോടു ആദം ഒത്തുതീർപ്പുണ്ടാക്കി (Compromise). ഈ ചെയ്തികളിലെ ആപാകത ബോധ്യപ്പെട്ടതുകൊണ്ടാണല്ലോ അവർ മരങ്ങൾക്കിടയിൽ ഒളിച്ചത്(ഉല്പത്തി.3:8) തിന്മയുമായിട്ടൊത്തുതീർപ്പുണ്ടാക്കൻ ദൈവത്തോടു ചോദിക്കരുതെന്നു മനുഷ്യനറിയാം. തിന്മയെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന അറിവും മനുഷ്യനുണ്ട്. (അതനുസരിച്ച് പലപ്പോഴും പ്രവർത്തിക്കുന്നില്ലെന്നുള്ളതു (റോമ.7:15) വേറെകാര്യം) അതുകൊണ്ടു തിന്മയെ നന്മകൊണ്ടുജയിച്ചു കൊള്ളാമെന്നു ദൈവത്തോടു ചെയ്യുന്ന ഒരു വാഗ്ദാനമാണു രണ്ടാമത്തെ അഭ്യർത്ഥന.

തന്റെ ഛായയിൽ മെനഞ്ഞു ദൈവികഭാവങ്ങൾ സദാ പ്രതിഫലിപ്പിക്കുന്ന ഹൃദയവും മനസ്സും നല്കി അവിടുന്നു അനുഗ്രഹിച്ചവരാണു ഞങ്ങൾ. അക്കാര്യമൊക്കെ തല്ക്കാലം മറന്നിട്ട് ഷീനാറിലെ സമതലത്തിലേയ്ക്കു ചെല്ലാൻ ഞങ്ങളെ വിളിക്കുന്ന പ്രലോഭകന്റെ വാചാലതയിൽ ഞങ്ങൾ

മയങ്ങുന്നില്ലെന്ന പ്രതിജ്ഞയാണു മൂന്നാമത്തെ പ്രാർത്ഥന. ദൈവസ്വരത്തേക്കാൾ പ്രലോഭകന്റെ വാക്കിനു വിലകല്പിച്ചതായിരുന്നല്ലോ ആദത്തിനും ഹവ്വക്കും പിണഞ്ഞ അമളി.

ഒന്നാം സങ്കീർത്തനം ശ്രദ്ധിക്കുക. വഞ്ചകരുടെ വേദികളിൽ നിൽക്കാത്തവൻ, ദുഷ്ടരുടെ വഴികളിൽ നടക്കാത്തൻ, പരിഹാസ്യരുടെ പീഢങ്ങളിലിരിക്കാത്തവൻ, അത്തരക്കാരനാണു ഭാഗ്യവാൻ. കർത്താവിന്റെ നിയമങ്ങളിലാനന്ദിക്കുകയും അതുവഴി മേൽ പറഞ്ഞ ഇടർച്ചയുടെ വ്യാപാരങ്ങൾ ഒഴിവാക്കുകയും ചെയ്യുമ്പോളാണ് ഒരുവൻ ഭാഗ്യവാനാകുന്നത്. അതിനുവേണ്ട കരുതൽ ചെയ്തു കൊള്ളാമെന്നുള്ള വാഗ്ദാനവും അതിനു കരുത്തേകുന്ന ദൈവകൃപ യാചിക്കലുമാണ് നാലാമത്തെ അഭ്യർത്ഥനയിലടങ്ങിയിരിക്കുന്നത്.

അസീസിയിലെ വി. ഫ്രാൻസീസ് ഒരു സന്ധ്യക്കു പ്രാർത്ഥിക്കാനിരുന്ന കഥ കേട്ടിട്ടുണ്ട്. മാനസികപ്രാർത്ഥനയായിരുന്നു. സ്വർഗ്ഗസ്ഥനായ പിതാവേ എന്നു ധ്യാനപൂർവ്വം ഉരുവിടാനെ സമയം അനുവദിച്ചുള്ളു എന്നാണു ചരിത്രം. അത്രയുമായപ്പോഴേക്കും രാവു അവസാനിച്ചു; പുലരിയായി. ശരിയല്ലേ! എത്ര വ്യാപകമാണ് കർത്രുപ്രാർത്ഥനയിലെ ചിന്തകൾ! പ്രാർത്ഥനയുടേതായ ഭാവങ്ങൾ നാലും അതിലുണ്ട്, രക്ഷാകരചരിത്രം മുഴുവനെയും അത് പ്രതിഫലിപ്പിക്കുന്നുണ്ട്. പ്രാർത്ഥന ദൈവത്തോടുള്ള സ്നേഹ സംഭാഷണമാണെന്നു പറയാനാവുംവിധം, നമ്മുടെ മാനുഷ്യകമായ പരിമിതികളൊക്കെ കൺമുമ്പിൽ കണ്ടുകൊണ്ടു, സവിനയം, സ്നേഹ പിതാവായ ദൈവത്തിന്റെ സന്നിധിയിൽ നില്ക്കുന്ന നമ്മളിൽ സംഭവിക്കുന്ന ഹൃദയത്തിന്റെ കവിഞ്ഞൊഴുകലാണിത്.

# അസ്സീസ്സിയുടെ സൂര്യകീർത്തനം

(ഉന്നതനും സർവ്വശക്തനുമായ്)

ഫാ. ജയിംസ് ഏർത്തയിൽ സി.എം.ഐ.

1. ഉന്നതനും സർവ്വശക്തനുമായ്
നിത്യം വാഴും നല്ലവനെ
പരിശുദ്ധൻ നീ കർത്താവെ
അങ്ങേയ്ക്കെന്നും സ്തുതിസ്തോത്രം
2. അഖിലേശാനീയൊരുവൻ താൻ
അർഹതയുള്ളോൻ വാഴ്‌വതിനും
നാമോച്ചാരണ യോഗ്യതയോ
മർത്യർക്കില്ലപരാപരനെ
3. ദേവാമമപരിപാലകനെ
സൃഷ്ടികളാൽ നീയെന്നെന്നും
സ്തുതിയാരാധന ഗീതികളാൽ
നിതരാം സ്മരണയിലുയരുന്നു.
4. സോദരസൂര്യൻകതിരവനായ്
പകലിനെശോഭനമാക്കുന്നു
അവനാവനവരതംപരനായ്
സ്തുതിയും സ്തോത്രവുമുയരട്ടെ
5. സുന്ദരസൂര്യൻ വിതറിടുമാ
ശോഭനകതിരുകൾ ധരണിയിതിൽ
ഉജ്ജ്വലകാന്തിതപംപ്രഭയും
ഞങ്ങൾക്കേകും ഭഗവാനെ
6. നാഥാനിന്നുടെരൂപഗുണം
സാദൃശ്യം പരിശുദ്ധിയതും
മർത്യനുമുന്നിൽ മാർത്താണ്ഡൻ
കാട്ടിവണങ്ങും സകലേശാ

7. സോദരിചന്ദ്രൻ താരകങ്ങൾ
സർവ്വേശനു സ്തുതിപാടട്ടെ
അതിനായ് നീയവയെസദസ്സിൽ
വാരിമെനഞ്ഞു കർത്താവേ
8. മാരുതിഞ്ഞങ്ങടെസോദരനാൽ
സ്തുതിയുയരട്ടെ മന്നവനായ്
മേഘം വാഴുലുമതിൽവാഴും
സർവ്വം സ്തുതിയരുളീടട്ടെ
9. സൃഷ്ടികളെ നീ നിലനിർത്തും
കാലങ്ങളെയോ മാറ്റും നീ
സൃഷ്ടാവെയിലയാലെ നീ
വാഴ്ത്തപ്പെട്ടവനാകട്ടെ
10. ഇരുളിനെ പ്രഭയായ് മാറ്റിടുമാ
ശക്തൻ സുന്ദരഗ്നിയതാൽ
തമ്പ്രാനെ നീ യനവരതം
കീർത്തിതനാകണമഖിലേശാ
11. ഞങ്ങളെയാകെനയിക്കുകയും
താങ്ങിനടത്തി വളർത്തുകയും
ശോഭനപുഷ്പഫലങ്ങളെയും
നല്കും ഞങ്ങളെ മാതാവാം
12. ഭൂമിദേവീനിൻ സ്തുതികൾ
സർവ്വചരാചരനാവുകളാൽ
സർവ്വേശ്വതിരുസന്നിധിയിൽ
സാദരമർപ്പിച്ചീടും ഞാൻ
13. രോഗം ദുരിതം വേദനയും
സ്നേഹത്തെപ്തി പേറുകയും
ആ സ്ഹനത്താൽ മാപ്പേകുകുയം
ചെയ്വോർ നിന്നെ സ്തുതിക്കട്ടെ.

14. അവരോ ശാന്തിയിൽ നിലനില്ക്കും
വരനിരയാൽ മുടി ചൂടീടും
കുരിശിൽ പീഡകളേറ്റവനെ
നിൻ സ്തുതിപാടുന്നവരെല്ലാം
15. മരണം സോദരിയാരെയുമെ
വിസ്മൃതിയിൽ വിട്ടകലില്ല
മൃത്യുവിനാൽ നീ എന്നെന്നും
വാഴ്ത്തപ്പെട്ടവനാകട്ടെ.
16. ഓർത്തിടമർത്തയാ എന്നെന്നും
ജീവനെടുക്കുംമരണത്തെ
ഏവരുമായതിനടിമകളാം
ഉത്ഥിതനാഥാ സ്തുതി സ്തോത്രം
17. ദൈവയ്ക്കത്തിൽ ജീവിച്ചാൽ
മരണം ലാഭമതോർക്കുകനീ
നന്മരണം എൻ സ്വപനമഹോ
നാഥാ സ്തുതിയും ബഹുമതിയും.

# ക്രിസ്തീയ കുടുംബം കരുണയുടെ പഠനകളരി വിശുദ്ധ ചാവറ പിതാവന്റെ ജീവിതത്തിലൂടെ

Fr. James Madathikandam CMI

കുടുംബത്തെക്കുറിച്ച് മലയാളക്കരയിൽ നിശ്ചിത രുപവും ഭാവവും ആദ്യമായി നലകുന്നത് വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ പിതാവാണ്. കൈനകരിയിൽ 1805 ഫെബ്രുവരി 10ന് ജനിച്ചു ഗ്രാമീണ വിദ്യഭ്യാസക്കളരിയിൽ പഠിച്ച് അക്കാലഘട്ടത്തിൽ നേടാവുന്ന വിജ്ഞാനവും സ്വഭാവശുദ്ധിയും സമ്പാദിക്കുവാൻ ചാവറ പിതാവിനു കഴിഞ്ഞിട്ടുണ്ട്. ഒരു ചെറിയ ദീപിൽ ചാവറ ഭവനത്തിൽ കുര്യാക്കോസിന്റെയും മറിയത്തിന്റെയും ഇളയ മകനായി ജനിച്ച ഇദ്ദേഹത്തിന് ഒരു സഹോദരനും നാലു സഹോദരിമാരുമാണുണ്ടായിരുന്നത്. പ്രാർത്ഥനയുടെ ഒരു കുടുംബമായിരുന്നുവെന്ന് വിശുദ്ധ ചാവറ പിതാവിന്റെ ജീവിതത്തിലൂടെ കടക്കുമ്പോൾ കാണാം. സത്സ്വഭാവം കണ്ടതുകൊണ്ടാണല്ലോ തോമസ് പാലയ്ക്കൽ മല്പാനച്ചൻ ചാവറ പിതാവിനെ കുട്ടിക്കാലത്ത് തന്നെ പള്ളിപ്പുറം സെനിനാരിയിലേക്ക് കൊണ്ട്പോകുന്നത്. പഠനത്തിലും നിഷ്ക്കളങ്കമായ പെരുമാറ്റ രീതിയിലും ചാവറ പിതാവ് ശ്രദ്ധേയനായിരുന്നു. 1827ലും 1828ലുമായി ചെറുപട്ടങ്ങൾ സ്വീകരിക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ ജീവിതത്തിൽ നിറഞ്ഞുനിന്ന ദൈവാരുപിയുടെ പ്രകാശമായിരുന്നു. ദൈവത്തിന്റെ പരിപാലന തന്നോടുകൂടി ഉണ്ടായിരുന്നത് കൊണ്ട് 1829 നവംബർ 29ാം തിയതി അർത്തുങ്കൽ സെന്റ് അൻഡ്രൂസ് ദേവാലയത്തിൽ വെച്ച് പൗരോഹിത്യം സ്വീകരിച്ചു.

ചേന്ദങ്കരി പള്ളിയിലും പള്ളിപ്പുറം പള്ളിയിലും ശുശ്രുഷ ചെയ്തിട്ടുണ്ട്. കേരളത്തിലെ സിറോ മലബാർ റീത്തിലെ പ്രഗലഭരായ വൈദീകരായിരുന്ന ഫാ. തോമസ് പാലയ്ക്കൽ മല്പാൻ, ഫാ. തോമസ് പോരുക്കര മല്പാൻ, ഫാ. കുര്യാക്കോസ് ചാവറ എന്നിവർ ആത്മീയരംഗത്തും, ക്രമവും, ചിട്ടയും, ത്യാഗവുമുള്ള ജീവിതം നയിക്കുന്നതിലും, കർമ്മനിരതമായ സ്വഭാവ

പ്രത്യേകത കാത്തു സൂക്ഷിക്കുന്നതിലും വിദഗ്ധരായിരുന്നു. സഭയുടെ മുൻനിരയിൽ നിന്ന മൂന്നു പ്രതിഭകളായിരുന്നു ഇവർ. സെമിനാരി അദ്ധ്യാപകരും പരീക്ഷ നടത്തുന്നതിന് നിയോഗിക്കപ്പെട്ടവരുമായിരുന്നു. ജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ചിരുന്നവരായതു കൊണ്ടും ജനപ്രതിബദ്ധതയുണ്ടായിരുന്നതു കൊണ്ടും ജനങ്ങളുടെ ആവശ്യങ്ങളും നൊമ്പരങ്ങളും മനസിലാക്കിയിരുന്നതു കൊണ്ടും ജനങ്ങളെ നയിക്കാൻ കഴിഞ്ഞു.

ഒരു തപസു ഭവനവും (House of discipline), ഒരു ദർശന വീടും (House of vision), ഇല്ലാത്തതു കൊണ്ടു ഏറിയ നന്മകൾക്ക് വീഴ്ച വരുന്നതിനാൽ ആത്മീയ നേതൃത്വത്തിനുള്ള ഒരു വെല്ലുവിളിയും, കേരള സഭയിൽ ഐക്യവും വളർച്ചയും ആവശ്യമാണെന്ന് ഈ വൈദികർ ചിന്തിച്ചിരുന്നു.

1831 മെയ് 11-ാം തിയതി അന്ന് വരാപ്പുഴയിലെ അപ്പസ്റ്റോലിക്ക് വികാരിയായിരുന്ന മൗറേലിയൂസ് സ്തബലീനി മെത്രാന്റെ അനുവാദപ്രകാരം മാന്നാനം കുന്നിൽ അവർ ഒരു സന്യാസ ഭവനത്തിന് കൊടിനാട്ടി. അത്മായ സുഹൃത്തായ ജേക്കബ് കണിയാന്തറ ഇവരുടെ കുടെ ചേർന്നു. ഈ സമൂഹം അമലോത്ഭവ സംഘം എന്നറിയപ്പെട്ടു.

ചവറപിതാവ് ജീവിതവും കഴിവുകളും മറ്റുള്ളവർക്കായി നീക്കിവച്ച മഹത് വ്യക്തിത്വത്തിന്റെ ഉടമയാണ്. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അടിയുറച്ചതായിരുന്നു ചാവറപിതാവിന്റെ ജീവിതം. അദ്ദേഹത്തിന്റെ ദൈവൈക്യ ജീവിതവും പ്രാർത്ഥനാ ജീവിതവും സഭാ സ്നേഹവും ദീർഘവീക്ഷണവും പ്രവർത്തനങ്ങളുമെല്ലാം ഭാരത സഭയക്ക് ജീവനും ശക്തിയും പ്രചോദനവും നല്ക്കുന്നതാണ്.

വിശുദ്ധ കുര്യാക്കോസ് ഏലിയാസ് പിതാവ് 1868 കാലഘട്ടങ്ങളിൽ ഇന്നും പ്രാധാന മർഹിക്കുന്ന നിർദ്ദേശങ്ങളും ഉപദേശങ്ങളും കുടുംബങ്ങളെ പഠിപ്പിച്ചിട്ടുണ്ട് കുടുബം സഭയിലും ലോകത്തും ഏറെ പ്രാധാന്യമർഹിക്കുന്നതാണ്.

വിശുദ്ധ ചാവറ പിതാവിന്റെ കുടുംബദർശനം സ്വർഗ്ഗസമാനമായിരുന്നു. ആ വീക്ഷണത്തിൽ നിന്നു കൊണ്ടാണ്

പിതാവ് പറയുന്നത് “ഒരു ക്രിസ്ത്യാനി കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നുവെന്ന് ” ജീവാതകാലം മുഴുവൻ തിരുക്കുടുംബ ഭക്തനായി ജീവിച്ച ചാവറ പിതാവ് എല്ലാ ക്രിസ്തീയ കുടുംബങ്ങളും തിരുക്കുടുംബ മാതൃകയിൽ ആകണമെന്നാഗ്രഹിച്ചു അതിനായി പ്രവർത്തിച്ചു. സ്വാർത്ഥതവെടിഞ്ഞ് ഓരോരുത്തരും മറ്റുള്ളവർക്കു വേണ്ടി ജീവിക്കാൻ തുടങ്ങുമ്പോഴാണ് ഒരു കുടുംബം അതിന്റെ പൂർണതയിൽ എത്തുന്നത്. പരസ്പര സ്നേഹത്തിലും ഐക്യത്തിലും കഴിഞ്ഞ തിരുക്കുടുംബസമാനമാകണം ക്രിസ്തീയ കുടുംബങ്ങൾ എന്നതായിരുന്നു വിശുദ്ധ ചാവറ പിതാവിന്റെ കുടുംബദർശനത്തിന്റെ കാതൽ.ധാർമ്മിക മൂല്യങ്ങളിൽ അടിയുറച്ച് ക്രിസ്തീയ വിശ്വസങ്ങളിൽ ബലപ്പെട്ടു ദൈവസംരക്ഷണയുടെ തണലിൽ പരസ്പര ഐക്യത്തോടും സഹവർത്തിത്വത്തോടും കൂടി കഴിയുന്നതായിരിക്കണം ക്രിസ്തീയ കുടുംബം എന്നതായിരുന്നു ചാവറ പിതാവിന്റെ കുടുംബദർശനം.

“ഒരു നല്ല അപ്പന്റെ ചാവരുള്” എന്ന കൈനകരിക്കാർക്കുള്ള സന്ദേശത്തിൽ പറയുന്നു “രക്തത്താലും സ്നേഹത്താലും ബന്ധിതരായിരിക്കുന്ന വ്യക്തികൾ കാരണവന്മാരോടും തമ്മിൽ തമ്മിലും അനുസരണത്തോടും ആദരവോടും പരസ്പര ഐക്യത്തിലും വർത്തിക്കണം ഒരോ വ്യക്തിയും തന്റെ ജീവിതാന്തസിനോടു നീതിപുലർത്തണം. എല്ലാ പ്രവർത്തന രംഗങ്ങളിലും നിത്യരക്ഷയെ ലക്ഷ്യം വച്ച് ജീവിക്കണം”.

അമ്മ കുടുംബത്തിൽ സാന്ത്വനമാകണം. കുടുംബത്തിൽ അമ്മമാർക്ക് പ്രമുഖ സ്ഥാനം ഉണ്ട്. മക്കളെ ശ്രദ്ധിക്കേണ്ടതും സൂക്ഷിക്കേണ്ടതും ഈ അമ്മമാരാണ്. അമ്മയുടെ വാത്സല്യം, സ്നേഹം, തിരുത്തൽ, ക്രിയാത്മകത, നന്മ കാണാന്നുള്ള മനോഭാവം ഇതെല്ലാം മക്കൾക്ക് ലഭിക്കണം. മക്കൾ വിവാഹപ്രായമാകുമ്പാൾ അമ്മമാർ അസ്വസ്ഥരാകാറുണ്ട്. ഉന്നത വിദ്യാഭ്യാസം, ഉയർന്ന ജോലി, നല്ല ശമ്പളം, ഇതെല്ലാം ഉള്ളവരെയാണ് ജീവിത പങ്കാളിയായി മക്കൾക്ക് അമ്മമാർ കാണുക. മക്കളുടെ മനസ്സ് എവിടെയാണ്, ആലോചിക്കുന്ന വിവാഹബന്ധം ഇഷ്ടപ്പെടുമോ എന്നെല്ലാം ചിന്തിക്കുന്ന അമ്മമാർ ഉണ്ട്. ഇപ്പോൾ വിവാഹം

വേണ്ടായെന്ന് പറയുന്ന മക്കൾ കുടുംബത്തിൽ ഉണ്ടാകുമ്പോൾ അമ്മമാർക്ക് ഉത്തരമില്ല.

വിശുദ്ധ ചാവറ പിതാവ് അതിബുദ്ധിമാനായിരുന്നു; പ്രപഞ്ചത്തിലുള്ളവയെയും സ്വർഗ്ഗത്തിലുള്ളവയെയും ഒന്നിച്ചു ദർശിക്കുവാൻ കഴിയുമായിരുന്നു. അന്നത്തെ കുട്ടനാടൻ സംസ്കാരത്തിന്റെ പശ്ചാത്തലത്തിലാണ് പിതാവ് എഴുതി വെച്ചിരിക്കുന്നത്. വിവിധ വിഷയങ്ങളെക്കുറിച്ച് അഴത്തിൽ അറിവുണ്ടായിരുന്ന പിതാവ് എഴുതി "പൈതൽ പ്രായത്തിൽ കാരണവന്മാരുടെ കാഴ്ച്ചയിൽ നിന്ന് അകന്ന് കൂട്ടുകാരോടു കൂടി പൈതങ്ങൾ പുറത്ത് കളിപ്പാൻ പോകാൻ അനുവദിക്കരുത് " കുട്ടികളെ വളർത്തുന്ന കാര്യത്തിൽ അമ്മയുടെ ഉത്തരവാദിത്വം വലുതാണെന്ന് ഇതു വഴി പിതാവ് നമ്മെ ഉപദ്ദേശിക്കുകയാണ്.

പെൺകുട്ടികൾ മ്ലാനവദനരും അശ്രദ്ധരുമായി കാണപ്പെടുമ്പാൾ അമ്മയ്ക്കാണ് അവരുടെ ജീവിതത്തിലെക്ക് കടന്നുവരാൻ എളുപ്പം. മക്കളെ ചെറുപ്രായത്തിൽ എവിടെയെങ്കിലുമാക്കിയ ശേഷം സ്വതന്ത്രയാകാൻ ആഗ്രഹിക്കുന്ന അമ്മയക്ക് മക്കളുടെ സ്നേഹം തിരിച്ചുകിട്ടുവാൻ പ്രയാസമാണ്. കുഞ്ഞുന്നാളിൽ അമ്മയുടെ സാന്നിധ്യം അനുഭവിച്ചിരുന്ന കുട്ടി, കുറെക്കുടിവളർന്നു കഴിയുമ്പോൾ ജീവിതാനുഭവങ്ങളെ പങ്കിടാൻ ചിലപ്പോൾ ആരും ഇല്ലാത്ത അവസ്ഥയിലെത്തും. അവരുടെ മനസ്സിൽ അമ്മയെ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ ആകെ വിഷമത്തിലാകും. കുട്ടിക്കാലം മുതൽ എല്ലാം തുറന്നു പറയാൻ കഴിയുന്ന മക്കൾ പടിപടിയായി നല്ല ആത്മവിശ്വാസത്തിലും പൂർണതയിലും എത്തിചേരും. എന്നാൽ ഒറ്റപ്പെട്ടു കഴിയുമ്പാൾ അവർക്ക് ആരും ഇല്ലാതെ വരും. അങ്ങനെയുള്ള പെൺകുട്ടികൾ ഭർതൃഗ്രഹത്തിൽ ആ കുടംബാഗങ്ങളോടു കാരുണ്യപൂർവ്വം ഇടപെടാൻ കഴിയാതെ വരും. സ്നേഹത്തിൽ വളരുന്നവർക്ക് മാത്രമെ കരുണയുടെ അനുഭവം ഉണ്ടാകുകയുള്ളു. ഒറ്റപ്പെടലിൽ കരുണയില്ല. എല്ലാവരും ഒരാളെ മാറ്റി നിർത്തുമ്പോഴണല്ലോ ഒറ്റപ്പെട്ട അനുഭവം ഉണ്ടാക്കുന്നത്. അമ്മയോടു ചേർന്ന് നിന്ന് വളരുന്നവർ മറ്റൊരു ഭവനത്തിൽ എത്തുമ്പോൾ ഒത്തൊരുമിച്ച് പ്രവർത്തിക്കാനും മറ്റുള്ളവരെ കാരുണ്യമനസ്സോടെ

തിരിച്ചറിയുവാനും കഴിവുള്ളവരാക്കും. അമ്മ ഒരു സാമീപ്യമാണ്; ഒപ്പം സ്വാന്തനവും. അമ്മ അപ്പനെ ചൂണ്ടിക്കാണിച്ച് മക്കളെ വളർത്തണം. മക്കളുടെ ജീവിതത്തിൽ അപ്പൻ അവിഭാജ്യഘടകമാണെന്ന് അവരെ ബോധ്യപ്പെടുത്തണം. പ്രായമായിട്ടും വിവാഹം നടക്കാത്തവരും, നടന്നാൽ മക്കളില്ലാത്തവരും, ഒരു കുട്ടി മാത്രമുള്ളവരും ഇന്ന് ധാരാളം ഉണ്ട്. അക്ഷമതയും, സ്വാർത്ഥതയും, അഹങ്കാരവും, മാനസികസംഘർഷവും ഇവരിൽ കുടുതലായി കാണുന്നതു കൊണ്ടു അമ്മയുടെ കാരുണ്യം കുട്ടിക്ക് മനസ്സിലാക്കാൻ കഴിയുകയില്ല.

*“വീടല്ല, വീടെന്ന് പറയുന്നത്*
*വീട്ടമ്മയാണ് വീട്*
*വീട്ടമ്മയില്ലാത്ത വീടാകട്ടെ*
*കാടിനെക്കാൾ മോശമാണ്”*

എന്ന് പറഞ്ഞിട്ടുള്ളത് ഓർക്കുന്നു. സ്ത്രീയുടെ ശക്തിയെയും സാന്നിദ്ധ്യത്തെയും ബലപ്പെടുത്തുകയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. കുടുംബജീവിതത്തിന്റെ അടിത്തറ എവിടെയാണെന്ന് അന്വേഷിക്കുമ്പാൾ നമ്മുടെ അന്തർദർശനത്തിൽ വരുന്നത് സ്ത്രിയുടെ രൂപമാണ് സ്നേഹത്തിന്റെയും ശക്തിയുടെയും പര്യായമായ സ്ത്രീയുടെ രൂപമാണ് വിശുദ്ധ ചാവറ പിതാവിന്റെ കുടുംബദർശനത്തിൽ നാം കണ്ടെത്തുക. പുരുഷന്റെ യാഥാർത്ഥ്യം ഒരു സ്ത്രീയെ അശ്രയിച്ചാണ് ഭവനത്തിൽ കണ്ടെത്തുക. കൊളുത്തിവച്ച വിളക്കിൽ നിന്നുള്ള പ്രാകാശം മുറി മുഴുവനും, പിന്നെ വാതിൽ കടന്ന് പുറത്തേക്കും പരന്നൊഴുക്കുന്നു. സ്നേഹത്തിന്റെയും, വാത്സല്യത്തിന്റെയും, കരുണയുടെയും വലിയൊരു സൃഷ്ടിയായും, അതിന്നുള്ളിൽ സംതൃപ്തിയുടെയും, സ്വസ്ഥതയുടെയും മാധുര്യം രുചിക്കുവാൻ ഒരു സ്ത്രീക്ക് കഴിയുമെങ്കിൽ അവളൊരു കുടുംബത്തിന്റെ ഐശ്വര്യമായി. സുഭാഷിതം അവളെക്കുറിച്ച് പറയുന്നു “അവൾ രത്നങ്ങളെക്കാൾ അമൂല്യമാണ്, ദയാമസൃണമായ ഉപദേശം അവളുടെ നാവിലുണ്ട്, അലസതയുടെ അപ്പം അവൾ ഭക്ഷിക്കുന്നില്ല, അവളുടെ മക്കളും ഭർത്താവും അവളെ ഭാഗ്യവതിയെന്ന് വിളിക്കുന്നു” (സുഭാ. 31/10)

സ്നേഹം, കാരുണ്യം, വാത്സല്യം തുടങ്ങിയ ആർദ്രവികാരങ്ങളും, സൗന്ദര്യം, സൗശീല്യം, തുടങ്ങിയ ഭാവങ്ങളും സ്ത്രീത്വത്തിന്റെ ധനസമ്പത്താണ്. ഈ സമ്പത്താണ് സ്ത്രീകളുടെ ശക്തിയെന്ന് സ്ത്രീ ഓർത്തിരിക്കണം. ആഹ്ളാദഭരിതവും, ആദർശസുരഭിലവുമായ കുടുംബ ജീവിതം സ്ത്രീയക്ക് പുരുഷൻ നൽകുന്ന അംഗീകാരത്തെയും സ്വാതന്ത്ര്യത്തെയും ആശ്രയിച്ചിരിക്കുന്നു. ഹവ്വയെ കണ്ട ആദം ആഹ്ളാദഭരിതനായി പറഞ്ഞു "ഒടുവിൽ ഇതാ എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും" (ഉല്പത്തി. 2/23). ആദത്തിന് ഹവ്വയെക്കൂടാതെ ഇനി അസ്ഥിത്വമില്ല. സ്ത്രീയുടെ മഹത്വം കുടുംബത്തിൽ നിറഞ്ഞുനിന്നാൽ സ്നേഹത്തിന്റെയും, സൗഹൃദത്തിന്റെയും, സമാധാനത്തിന്റെയും ആലയമായി കുടുംബം മാറും.

അമ്മയുടെ പ്രാർത്ഥനയുടെയും അദ്ധ്യാത്മികതയുടെയും ചൈതന്യം ചെറുപ്പം മുതലെ വിശുദ്ധ ചാവറ പിതാവിന് ലഭിച്ചിരുന്നു. ഒരു നല്ല കുട്ടിക്കാലം പോലെ അനുഗ്രഹീതമായ മറ്റൊരുകാലം ജീവവിതത്തിൽ എടുത്ത് പറായാനില്ലല്ലൊ. കുട്ടികളെ എല്ലാവരും ഇഷ്ടപ്പെടുന്നത് അവരുടെ നിഷ്കളങ്കതയും നൈർമ്മല്യം നിറഞ്ഞ സ്വഭാവവുമാണ്. കുഞ്ഞുങ്ങളുടെ ജന്മദിനം നമുക്ക് സന്തോഷകരമാണ് കാരണം അവരുടെ മനസ്സിന്റെ പ്രസന്നത പുറത്തുകാണാൻ കഴിയും. വിശുദ്ധ മദർ തെരേസയും, വിശുദ്ധ ജോൺ പോൾ രാണ്ടാമൻ മാർപ്പാപ്പയും, ഫ്രാൻസീസ് മാർപ്പാപ്പയും വൃദ്ധ കരങ്ങളിലും കുഞ്ഞുങ്ങൾക്ക് സ്ഥാനമുണ്ടെന്ന് ലോകത്തെ അറിയിക്കുന്നു. നല്ല മുഖപ്രസാദമുള്ള കൊച്ചുകുര്യാക്കോസെന്ന വിശുദ്ധ ചാവറ പിതാവിനെ, പാലയ്ക്കൽ തോമാ മല്പാനച്ചൻ കൈനകരിയിൽ വച്ചു കണ്ട് പള്ളിപ്പുറം സെമിനാരിയിലേക്ക് കൊണ്ട് വന്നപ്പോൾ പത്തു വയസ്സ് മാത്രം പ്രായമുള്ള ഒരു കുട്ടിയായിരുന്നു.

ഇറ്റാലിയൻ മിഷ്നറിയായിരുന്ന ലെയോപ്പോൾദ് ബെക്കാറോ അച്ചൻ, വിശുദ്ധ ചാവറ പിതാവിന്റെ കുട്ടിക്കാലത്തെക്കുറിച്ച് എഴുതി "യാതൊരു ലോകവിചാരവും കുടാതെ പഠിത്തത്തിലും, ക്രമത്തിലും, ദൈവപേടിയിലും

ചാവറയച്ചൻ വിശേഷാൽ താല്പര്യമുള്ളവനായിരുന്നു.” എന്ന്.

സെമിനാരി പഠനത്തിനിടെ അപ്പനും അമ്മയും ഏക സഹോദരനും മരിച്ചു. കുടുംബം നഷ്ടപ്പെട്ടതിൽ, വേണ്ടപ്പെട്ടവർ മരിച്ചതിൽ വേദനിച്ച വിശുദ്ധ ചാവറ പിതാവ്, പ്രാർത്ഥനയുടെയും, ആദ്ധ്യാത്മികതയുടെയും ശക്തി വലുതാണെന്ന് അനുഭവം വഴി കാണിച്ചു.

“കാരണവന്മാരെ, മക്കളെ നാന്നായി വളർത്തുക ഏറ്റം പ്രധാനപ്പെട്ട കടമയാണെന്ന് ഓർത്തുകൊള്ളുക” യെന്ന് വിശുദ്ധൻ കൈനകരിയിലെ മാതാപിതാക്കൾക്ക് എഴുതി അറിയിച്ചു. മനുഷ്യ ജീവിതത്തിന്റെ എല്ലാ തലങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ദർശന ശക്തി വിശുദ്ധ ചാവറ പിതാവിന് ഉണ്ടായിരുന്നതു കൊണ്ടു യേശുവിന്റെ തിരുമുഖം ദർശിച്ച്, ദൈവാരൂപി നിറഞ്ഞ വ്യക്തിത്വത്തിന്റെ ഉടമായായ വിശുദ്ധ ചാവറ പിതാവ് മനുഷ്യർക്ക് ദൈവത്തിന്റെ കരുണനിറഞ്ഞ ദാനമായിരുന്നു.

വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ സ്കൂൾ വിദ്യാഭ്യാസം നടത്തിയത് മാന്നാനം സെന്റ് അലോഷ്യസ് ബോർഡിംഗിൻ താമസിച്ചു കൊണ്ടാണ്. കൈനകരിയിൽ ആദ്യമായി ഒരു ഉപവിശാലയുണ്ടാക്കി വഴിയോരപിച്ചക്കാരെ സംരക്ഷിക്കാൻ ജനങ്ങളോടു ഉപദേശിച്ച വിശുദ്ധ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ അനുയായികൾ മാന്നാനം ആശ്രമം കേന്ദ്രികരിച്ച് ചെയ്ത കാരുണ്യപ്രവർത്തികൾ നോക്കികണ്ട വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ വൈദികനായ ശേഷം ഈ കാരുണ്യപ്രവർത്തികൾ നടത്താൻ അഗ്രഹിച്ചു. അദ്ദേഹം ദരിദ്രരിലേക്കും അധഃകൃതരിലേക്കും ഇറങ്ങിചെന്ന് അവർക്കു വേണ്ടി ജീവിച്ചു. പാവപ്പെട്ടവരുടെ കുടുംബങ്ങളിലെക്ക് കടന്ന് ചെല്ലാനുള്ള കാരുണ്യ മനസ്സ് കാണിച്ചത് വിശുദ്ധ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ കുടുംബങ്ങളോടുള്ള സമീപനത്താൽ എഴുതിയ “ഒരു നല്ല അപ്പന്റെ ചാവരുളാണ്”. ഇത് അനുഷ്ഠിച്ച് പോന്ന പിൻതലമുറയുടെ ആത്മീയത ചെറുപ്പത്തിലേ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന് ലഭിച്ചിരുന്നു.

## അറിവിലൂടെ കാരുണ്യത്തിലേക്ക്

വിദ്യാദാന ശുശ്രൂഷകനായിരുന്നു വിശുദ്ധ ചാവാറ പിതാവ്.

വിദ്യാഭ്യസം കൊണ്ടുമാത്രമേ കുടുംബത്തെ വളർത്തുവാൻ കഴിയൂയെന്ന് വിശുദ്ധ ചാവാറ പിതാവ് വിശ്വസിച്ചിരുന്നു. 1846-ൽ കേരള കത്തോലിക്ക സഭയിൽ ആദ്യമായി ഒരു വിദ്യാലയത്തിന് മാന്നാനത്ത് അദ്ദേഹം തുടക്കമിട്ടു. വികാരി ജനറാൾ ആയപ്പോൾ അദ്ദേഹം ഇറക്കിയ സർക്കുലറിൽ പള്ളികളോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ നിർമ്മിക്കണമെന്നും അങ്ങനെ ചെയ്യാത്ത പള്ളികൾക്ക് അംശമുടക്ക് കല്പിക്കും എന്നും അറിയിച്ചു. അങ്ങനെ മാന്നാനത്തും, പുളിങ്കുന്നിലും, എടത്വയിലും, അർപ്പൂകരയിലും വിദ്യാലയങ്ങൾ സ്ഥാപിച്ചു. ഇന്ന് കേരളം സാക്ഷരതയിൽ മുൻപന്തിയിലാണെങ്കിൽ ഇതിന്റെ പ്രധാന കാരണം ചാവറ പിതാവിന്റെ അറിവിന്റെ ദാനങ്ങളോടുള്ള കരുണാർദ്രമായ പ്രവർത്തനങ്ങളാണ്. ദരിദ്രരായകുട്ടികളെ കണ്ടെത്തുക, അവർക്ക് പുസ്തകവും ഭക്ഷണവും വസ്ത്രവും സൗജന്യമായി നല്കി അവരോടൊപ്പമായിരിക്കുക വിശുദ്ധ ചാവറ പിതാവിന്റെ കരുണപൂർവ്വമായ വീക്ഷണമാണ്. വർഗ്ഗവിവേചനമുണ്ടായിരുന്ന കാലത്ത് താഴ്ന്ന വർഗ്ഗത്തിൽപെട്ടവരെ വളർത്തിയെടുക്കുവാനുണ്ടായിരുന്ന അദ്ദേഹത്തിന്റെ പരിശ്രമത്തിലൂടെ കരുണയുള്ള ഒരു ജീവിതത്തിന്റെ ഉടമയായിരുന്നു വിശുദ്ധനെന്നാണ് നാം മനസ്സിലാക്കേണ്ടത്. ഒരു നേരത്തെ ഭക്ഷണത്തിന് വകയില്ലാത്തവന് കൊടുക്കുക എന്നത് വലിയ നന്മയാണ്. ഒന്നര നൂറ്റാണ്ടിലേറെ മുൻപ് തന്നെ സ്കുൾ കുട്ടികൾക്ക് ഭക്ഷണം കൊടുക്കുന്ന രീതി വിശുദ്ധൻ നടപ്പിലാക്കി. പാവപ്പെട്ടവന് ഭക്ഷണം കൊടുക്കുന്ന കാരുണാശീലം വിവിധ രംഗങ്ങളിലുടെ ചാവറ പിതാവ് ആവിഷ്കരിക്കുകയും വളർത്തികൊണ്ടുവരുകയും ചെയ്തിട്ടുണ്ട്.

പൊതുവിദ്യാഭ്യസത്തിന്റെ കൂടെ ഭാവിയിൽ വൈദികരാകാൻ അഗ്രഹിക്കുന്നവർക്ക് നല്ല അറിവ് അവശ്യമാണെന്ന് മനസ്സിലാക്കി, ഇടവകകളോടാനുബന്ധിച്ച് അനൗപചാരിക വൈദിക പരിശിലനത്തിന്റെ പോരായ്മകൾ കണ്ടറിഞ്ഞ് വിദേശത്തുള്ള സെമിനാരികളെക്കുറിച്ച് പഠിച്ച ശേഷം മാന്നാനത്തും, എൽത്തുരുത്തിലും, വാഴക്കുള്ളത്തും വ്യവസ്ഥാപിതമായ രീതിയിൽ സെമിനാരികൾ ആരംഭിച്ചതും ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ

വലിയ ഒരു കാരുണ്യ പ്രവർത്തിയല്ലെ?

പെൺ പൈതങ്ങളുടെ വിദ്യാഭ്യാസത്തിന് വേണ്ടി ചാവറ പിതാവ് പ്രത്യേകം പരിശ്രമിച്ചിട്ടുണ്ട്. അതിനായി കുനമ്മാവിൽ എദുക്കന്താത്ത് എന്ന പേരിൽ ഒരു ബോർഡിംഗ് സ്കൂൾ ആരംഭിച്ചു. നന്മയുള്ള മനസ്സ് വളരുമ്പോൾ അത് കാരുണ്യമായല്ലൊ. അതു കൊണ്ടാണല്ലൊ ചാവറ പിതാവിന്റെ ആത്മാനുതാപമെന്ന കവിതയിൽ

*"കാരുണ്യ നാഥനാം ദൈവകുമാരന്റെ*
*ആരണ്യശോഭയെ കാണാകേണം"*

എന്ന് അദ്ദേഹം എഴുതിയത്.

കുട്ടികളിൽ കാരുണ്യശീലം ഉണ്ടാക്കുന്നതിന് വിശുദ്ധ കുര്യാക്കോസ് ഏലിയാസ് പിതാവ് ഉപദേശിച്ചു "അവർക്ക് (കുട്ടികൾക്ക്) അല്പം ദൃഢത ഉണ്ടാകുമ്പോൾ തന്നെ ഭക്തിയോടുകൂടെ ഈശോ മറിയം യൗസേപ്പ് എന്ന തിരുനാമങ്ങളെ ചൊല്ലുവാൻ പഠിപ്പിക്കുവിൻ"

മനുഷ്യ ജീവിതത്തിന്റെ എല്ലാ രംഗങ്ങളെക്കുറിച്ചും നല്ല വിജ്ഞാനമുണ്ടായിരുന്ന ഒരു വ്യക്തിയായിരുന്നു ചാവറ പിതാവ്. കുടുംബവും കുടുംബ ജീവിതവും ആത്മീയമാക്കുവാനും അനുഗ്രഹീതമാക്കുവാനും നിരന്തരം പരിശ്രമിച്ച വിജ്ഞാനസമ്പന്നനായിരുന്ന ചാവറ പിതാവ് എഴുതി "ചെറുപ്പത്തിൽ തന്നെ മക്കളെ നല്ല ക്രിസ്ത്യാനികളാക്കുവിൻ" ദൈവത്തെ സ്നേഹിക്കുകയും പേടിക്കുകയും ചെയ്യുന്ന മക്കളാകണം.

1805 മുതൽ 1871 വരെയുള്ള 66 വർഷക്കാലം കേരളക്കരയുടെ ഭാഗ്യജാതകം പോലെ ജീവിച്ച ചാവറ പിതാവ് മുഖ്യമായും അദ്ധ്യാത്മിക ജീവിതത്തിലാണ് അനശ്വരനായിത്തീർന്നിട്ടുള്ളത്. ഭാരതത്തിൽ ആദ്യമായി ഒരു സന്യാസസഭ സ്ഥാപിക്കുകയും ആ സന്യാസസഭയെ നവോത്ഥാനത്തിന്റെ മാധ്യമമാക്കുകയും ചെയ്തു എന്നുള്ളത് ആ വിശുദ്ധാത്മാവിന്റെ ആത്മീയ ശക്തിക്ക് ഏറ്റവും മികച്ച തെളിവാകുന്നു. ഉപവിശാല അഥവാ സാധുസേവന മന്ദിരം അധഃകൃത ഉദ്ധാരണമെന്ന ഒരു വലിയ വിപ്ലവം തന്നെയായിരുന്നു ചാവറ പിതാവിന്റെ വീക്ഷണത്തിൽ. വഴി അറിയാതെ

അലയുന്നവർക്കും ലക്ഷ്യമറിയാതെ ചുറ്റുന്നവർക്കും നക്ഷത്രമാകുന്ന ചാവറ പിതാവ് വഴിയും ലക്ഷ്യവും കാട്ടികൊടുത്ത് സമാശ്വസമരുളിയത് പിതാവിൽ നിറഞ്ഞുനിന്ന കരുണയുടെ മുഖം തന്നെയാണ്.

## കാരുണ്യം വളർത്തുന്ന വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിലുടെ മാത്രമെ ശാന്തിയും സമാധനവും ലോകത്തിലുണ്ടാകുവാൻ കഴിയുകയുള്ളുയെന്ന് ചാവറ പിതാവ് അറിഞ്ഞിരുന്നു. ദൈവത്തെ അറിയുവാനും മനുഷ്യനെ മനസ്സിലാക്കുവാനും വിദ്യാഭ്യാസം കൊണ്ടു സാധിക്കുമെന്ന് പിതാവിന്റെ ധ്യാനചിന്ത തെളിയിച്ചു.

സമാധാനത്തിനുള്ള 2004-ലെ നോബൽ സമ്മാന ജേതാവായ കെനിയൻ സ്ത്രീ ആയ വങ്കാരി മുത്താ മാഥായി പറഞ്ഞു "എന്നെ ഞാനാക്കിയത് കത്തോലിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്" എന്ന്. ആ നിലക്ക് കേരളത്തിലെ ബഹുഭുരിപക്ഷം ജനങ്ങളും വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനോടു കടപ്പെട്ടിരിക്കുന്നു. പള്ളിക്കുടം എന്ന പേര് ആദ്യം ഉച്ചരിച്ചത് വിശുദ്ധ ചാവറ പിതാവാണ്. വിജ്ഞാനം എല്ലാവർക്കും നല്കുന്നത് ഒരു വലിയ കാരുണ്യപ്രവർത്തിയാണെന്ന് മനസ്സിലാക്കിയ വിശുദ്ധ ചാവറ കുര്യാക്കോസ് പിതാവിന്റെ കല്പനയായിരുന്നു "പള്ളിയുള്ളിടത്തെല്ലാം പള്ളിക്കുടം സ്ഥാപിക്കണം" എന്നത്.

തീണ്ടൽ തൊടീൽ അതിവ ശക്തമായിരുന്ന കാലത്ത്, ഉണ്ടായിരുന്ന ചുരുക്കം ചില സംസ്കൃത വിദ്യാലയങ്ങളുടെ സമീപത്ത് വരുവാൻ താഴ്ന്ന വർഗ്ഗത്തിൽപെട്ടവർക്കു അവകാശം നിഷേധിച്ചിരുന്ന അവസരത്തിൽ, 1846-ൽ മാന്നാന്നത്തു ഒരു സംസ്കൃത വിദ്യാലയം അദ്ദേഹം ആരംഭിച്ചു.

കുടുംബാംഗങ്ങൾ തമ്മിൽ നിസ്വാർത്ഥമായ സ്നേഹം ഉണ്ടെങ്കിൽ അവിടെ ഐക്യവും ആദരവും ഉണ്ടാകും. സ്വജീവൻ തൃജിച്ച് മനുഷ്യവർഗ്ഗത്തെ മോചിപ്പിച്ച ക്രിസ്തുവിന്റെ മാതൃക പിൻതുടരേണ്ടവരാണ് നമ്മൾ. സ്നേഹം ത്യാഗപൂർണമായ ജീവിതം കൊണ്ടു മാത്രമേ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ

സാധിക്കുകയുള്ളു. ത്യാഗപൂർണമായ ജീവിതത്തിനാവശ്യമായ ശക്തി ലഭിക്കേണ്ടത് വിദ്യാഭ്യാസത്തിലുടെയാണ്.

വിശുദ്ധ ചാവറ പിതാവ് മാതാപിതാക്കളുടെ ഈ ഉത്തരവാദിത്വം അവിടുന്ന് എഴുതിയ ചാവരുളിലുടെ നമ്മെ ഓർമ്മപ്പെടുത്തുകയാണ് ഈ വാചകങ്ങളിലൂടെ "മാതാപിതാക്കളേ, മക്കളെ വളർത്തുന്ന കാര്യം നിങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട കടമയും ഉത്തരവാദിത്വവുമാണെന്ന് നന്നായി ഓർത്തുകൊള്ളുവിൻ. നിങ്ങളാൽ സൂക്ഷിക്കപ്പെടുന്നതിനായി സർവ്വേശ്വരൻ തമ്പുരാൻ നിങ്ങളുടെ കയ്യിൽ തന്നിരിക്കുന്ന നിക്ഷേപങ്ങളാണ് മക്കൾ. തന്റെ തിരുരക്തത്താൽ വിശുദ്ധികരിക്കുന്നതിനും, ദൈവശുശ്രൂഷികളാക്കുന്നതിനും, വിധിദിവസത്തിൽ തിരിചേല്പ്പിക്കുന്നതിനുമായി, ഈശോമിശിഹാ നിങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ആത്മാവുകളാണ് മക്കൾ"

ആത്മീയ ജീവിതത്തിനും ലോകം മുഴുവന്റെയും നന്മയ്ക്കും വേണ്ടി ജീവിക്കുന്നവരുടെ ബന്ധുത തിരഞ്ഞെടുത്ത് യേശുവിനോടു ഒത്തുചേർന്ന് നില്ക്കുന്ന കുടുംബങ്ങൾക്ക് കരുണയുടെ മനസ്സുണ്ടാകും. അവർക്ക് മറ്റുള്ളവരോടു ദയ തോന്നുകയും ചെയ്യും.

ആത്മാനുതാപത്തിൽ വിശുദ്ധ ചാവറ പിതാവ് എഴുതിയത് ഈ ദയയെ മനസ്സിൽ നിറച്ചു കൊണ്ടാണ്.

*"ആദിനായകനായ സർവ്വേശ്വരൻ*
*ആദത്തിൻ സുതനായിച്ചമ്ച്ചെന്നെയും*
*ആയതിനെന്തു കാരണം ദൈവമെ*
*ആദ്യഹീനനാം നിന്റെ ദയ തന്നെ"*

കുടുംബത്തെക്കുറിച്ച് ഓർക്കുമ്പാൾ ഒരു കുഞ്ഞിന്റെ ശബ്ദത്തെ കാതോർക്കാം. വൈവിധ്യങ്ങൾക്കുപരിയായി സ്ത്രീ-പുരുഷ സ്നേഹത്തിൽ കുടുംബത്തിന്റെ അടിത്തറപാകുന്നു. ഈ ഐക്യത്തിൽ അപരിമേയമായ ദൈവീകത വളർന്നു വരും. ലോകത്തിൽ ഇന്ന് അനൈക്യത്തിന്റെ സ്വരം കേൾക്കുന്നുണ്ടെങ്കിൽ കാരണം കുടുംബബന്ധങ്ങളില്ലെന്നുള്ളതാണ്. മാനസികവും, ആത്മീകവും, വൈകാരികവുമായ പൊരുത്തതിലും, പരസ്പര അംഗീകാരത്തിലും പ്രതിഫലിക്കേണ്ട വിട്ടുവിഴ്ച്ചാമനോഭാവം

ഉണ്ടാകുമ്പാൾ കുടുംബം ഒരു ആത്മവിദ്യാലയമാകുകയാണ്. ഗുരുഭൂതരെ പോലെയുള്ള അച്ചനും അമ്മയും ഒരേ ഹൃദയത്തോടെ മക്കൾക്കായി അധ്വാനിക്കുമ്പോൾ മക്കൾ വിയർപ്പിന്റെ വിലയറിയും. പിഞ്ചിളം നാവിൽ ദൈവനാമം കുറിക്കുമ്പാൾ ദൈവവും മനുഷ്യനും തമ്മിൽ ഊഷ്മള ബന്ധം അവർ അനുഭവിക്കും. അമ്മയുടെ ഉദരത്തിൽ ജീവന്റെ തുടിപ്പായി മാറിയത് ദൈവസ്നേഹമാണെന്ന ബോധം അവരെ വിജ്ഞനികളാക്കും.

വിശുദ്ധ ചാവറ പിതാവിന്റെ വാക്കുകൾ ഇവിടെ അർത്ഥവത്താണ് "നിങ്ങളുടെ വാർദ്ധകൃത്തിൽ നിങ്ങളെ സംരക്ഷിക്കുവാനും അശ്വസിപ്പിക്കാനും നല്ല മക്കൾ നിങ്ങൾക്കുണ്ടാകണമെങ്കിൽ അവരെ നല്ല ക്രിസ്ത്യാനികളായി വളർത്തുവിൻ"

കരുണയുടെ പാഠങ്ങൾ കുഞ്ഞുങ്ങൾ കുടുംബത്തിൽ നിന്ന് പഠിക്കണം. മക്കൾ തമ്മിലുള്ള മാത്സര്യങ്ങളിൽ കരുണയെ അല്ല അവർ മനസ്സിലാക്കുക, മറിച്ച് ശത്രുത ആരംഭിക്കുകയാണ്. മക്കൾ കരുണാശിലം ഉള്ളവരായിത്തീരുകയെന്നതാണ് കുടുംബത്തിന്റെ ഐശ്വര്യം.

ഇതുകൊണ്ടാണ് വിശുദ്ധ ചാവറ പിതാവ് എഴുതിയ ആത്മാനുതാപം എന്ന കവിതയിൽ നാം കാണുന്നത്:

*"കരുണാകരനായ സർവ്വേശ്വരാ!*
*കരകാണാത്ത കൃപയിൻ ദൈവമേ,*
*കാരുണ്യമോടെയക്കാലമെന്നെ നീ*
*കരുതിനന്നായി സ്മരിച്ചു രക്ഷിച്ചല്ലോ.*

*കാരുണ്യൻ നിന്റെ കരുണഹേതുവാൽ*
*കാരണപാപതോയീമാം സ്നാനത്താൽ*
*കാരുണ്യദയയും ശേഷം ഗുണങ്ങളും*
*കാലേയം പോക്കി നൽകിയതു കാലം"*

കുടുംബം ദൈവസ്നേഹത്തിന്റെ ഉറവിടമാണ്. കല്ലും, സിമന്റും, കമ്പിയും, മരവും ഉപയോഗിച്ച് വീട് നിർമ്മിക്കാമെങ്കിലും കുടുംബം ഹൃദയങ്ങളുടെ ഐക്യത്തിൽ മാത്രമേ നിർമ്മിക്കാൻ സാധിക്കുകയുള്ളു. പരസ്പര സ്നേഹത്തിന്റെ ഏറ്റം ശക്തമായ

സമർപ്പണമാണ് കുടുംബം. അത് വിശ്വാസത്തിന്റെ ആകെ തുകയാകണം. അതായത് പരസ്പര വിശ്വാസവും ദൈവവിശ്വാസവും ഒത്തുചേർന്ന് പ്രവർത്തിക്കുന്ന വേദിയാണ് കുടുംബം ഒരു പരിചയവുമില്ലാത്ത പുരുഷനും സ്ത്രീയും എടുക്കുന്ന തീരുമാനം, ഒരു ജീവിതം മുഴുവൻ ഒരുമിച്ച് ജീവിച്ച് ദൈവത്തിന്റെ കരുണാദ്രമായ ഇടപെടലിലൂടെ ആ ജീവിതം വിജയിപ്പിക്കുവാനും ഐശ്വര്യം നിറഞ്ഞ തലമുറയെ വളർത്തിയെടുക്കുവാനും കുടുംബത്തിൻ കാരണമാക്കുന്നു. വഞ്ചനയോ, ധനമോഹമോ, അഹംഭാവമോ ഇല്ലാത്ത സമത്വത്തിന്റെ അനുഭവം ഭാര്യാഭർത്താക്കന്മാർക്കുണ്ടാകണം. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും ആഗ്രഹിക്കുന്നവരാകണം ഭാര്യഭർത്താക്കന്മാർ. ഇതിന്റെ ആദ്ധ്യാത്മികമായ വശം, എനിക്ക് സ്നേഹിക്കുവാൻ ഒരു ഭർത്താവ് എന്ന് ചിന്തിക്കുന്ന ഭാര്യയും, എനിക്ക് സ്നേഹിക്കുവാൻ ഒരു ഭാര്യ എന്ന് ചിന്തിക്കുന്ന ഭർത്താവും ജീവിതത്തിന്റെ വിവിധങ്ങളായ വേദികളിൽ യഥാർത്ഥ ക്രിസ്തീയതയുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നവർ ആയിത്തിരും. അങ്ങനെ പരസ്പരം ഭാരങ്ങൾ വഹിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും നാം മറക്കുകയില്ല. ഭാര്യക്ക് ഏറ്റവും വലിയ സമ്പത്ത് ഭർത്താവും, ഭർത്താവിന് ഭാര്യയും ആകുമ്പോൾ കുടുംബം ഐശ്വര്യം ഉള്ളതായിതീരും.

വിശുദ്ധ കുര്യാക്കോസ് ഏലിയാസ് പിതാവ് ഒരു നല്ല അപ്പന്റെ ചാവരുളിൽ പറയുന്നത് ഇങ്ങനെയാണ് "ഒരു കുടുംബത്തിന്റെ പ്രധാന സമ്പത്ത് ദൈവഭയവും ഭക്തിയുമാണ്. ഇത്തരം തറവാട് ഈ ലോകത്തിലും പരലോകത്തിലും ദൈവാനുഗ്രഹത്തിന്റെ ഫലം അനുഭവിക്കും. ദൂഷണവും ദുർവാക്കും കാർമേഘം പോലെ നല്ല കുടുംബത്തിന്റെ വെളിച്ചത്തെ ഇരുട്ടാക്കുന്നു."

കുടുംബത്തിലെ സകല അവശ്യങ്ങളും പ്രശ്നങ്ങളും മനസ്സിലാക്കിയ ചാവറ പിതാവിന്റെ ചൈതന്യം സ്വീകരിച്ച് വേണം നാം പ്രവർത്തിക്കുവാൻ. വഴക്കുള്ള തറവാടിനേയും, പകരം വീട്ടുന്ന കുടുംബങ്ങളെയും, പരദൂഷണമുള്ള അടുക്കളയേയും വിലയിരുത്തി

കലഹിക്കാതെ കഴിയാനും, സമാധാനമായിരിക്കാനും, ക്ഷമിക്കുവാനും ചാവറ പിതാവ് പഠിപ്പിക്കുമ്പോൾ നല്ല വിവാഹ ബന്ധങ്ങൾ സ്ഥാപിക്കാൻ വരും തലമുറയക്ക് കഴിയണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. "നല്ല ക്രിസ്ത്യാനി കുടുംബം ആകാശ മോക്ഷത്തിന്റെ സദൃശമാകുന്നു. കുടുംബം എന്നാൽ രക്തത്താലും സ്നേഹത്താലും ബന്ധപ്പെട്ടവർ കാരണവന്മാരോടു ബഹുമാനവും വിധേയത്വവും പുലർത്തി, തമ്പുരാനോടും മനുഷ്യരോടും സമാധാനത്തിൽ വർത്തിച്ച് അവരവരുടെ അന്തസ്സിനനുസരിച്ച് നിത്യരക്ഷ പ്രാപിക്കുന്നതിന് പ്രയത്നം ചെയത് ഒരുമിച്ച് ജീവിക്കുന്നതാകുന്നു"

കുടുംബത്തിന്റെ ഭദ്രത സമൂഹത്തിന്റെ ശരിയായ വളർച്ചക്ക് അത്യന്താപേക്ഷിതമാണെന്ന് ചാവറ പിതാവ് നന്നായി മനസ്സിലാക്കിയിരുന്നു. കുടുംബത്തിലധിഷ്ഠിതമായ ജീവിതനവീകരണത്തിന് കേരള സഭയിൽ പിതാവ് തുടക്കം കുറിച്ചു.

കുടുംബം പിതാവിന്റെ രാജ്യമാണ്, മാതാവിന്റെ ലോകമാണ്, മക്കളുടെ പറുദീസയാണ്. ഇപ്രകാരമുള്ള കുടുംബത്തിന്റെ സന്തോഷം സ്നേഹമായിരിക്കണം, നിയമം സേവനമായിരിക്കണം, സുരക്ഷിതത്വം അംഗങ്ങളുടെ വിശ്വസ്തതയായിരിക്കണം. ഇവിടെ മാത്രമേ കാരുണ്യം ഉള്ള ഹൃദയം ഉണ്ടാകുകയുള്ളു, കാരുണ്യ പ്രവർത്തികളുണ്ടാകുകയുള്ളു. ഇതിന് ഉള്ള് തുറന്ന് മറ്റുള്ളവരെ കാണണം ഉള്ളുകൊണ്ട് മറ്റുള്ളവരെ കാണാത്തതു കൊണ്ട് മനംനൊന്ത് ജീവിക്കാൻ വിധിക്കപ്പെട്ടവർ നമ്മുക്ക് ചുറ്റും ഉണ്ട്.

ജീവിതത്തിൽ നൊമ്പരപ്പെടുത്തുന്ന അനുഭവങ്ങൾ മറ്റുള്ളവർ നല്കുമ്പോൾ ദേഷ്യമോ, കുറ്റപ്പെടുത്തലൊ, പരിഭവമൊ ഒന്നുമില്ലാതെ അവർക്കെല്ലാം ദൈവത്തിന്റെ മുഖം കാണിച്ചുകൊടുക്കുവാൻ നമ്മുക്ക് കഴിയുമ്പോൾ അത് അവർക്കും നമുക്കും കരുണയായി തീരും.

ഇത് കൊണ്ടാണ് ചാവറ പിതാവ് എഴുതിയത്:-

*"കാരുണ്യ നാഥനാം ദൈവകുമാരന്റെ*
*ആരണ്യശോഭയെ കാണാകേണം"*

# കൂനാമ്മാവിൽ നിന്നും വാരാപ്പുഴ വരേ

Fr. John Gallus Cheruparambil CMI

1861 ൽ കേരളകത്തോലിക്കാ സുറിയാനി സഭയെ വിഴുങ്ങാൻ ആരംഭിച്ച ഒരു ശിശ്മയാണ് റോക്കോസ് ശിശ്മ. ഈ ശിശ്മയെ നേരിടുന്നതിന് വരാപ്പുഴ മെത്രപ്പോലിത്ത നമ്മുടെ പിതാവ് വി. ചാവറ കുര്യാക്കോസച്ചനെ സുറിയാനിക്കാരുടെ വികാരി ജനറാളായി നിയമിച്ചു. റോക്കോസ് മെത്രനെപ്പറ്റിയുള്ള ശരിയായ വിവരങ്ങൾ മനഃസ്സിലാക്കുന്നതിന് ചാവറ പിതാവ് 1861 ആഗസറ്റ് 21-ാം തിയതി പരിശുദ്ധ പിതാവ് ഒൻപതാം പിയുസ് മാർപ്പാപ്പയക്ക് നേരിട്ട് എഴുതുകയും 1861 സെപറ്റംബർ 5ാം തിയതി വെച്ച് മാർപ്പാപ്പയുടെ മറുപടിക്കത്ത് ലഭിക്കുകയും ചെയ്തു. കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയ വി. പിതാവിന്റെ പരിശ്രമഫലമായി റോക്കോസിനെ 1862ൽ ബാബേലിലേയക്ക് മടക്കി അയക്കുന്നതിനു സാധിച്ചു.

എന്നാൽ നമ്മുടെ സുറിയാനി ജനതയ്ക്കു സ്വന്തമായി ഒരു മെത്രാനില്ലാ എന്ന അവസ്ഥയ്ക്കു ഒരു പരിഹാരം ഉണ്ടായില്ല. അതിനാൽ 1869ൽ വി. ചാവറ പിതാവ് പ്രൊപ്പഗാന്ത തിരുസംഘത്തിലെ പ്രീഫെക്ടിന് എഴുതി... "അതു കൊണ്ട് അത്യുന്നത തിരുമേനി, നല്ലതെന്ന് എനിയ്ക്കു തോന്നുന്ന ഒരു സംഗതി അറിയിക്കുകയാണ്. ഇവിടെ രണ്ട് മെത്രാന്മാർ ഉണ്ടാകുന്നത് വളരെ നല്ലാതാണ് ഒന്ന് ലത്തിൻ സഭയ്ക്കും മറ്റേത് സുറിയാനി സഭയ്ക്കും. ഇങ്ങനെ സ്വന്തം മെത്രാൻ ഇല്ലന്നുള്ള ആകുലചിന്ത ഇല്ലാതാകും. അങ്ങനെ ബാബേലുമായുള്ള ബന്ധം ഇല്ലാതാകും".

പത്തു കൊല്ലം കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ ഒരു നടപടിയും കാണാത്തതിനാൽ നമ്മുടെ സഭയിലെ "എഴുവ്യാകുലങ്ങൾ" എന്നറിയപ്പെടുന്ന വൈദികശ്രേഷ്ഠന്മാർ ഒരുമിച്ചു കൂടി ആലോചിച്ചു മാർപ്പാപ്പയ്ക്കു പരാതി നൽകി (മാർപ്പാപ്പയ്ക്ക കത്ത് എഴുതിയത് മന്നാനത്തെ പ്രധാന അൾത്താരയാലെ കുർബാന കല്ലിന്റെ മുകളിൽ വെച്ചാണ് എന്നും കേട്ടിട്ടുണ്ട്). പാറപ്പുറത്ത് വർക്കിയച്ചനും, മൂത്തേലി തോമാച്ചനും മാർപ്പാപ്പയ്ക്കു എഴുതിയതിന്

എഴുവ്യാകുലങ്ങളോട് സഹകരിച്ചതിനാൽ സഭയിൽ നിന്നു ബഹിഷ്കരണത്തിനുള്ള കത്തുകൾ ലഭിച്ചു. പക്ഷെ അവരെ പുറത്താക്കുന്നതിന് മുമ്പ് സഭയിൽ നിന്ന് ആരെയും ഇക്കാരണത്താൽ പുറത്താക്കരുതെന്നുള്ള കമ്പിസന്ദേശം വരാപ്പുഴ മെത്രാപ്പോലിത്തയ്ക്കു ലഭിച്ചു. വി. ചാവറ പിതാവിന്റെ മരണശേഷം കൂനമ്മാവ് മഠത്തെ നയിച്ചതും വളർത്തിയതും ലെയോപ്പോൾദച്ചനായിരുന്നല്ലോ. എതദ്ദേശിയ മെത്രാന്മാർക്ക് വേണ്ടിയുള്ള ചരിത്രശ്രമങ്ങളിൽ ലെയോപ്പോൾദച്ചൻ സഹകരിച്ചു എന്നു മെത്രാപ്പോലിത്തയ്ക്കു സംശയം ഉണ്ടായിരുന്നതിനാൽ അദ്ദേഹത്തിനു കൊടുത്തിരുന്ന പല ഉദ്യോഗങ്ങളും സ്ഥാനമാനങ്ങളും പിൻവലിക്കുകയും, അവസാനം മഠത്തിലെ പുതുസന്യാസികളുടെ ചുമതലയിൽ നിന്നു പുർണമായി മാറ്റുകയും അവരോടു സംസാരിക്കുക പോലും കഠിനമായി മുടക്കുകയും ചെയ്തു. ഏതാനം മാസക്കാലം വരാപ്പുഴയിലെ മൂന്നാം നിലയിലെ ആരും കയറിചെല്ലാത്ത ഒരു മുറിയിൽ പാറാവിൽ എന്നപോലെ താമസിപ്പിക്കുകയും ചെയ്തു. 1876 ജനുവരി ഒന്നാം തിയതി ലെയോപ്പോൾദച്ചനെ ഇറ്റലിയ്ക്കു തിരികെ അയച്ചതും വരാപ്പുഴ അധികാരികളാണ്. ഇറ്റലിയിൽ ചെന്നശേഷവും പുതുസന്യാസികൾക്ക് എഴുത്തയക്കുന്നതിന് ലെയോപ്പോൾദച്ചന് അനുവാദം ഇല്ലായിരുന്നു.

1876 ജനുവരി 2-ാം തിയതി മുതൽ കന്യാസ്ത്രികളുടെ ചുമതല ഫിലിപ്പ് മിഷ്നറിയ്ക്കായിരുന്നു. കന്യാസ്ത്രികൾ സ്വന്തം മെത്രാനു വേണ്ടിയുള്ള ചരിത്രശ്രമങ്ങിൽ സി.എം.ഐ. വൈദികരോടു സഹകരിച്ചതിനാൽ ഫിലിപ്പോസ് മിഷ്നറി കന്യാസ്ത്രികളെ കുറ്റപ്പെടുത്തുകയും അവരോടു വിരോധവും രസക്കേടും കാണിയ്ക്കുകയും ചെയ്തു.

1889 ജൂൺ 16-ാം തിയതി തൃശൂർ വികാരി അപ്പസതോലിക്ക് മോൺ. മേഡലിക്കോട്ടിതിന് കുനമ്മാവിലെ കന്യാസ്ത്രികൾ എഴുതി "ഞങ്ങളുടെ നടത്തുകാരനായ പെ. ബ. ഫിലിപ്പോസ് അച്ചന് ഞങ്ങളുടെ നേരെ വിരോധവും രസകേടുമാണ്. ഞങ്ങൾക്കു ആത്മീയ ആശ്വാസം തരേണ്ട കുമ്പസാരക്കരാനാണല്ലോ അദ്ദേഹം. ഈ ആശ്വാസം ലഭിക്കുന്നതിന് മറ്റൊരു കുമ്പസാരക്കരനെ

ഞങ്ങൾക്കു കല്പിച്ച് തരണം”. കന്യാസ്ത്രികളുടെ ബുദ്ധിമുട്ടുമനസ്സിലാക്കിയ മെത്രാനച്ചൻ സി.എം.ഐ ക്കാരായ വൈദികരെ മഠം വക ബംഗ്ളാവിൽ താമസിക്കുന്നതിനും കുമ്പസാരം കേൾക്കുന്നതിനും അനുവാദം കൊടുത്തു.

1888 വരെ ഇരു റീത്തുകളിലുംപെട്ട സന്യാസികൾ ഒരു കുടുംബത്തിലെപ്പോലെ ഐക്യത്തിലും സേനഹത്തിലുമാണ് കഴിഞ്ഞിരുന്നതെന്ന് വരാപ്പുഴ മെത്രാപ്പോലിത്ത പ്രൊപ്പഗന്തയ്ക്കു എഴുതി അറിയിക്കുന്നുണ്ട്.

1899ൽ സുറിയാനിക്കാർക്കായി രണ്ടു രൂപതകൾ സ്ഥാപിതനായതോടെ കുനമ്മാവ് മഠം തൃശൂർ വികാരിയത്തിലായി. എന്നാൽ ഈ മഠം ലത്തിൻ റീത്തിൽപെട്ട നാല് കന്യകമാർ അവരിൽ ഒരാളുടെ സ്ഥലത്താണ് മഠം സ്ഥാപിച്ചതെന്നും അതിനാൽ മഠം വരാപ്പുഴ രൂപതയുടെ കീഴിലായിരിക്കണമെന്നും കാണിച്ച് 1888 നവംബർ 22-ാം തിയതി വരാപ്പുഴ മെത്രാപ്പോലിത്ത റോമിലെ പ്രൊപ്പഗന്ത തിരുസംഘത്തിനു എഴുതി (അക്കാലത്ത് കന്യാസ്ത്രികൾ താമസിച്ചിരുന്നത് സി.എം.ഐ. വൈദികർ കൊടുത്ത സ്ഥലത്ത് സുറിയാനി വൈദികരിൽ നിന്നു ദാനമായി കിട്ടിയ 8000 രൂപ കൊണ്ട് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ പണിയിച്ച രണ്ട് നില കെട്ടിടത്തിലായിരുന്നു). പ്രൊപ്പഗാന്ത തിരുസംഘം വരാപ്പുഴ മെത്രാപ്പോലിത്തയുടെ അവകാശവാദങ്ങൾ പഠിക്കുന്നതിനായി ഈ എഴുത്ത് ഇൻഡ്യയിലെ ദലഗാദ് അപ്പസതോലിക്ക് അന്ത്രയോസ് അയൂത്തിക്ക് അയച്ചു കൊടുത്തു. അയൂത്തി ഈ എഴുത്ത് തൃശൂർ, വരാപ്പുഴ മെത്രാൻമാർക്ക് അയച്ചു കൊടുത്തു കൊണ്ട് പ്രതികരണം അവശ്യപ്പെട്ടു. രണ്ടുപേരും തങ്ങളുടെ അവകാശങ്ങൾ സ്ഥിരീകരച്ചു കൊണ്ടുള്ള കാരണങ്ങൾ നിരത്തി മറുപടി നൽകി രണ്ടു കൂട്ടർക്കും സ്വീകാര്യമായ മറുപടി കൊടുക്കുക പ്രയാസമെന്നുകാണിച്ച് അയൂത്തി പ്രൊപ്പഗാന്തയ്ക്കു മറുപടി കൊടുത്തു. പ്രൊപ്പഗാന്ത തിരുസംഘത്തിലെ കർദ്ദിനാളന്മാരുടെ പൊതുയോഗത്തിൽ കാര്യങ്ങളും, അവകാശവാദങ്ങളും വിശദമായി ചർച്ച ചെയ്തു മഠം തൃശൂർ വികാരിയാത്തിൽ ആയിരിക്കണമെന്ന് തിർച്ചചെയ്തു. ഇരു റിത്തിൽപ്പെട്ടരെ ഈ മഠത്തിൽ സ്വീകരിക്കണമെന്നും

മുൽനടത്തിപ്പുകൾക്ക് യാതൊരു മാറ്റവും വരുത്തരുതെന്നു പ്രൊപ്പഗാന്ത നിശ്ചയിച്ചിരുന്നു.

കാര്യങ്ങൾ ഇങ്ങനെയോക്കെ ആണെങ്കിലും ലത്തീൻ റീത്തിൽപ്പെട്ട കന്യാസ്ത്രികളെ കുനമ്മാവിൽ നിന്നും മാറ്റി വരാപ്പുഴയക്ക് കൊണ്ടുപോകുന്നതിന് വരാപ്പുഴ മെത്രാപ്പോലിത്ത റോമിൽ അപേക്ഷ സമർപ്പിച്ചു. ഇങ്ങനെ ഒരു വിഭജനം അനിവാര്യമായി തിർന്നതിനാൽ തൃശൂർ വികാരി അപ്പസതോലിക്കായും വരാപ്പുഴ മെത്രാപ്പോലിത്തയും 1890 സെപ്റ്റംബർ 15-ാം തിയതി മഞ്ഞുമ്മേൽ സമ്മേളിച്ച് വിഭജന വ്യവസ്ഥകൾ തയ്യാറാക്കി ഇൻഡ്യയിലെ ദലഗാദ് അപ്പസതോലിക്ക് അയച്ചു കൊടുത്തു.

പ്രധാന വ്യവസ്ഥകൾ: ഈ മഠം വിട്ടു പോകുന്ന ലത്തിൻ സഹോദരികൾ തങ്ങൾ ഉപയോഗിച്ചിരുന്ന വസത്രങ്ങളും തനതു ഉപയോഗ സാധനങ്ങളും മുറിയിലുണ്ടായിരുന്ന കട്ടിലുകളും മറ്റു സാധനങ്ങളും കൂടെ കൊണ്ടുപോകുന്നതിനു തൃശൂർ വികാരി അപ്പസതോലിയക്ക സർവ്വാത്മനാ സമ്മതിച്ചിരിക്കുന്നു. ആവൃതി ജീവിതത്തിന് ഭംഗം വരാത്തവിധം വിട്ടുപിരിയുന്നതിന് ഇരു മെത്രാൻമാരും സമ്മതിച്ചിരിക്കുന്നു.

ഈ വ്യവസ്ഥകൾ പാലിച്ചുകൊണ്ടു കുനമ്മാവിൽ മഠത്തിൽനിന്നും സ്വയമേവ വരാപ്പുഴ മഠത്തിലേയ്ക്ക് മാറുന്നതിന് 1890 സെപ്റ്റംബർ 20-ാം തിയതി ലത്തീൻ കന്യാസ്ത്രികൾക്ക് ദലഗാദ് അപ്പസതോലിക്ക കല്പന അയച്ചു.

ഇരു മെത്രാൻമാരുടെയും ഉടമ്പടി വ്യവസ്ഥ അനുസരിച്ച് ലത്തീൻ കന്യാസ്ത്രികളെ സന്തോഷമായി യാത്രയാക്കുന്നതിന് സുറിയാനിക്കരായ കന്യാസ്ത്രികൾക്ക് തൃശൂർ വികാരി അപ്പസതോലിക്ക് കല്പന അയച്ചിരുന്നു. വരാപ്പുഴയക്കു മാറിപ്പോയവർ:

വൈപ്പിശ്ശേരി ഏലിശ്വ, ടി. ത്രേസ്യ, പുപ്പന അനസ്താസ്യ, പുതുകന്യാസ്ത്രികളായ ആഞ്ചല, ബിയാട്രിസ്, സഹായസഹോദരി ഏലിശ്വ, ബോർഡിംഗ് കുട്ടി വൈപ്പിശ്ശേരി മറിയം ഇങ്ങനെ ഏഴു പേരായിരുന്നു. ഇവരെ വരാപ്പുഴയക്കു കൊണ്ടുപോകുന്നതിനായി ഏലിശ്വ അമ്മയുടെ സഹോദരൻ ലൂയിസ് ഒ.സി.ഡി. അച്ചനും മറ്റോരു

പാതിരി അച്ചനും ഉണ്ടായിരുന്നു. ഇവർക്കായി പണിതുകൊണ്ടിരുന്ന കെട്ടിടത്തിന്റെ പണികൾ തിരാത്തതിനാൽ രണ്ട് മാസത്തോളം ഈ കന്യാസ്ത്രികൾ എർണാകുളത്താണ് താമസിച്ചത്. പുതിയ മഠത്തിൽ വന്നതോടെ ഇവർ Congregation of Tersian Carmelites (C.T.C) എന്ന് അറിയപ്പെട്ടുതുടങ്ങി.

"മദർ ഏലിശ്വ റീത്തു വിഭജനത്തെ തുടർന്നു സ്വന്തം സന്യാസ ഭവനവും സർവ്വവും ഉപേക്ഷിച്ച് പരിത്യക്തയായി ഇറങ്ങിപോരേണ്ടി വന്നിട്ടും അവർ തളർന്നില്ല" (സത്യ ദിപം May 14-2008) എന്ന സി. ശാലിനിയുടെ പ്രസ്താവനയക്ക് യാഥാർത്ഥ്യവുമായി ഒരു ബന്ധവുമില്ലെന്ന് ചരിത്രരചിതാക്കൾക്കു മനസ്സിലാക്കാൻ സാധിക്കും.

# AKSAPUR MISSION
# (Diocese of Chanda) 1990 – 1998

Fr. James Kurissery CMI

Aksapur Mission founded in 1973 and cared for several years by Fr. Thomas Oswald was handed over to Fr. Jose Vadakkemury in 1987. After his tiresome consolidation process, this writer Fr. James Kurissery, who had just arrived after his German mission, was appointed by Bishop Januarius to take care of Aksapur parish community. I reached Aksapur on January 19, 1990. By that time Fr. Vadakkemurry had already left for his new pasture in Wirur. The vision and mission ahead was to observe and take stock for six months of what was going on in Parish campus and its annex like Boarding and other service centres along with the pastoral work in several village communities.

In the very third month I gave expression to the revival process of Parish Community. After giving intensive instruction to the parishioners for two consecutive Sundays and wide publicity through previously terminated catechists along with semi-voluntarily retiring nominal catechists, who were half a dozen, we fixed a date for electing "Parish Committee". Even many of those baptised under the influence of CRS program but not attending the Church services for years showed interest in participating the election, nay, even for declaring self candidacy. It was evident that some of them had the dream "the kingdom is at hand" and the elected body would take over the entire management, controlling over the resources, if any, of the Parish Priest and of the Church fields! In all 138 adults cast their valuable votes and elected five representatives. Two were nominated. The P.P. and the Superior of the Convent were Ex-officio members. In all we were nine. I convened the first meeting that Sunday itself. Probably it was the first such elected body in the Diocese of Chanda. Of course there might have been ' Feast celebration committees' elsewhere. Proposals

came from the elected five to their long awaiting demands of housing, farming, job- finding, etc.
Of course it required some time to convince the Committee and the people that we were there mainly to consolidate their faith. We organised village preaching sessions, prayer evenings, camps for children and youth, individual family help for some in constructing houses, of course irrespective of caste and religion. The installation of 28 inches screen Panasonic colour TV with VCR and Video Camera was a great attraction for all. The eight ft. Dish Antena for TV had to be called from Nagpur.

After the retirement of Bp. Januarius cmi on May 15, 1990, Bp. Vijayanand cmi took over the rein of Chanda on following July 03. The latter asked me earnestly to oblige to take over the Department of Diocesan Social Work relieving Fr. Antony Moozhikuzhy cmi. I gave my consent on the condition that I should be allowed to continue the village mission parish in Aksapur, so that I feel the pulse of common man in the streets and villages, applying locally the community development skills I studied in my M.S.W. at Tirpude College of Social Work in Nagpur University. He felt it excellent, himself being a past student of Tata Institute of Social Work in late sixties. Mondays and Tuesdays I spared my time for attending the office work at head quarters in Balharshah and visiting the project sites from Kaota of Wardha District to Thamsi of Adilabad. This went on for six long years and then I handed over this good job to Fr. Jose Kattekara cmi.
Rejuvenation of the campus:

It was already overdue the repair and replacement of all the residential hutments like children’s dormitories, leaking slabs and cracking walls of Convent and Presbytery and collapsing cattle sheds. The only remnants of old country fencing on a large area of land of 27 acres were a few white ants eaten forest wooden poles. These poles were signals for the grazing cattle to run over the monsoon crops of paddy and vegetables. It was much the same on the land on the other side of the road, where Sisters and boarding girls were accommodated, a

Dispensary was at service, managed by Dr. Sr. Julita S.H.Sp (sister of Mar John Vadakkel)and her team and a Tailoring class was conducted by Sr. Esther. The boundary on the eastern side touching the church was a bone of contention. The Gram Panchayat had been insisting to vacate the encroachment on the land between the convent and Pompurna road. The Boarding children had been denied of government supply through ration shops. In summer, water for household purpose had to be fetched about 700 meters by bullock cart from convent well to the church campus, where the priest and boarding boys were residing.

There was not even a single fruit tree or flower plant found in this long seventeen years old mission campus. Approach road from main road to priest's house and to the Church was a wide and bullock cart rolling mud path. Six months experience on the spot taught me a few lessons of village life and Campus centered responses and reactions. Rather than giving in I resolved to build up and develop on whatever was available, feasible and productive. Purchase of a jeep made movements faster. The new Ferguson tractor from Warangal helped in farming, road construction, pulling the debris of dismantled structures for shaping approach roads etc. The new Check Dam, with four inches diameter regulating wheel valves, blocking the stream flowing through the field was a boost for cultivation of nearly 8 acres of rice field. We levelled the small patches of field, making cultivation area expanded. The tractor rolled over everywhere levelling and bunding the uneven land as per crop requirement. With the assistance of Forest Range Officer of Kothari Range we planted teak in an acre of dry land. The large pits in dry land were transformed into fish ponds after some deepening. Half an acre of land was used for fruit tree plantation and vegetables. Flower garden took shape with design carved natural black stones from Ganeshpipari-Chekpipari border behind Gondpipari.
German Group of 13 youth in Aksapur:

As I entered the twelfth month of my pastoral service in Aksapur, a German youth group of 13, six pairs of teenagers from my erstwhile

parish Heiligenhaus and Fr. Kaczmarek Bogdan (Polish by origin) the director of the Mettman ecclesial circle landed in Aksapur on December 19 Wednesday for 15 days' stay on youth collaboration program. This gave a new momentum to the youth at our reach. They worked together in building the small hall behind the present priest's residence, which had a sunken basement laid by late Fr. James Thottappally cmi while he was here assistant to Fr. Oswald Kappukkatt. The whole day they worked supplying mortar, bricks and concrete to three fast working Nagarkovil masons. Evenings they went for bath in Weinganga on Ashti side. We could cast the slab of this 30' x 20' area on December 30, 1990.

Joint Christmas celebration 1990:

At my friendly invitation the Collector of Chandrapur Mr. Tanksale came to Aksapur to celebrate Christmas together with the German guests. He brought the District Supply Officer along with him. The Party had been arranged in the convent. The Collector came to the Church campus, met me there and saw the activities in Church premises. There were already many people in the campus, as Collector's visit had been announced. When I requested him to move to the convent, he insisted that I get first into his car. It conveyed a lot to the crowd ! Along with chanting of music by our visiting young friends, cutting of cake and gifts' exchange went on enjoying tea and other several bakery items prepared by convent Superior Sr. Lilia s.h.sp and her dedicated team. The only Junior among them was Sr. Celin Thachil from Kuthiyathodu. After a two hours' of pleasant exchange the Supply Officer came out first. I accompanied him and told him what was going on regarding the Government ration supply for Boarding children in last four years. As we came out, to my great surprise we saw a large crowd of people, Tahsildar, his Deputy (Naib) Mr. Navlekar, B.D.O., Revenue Officials, Grampanchayat officials, Pattwari and so on among them. Tahsil head quarters lie nine km from Aksapur. Probably the Supply Officer Mr. Husain had a magnetic eye! In a loud voice he called "Meshram"-the great Tahsildar. He was there to wait on the dignitaries. He came forward. The D.S.O.

asked him: “What am I hearing from Fr. James ? Why don’t you sanction food material to the Boarding children ? Father is feeding so many school going poor children of far away villages. How can you expect that they drop their names from their parents’ card. See that by 27 th you have to reach Father the necessary permits.” Mr. Meshram replied in a low voice: “yes Sir.” He came to me on the 26 th morning, asked for the list of children which was ready with me. He didn’t want any verification. He told me that permit card would reach me on the following day. The card reached me on 27 th itself - a blessed Thursday in Nav Jyoti Boarding. The children celebrated it grand in German visitors’ company.

Our Christmas midnight Mass celebration this time was unique with chanting of Marathi and German hymns one after the other. Definitely I enjoyed delivering homily in Marathi with additional German spices. The Mass was followed by refreshments. The stage program afterwards went on continuously till the dawn, both Marathi and German youth competing each other ! Certainly for our youth it was a chance to express what all they had learned in previous years from their former Vicars, Sisters and Catechists. It was indeed an unintentional non-provocative invitation for the lost sheep to come back to the fold. The foreign youth group bade farewell on January 2, 1991 hugging, not me, the Sisters who supplied them food of their like, and embracing their counterpart youth of Aksapur parish, especially Pellur group of Durge, Pudke, Jhade etc. It was an emotional and affectionate goodbye. Fr.Callistus Chavarananickal cmi, my good friend, the then Superior of Tarsa obliged to guide them on their tour to Chennai, Bengaluru and Kerala. I saw them off at Balharshah Rly Station.

The second Group of German Youth visited in December 1991. However I directed them to Wirur with the consent and at the wish of Fr. Vadakkemury, so that his Parish may get the accruing benefits. Of course the group helped construction of some houses. Later at their expense these youth arranged a German tour for Fr. Jose. The

seldom visit of Germans once a while helped me a lot to be in contact with District Collectors, S.P.s , D.F.O. like Mr. Narsimhalu, and local M.P. Mr.Puglia, which in turn was a blessing to get many works easily approved and fast executed by their lower sectional officers. This way we got Telephone line from 10 km distant Gondpipari exchange; three phase power connection replacing single phase and that way providing 24 hours power supply.

Campus management: Suresh Kannake, the driver and Shravan Ekonkar in his late teens were the two strong poles in all my daring & tiresome activities of building up the campus. Truck loads of concrete poles were unloaded, tens of quintals of barbed wire reached the spot. The next supply was sand, metal and cement. Poles fixing work was entrusted to Mr. Marothi Durge, the first convert from Pellur and the then Upa-Sarpanch. In fifteen days' time Suresh, Shravan, another daily wager and myself completed fixing of seven layers of barbed wire. While fencing the land behind the Church, where the present convent and Dispensary are situated, objection came from Gram Panchayat on the long standing complaint of neighbours. I went personally to attend the Gram Pachayat meeting. They presented their demand for a road on our boundary. I told them bluntly: "Your proposed road needs minimum 20 ft. width; well the Chruch Society will part with ten feet; what about the other required 10 ft.; will the families on the other side agree to let their land for this purpose?" After a short silence, members one by one started saying: "I don't think any one will leave their land for the road; Fatherji, you please go ahead with your fencing program." The convent campus had tougher fighting on boundary issue for several years. Already in 1989 the Residential Collector of Chandrapur had passed an order asking the S.D.O. to study the case, find out the requirements of Navjyoti Church Society and propose the needful. Nothing happened. I extended my fencing activity to this land too. Reports reached Tehsildar Mr. Meshram at Gondpipari. My work on Ponpurna roadside was going on. Then comes lightening visit of Tehsildar. He called me to his jeep and asked me what was going on. I told him: "Sir, don't you see what is going

on? It is fencing". He ordered: "Stop it immediately". I answered him: "Sir, The cultivation season is ahead, being a responsible citizen of this country I have to take necessary steps to protect my crop". He shouted: " The villagers are complaining; you have to stop fencing". I gave him prompt reply: "Sir, If you have any order, give me in writing". He asked his driver to take his jeep forward. I said to the boss: "Haste will not help". He didn't mind; he went his way. I closed down my work for two days waiting for his reaction. No further reaction came out from Mr. Meshram. Probably he remembered how close the District Collector was to me on the previous Christmas eve! We completed our fencing.

Roads were rolled and pressed. Gates from the main road, one leading to the Church, Boarding and the Presbytery and the other to the field, so that no bullock cart or cattle move in the precincts of the Church. Water diviners like Fr. Joseph Kozhikothickal's brother from Raipalliwada and Fr. John Chakkanatt cmi from Darsana (Wardha) were invited, who were good enough to point out certain sources. I brought officers of Geological Survey Department from Chandrapur, who categorically said that the water sources in this particular area was scanty. We deepened the existing well two meters on their suggestion, but not of much benefit. We tried for two bore wells and installed pumps. The supply was meagre. Next trial was an open well, it ended with negative feed back. As the boarding girls were getting scared of slab sweating in the entire dormitory, we shifted them to the Church campus on Jan. 22, 1994. In the meantime two double story buildings came up for the girls and boys with a small parish hall between the two. The present Bell tower and the Church Bell are the additions of those days.

After a solemn Eucharistic celebration, during which the sad message of the demise of Bishop Januarius reached me from Balharshah, Bishop Vijayanand blessed the new buildings on March 28, 1995. The cultural programs were dropped. All had the meals. The Bishop, the priests and the Sisters all hurried back to Balharshah.

Arrival of CSC community in Gondpipari:
The Sisters of Charity who were serving two centres in Adilabad District, viz. Indervelly and Utnoor wanted to reach out their mission to the neighbourhood of Gondpipari. I helped them to register a four acre plot on Jan. 31, 1996. The Sisters guided by Regional Superior Sr. Lawrence at Gaziabad were very prompt to move into their proposed field of activity. Srs. Annie John, Ambika and Merin took the risk to stay in a half finished rented room of Shri Surkar, a decent local shop keeper, and started Kindergarten with a few children on the veranda and Sisters' room on St. James Day the July 25, 1996 with the sign board "Sanjo School." Meanwhile the S.H.Sp community planned to move to self steering, liberal and broad pastures like Ghot. After certain sessions of interface their authorities in Pune wrote to Bp. Vijayanand with a copy addressing me that they would be bidding farewell to Aksapur on October 15, 1996. Eventhough a little surprising, the diocesan authorities had to give in, as it seemed to be totally one sided decision. Immediately at my request Sr. Lawrence c.s.c. agreed to help me by sending Sisters Pancratia and Filbi to take over the Dispensary.

Since I had to attend as diocesan Social Work Director a national conference arranged by Holland based "Lilian Foundation" at Cochin those days, I requested the Priest in charge of Warur Fr. George Olickal to render whatever help the departing S.H.Sp Aksapur community might be asking for. On the fixed day they moved with all their belongings to either directions of Ghot and Dilasagram. On Oct. 18 Bp. Vijayanand reached Aksapur. He gave me and the new Sisters' group the guidelines regarding future arrangements. I promised them that exactly in one year time the new Convent and the Dispensary would be ready in Church premises.

Amidst all these uprisings our choir master Mr. Devender Fuljhale prepared a Christmas program of 30 mts. in Marathi at the request of A.I.R. Chandrapur. The A.I.R. recorded it at its studio along with my Christmas message. This was broadcast on the eve of Christmas 1996.

My search for water sources was continued. The water diviner Sr. Jonet f.c.c showed Sisters in Gondpipari two similar points for bore well on their land. I got the bore well unit from Nagpur – a very powerful machine. We preferred to try our luck at the last corner of the four acre land. After 15 ft. drilling the machine started pushing out black rock. In 20 ft. was a small stream. The boring went on up to 400 ft. There was only the same stream on the top. No change in layer; only black rock. We decided to try the second point, which was at the very entrance. The very similar strata, similar spring but a little better. Another 400 ft. Until this day this second bore is the water supplier there. While this boring was going on the Spirit moved me to go for a trial in Aksapur. After the morning prayer hour and divine liturgy, I went out to the field with three boys, keeping in mind the hearsay from Bp. Januarius regarding the signs and pointers of water streams underneath. I got it and told the children that we were stuck with luck. I contacted the boring team to come down to Aksapur after their work at Gondpipari. They came. They wanted work. They encouraged me to go ahead. They started eight inches boring. In the other two borings in Aksapur we came across all through only lime coloured mortar- like dry soil. Here comes at a depth of 50 ft. water mixed mud. At seventy ft. a layer of sand with some water. Another 25 ft. was of sand only, but water source gradually increasing. We bore 120 ft. Water in full force. The boring unit manger suggested me not to go for PVC casing because of sand strata. I had to decide for Tube well, coasting extra seventy thousand rupees. With necessary communication to Headquarters I nodded to the party to go ahead. It was a wonderful source, supplying plenty of clean water. Pipe lines were laid to the Boardings, Presbytery, Convent and gardens. Aksapur Navjyoti Church Campus which I renamed 'Sant Chavara Nagar' in 1990 has now after seventeen years of its existence plenty of water in fields, gardens and residences. So also continuous electricity supply after the 3 phase connection was installed. May be a sweet reward in disguise from 'Chavarayachan.'

The happy events of the blessing of new convent and Dispensary with an open stage and laying of corner stone for Sanjo School at

Gondpipari took place on Oct. 15, 1997 the feast day of St. Teresa of Avila. More Sisters were provided. A new 'Spring" in the Church life at Aksapur - a united parish !

We had the first solemn program on the new stage on Sunday Dec. 28, 1997. It was a One Act Play on the life of 'Father of the Nation' Mahatma Gandhi, staged by 35 Artists from Wardha/ Sewagram. Three hours' drama, attended in pin drop silence by around 3000 strong audience, many from Balharshah. It was an historic event for such a small village like Aksapur. I am still grateful to Sr. Veena sjb for arranging this drama group for such a splendid evening with an impressive theme.

Sant Chavara Nagar became a refreshing resort for many. Rearing rabbits, peacocks etc. was an enchanting experiment in this area. The C.E.O. of Chandrapur Zilla Parishad organized study camps twice in our campus for all the Gram Panchayat heads and village leaders of the entire Gondpipari Tehsil. In this year 1977 itself we hosted here the Inter-diocesan youth convention presided over by late Bishop Joseph Rosario msfs of Amravati. The Boarding children deepened their vision by visiting historic places and cities like Ajanta and Ellora, Hyderabad, Nagpur, Wardha, Hemalkhasa etc. Of course, all these endeavours had the financial backing from the two German Parishes in the Archdiocese of Cologne, where I rendered six years' pastoral service. At my departure they had resolved to support my service in India with their annual Carol Singing Campaign and special prayers.

Adieu my beloved Aksapur:

At the insistence of Provincial Fr. Mathew Kaniamparampil cmi I bid farewell to Sant Chavara Nagar, Aksapur to work out a "Frontier Ministry" of opening a Language Institute and Cultural Centre in Bamni/ Balharshah, which was a long cherished dream and a resolute resolve of CMI Mar Thoma Province' Synaxes, of course, without resources. The Vicar General of Chanda Fr. Thomas Kappukkatt arrived Aksapur to be the witness in handing over the documents and accounts of the Mission Station to my successor Fr. Sebastian Thattil

cmi, on May 31, 1998. I wished that my successor makes a good start. In the presence of the honourable witness, with his signature as well as of both of the outgoing and incoming gentle men I handed over to the new incumbent all official and unofficial documents of the Station with a large sum – which has nowhere happened in Chanda history – of free money of Rs. Three lakhs, seven thousand, six hundred and thirty four in Draft, Bank Deposits, Postal Savings and hard currency. Here ends my direct involvement in the development process of Mission Aksapur, where I made a name for Sant Chavara !!

No single pie was spent on Architects, Engineers, Builders, Agronomists, Consultants, Lawyers, Government Officers or "Zero Budgetters" in implementing whatever had been effectively given concrete expression in Sant Chavara Nagar. Let us remember in our prayers Sr. Julitta Vadakel s.h.sp, who has lost her memory and is taken care of in her convent at Chunangamvely. She was the one who led my first entry into Aksapur presbytery on Jan.19, 1990 advising me to take care of myself. Herself, her predecessor like Sr. Alfonsa and the successors like Sr. Libia, Sr. Carmela and Sr. Mary Vithayathil in the clinical service in the nineties are still very fresh in the minds of Aksapurians. The youth of those years shall never forget Sr. Joyce who was of high inspiration for them.

**Fr. James Kurissery**
CMI, Bamni/Chanda jamesku@rediffmail.com

# മതസൗഹാർദ്ദ രംഗത്ത് അഴിക്കോടത്തെ എന്റെ അനുഭവം

Fr. Jose Frank CMI

ഈയിടെ ഞാൻ എന്റെ പഴയ ഫയലുകൾ പരിശോധിച്ചു. അക്കൂട്ടത്തിൽ ധർമ്മാരാം കോളേജിൽ നിന്നും എനിക്ക് ലഭിച്ച മാർക്കിന്റെ ലിസ്റ്റ് കണ്ടു. അന്ന് പഠിച്ച പല വിഷയങ്ങളിൽ ഒന്നാണ് ഇസ്ലാമോളജി. എനിക്ക് ഈ വിഷയത്തിൽ ലഭിച്ച മാർക്ക് 90. ഞാനന്ന് പഠിച്ചത് എന്താണ് എന്ന് ആലോചിച്ചുനോക്കി. ഒരെത്തുംപിടിയുമില്ല. കാരണം അതെല്ലാം അന്ന് മാർക്കിന് വേണ്ടി പഠിച്ചതാണ്.

2012 മെയ് രണ്ടിന് ഞാൻ കുന്ദംകുളത്തെ എന്റെ സേവനം മതിയാക്കി അഴിക്കോട് എത്തി. കുന്ദംകുളത്ത്നിന്നും തികച്ചും വ്യത്യ സ്തമായ അന്തരീക്ഷമാണ് അഴിക്കോട്. ഇവിടെ വിവിധ സഭകളല്ല, വിവിധ മതങ്ങൾ തോളോടുതോൾ ചേർന്ന് നിൽക്കുന്ന മനോഹര മായ കാഴ്ചയാണ് കാണാൻ കഴിയുക. മൂന്ന് മതങ്ങൾക്കും ഒരു പോലെ ഇഷ്ടപ്പെട്ട സ്ഥലം. തോമാശ്ലീഹ ഇന്ത്യയിൽ ആദ്യമായി കാലുകുത്തിയ സ്ഥലം. ഇന്ത്യയിലെ ആദ്യത്തെ മുസ്ലീം പള്ളിയായ ചേരമാൻ ജുമാ മസ്ജിദ് സ്ഥിതി ചെയ്യുന്ന സ്ഥലം. ഏറ്റവും പുരാത നമായ തിരുവഞ്ചിക്കുളം ക്ഷേത്രവും കൊടുങ്ങല്ലൂരിന്റെ ഹൃദയഭാ ഗത്ത് നിൽക്കുന്ന പ്രശസ്തമായ ദേവീക്ഷേത്രവും ഇവിടെത്തന്നെ. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ നാട്.

**മതസൗഹാർദ്ദം ഇന്നിന്റെ ഏറ്റവും വലിയ ആവശ്യം.**

ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ രക്തം ഒഴുക്കപ്പെടു ന്നത് മതത്തിന്റെ പേരിലാണ്. ഇത്തരം വാർത്തകൾ കേട്ട് കേട്ട് മനു ഷ്യൻ ഒരു തരം നിസ്സഹായാവസ്ഥയിലായിരിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ വഴി ദൈവത്തിന്റെ മുഖം വികൃതമാക്കപ്പെടുന്നു. അതുകൊണ്ട് ദൈവവിശ്വാസികൾ ഒരുമിച്ച് പ്രവർത്തിക്കേണ്ടത് ഇന്നിന്റെ ഏറ്റവും വലിയ ആവശ്യമാണ്.

രണ്ടാം വത്തിക്കാൻ കൗൺസിൽ നൽകിയ വലിയ രണ്ട് സംഭാവനകളാണ് ഇതരസഭകളോടും ഇതര മതങ്ങളോടുമുള്ള വളരെ തുറന്ന സമീപനം. ഫ്രാൻസിസ് മാർപാപ്പ പറയുന്നു രണ്ടാം വത്തി

ക്കാൻ ആരംഭിച്ച ഈ തുറവിയിൽ കത്തോലിക്ക സഭ അധികം മുന്നോട്ട് പോയിട്ടില്ല എന്ന്.

**അഴിക്കോട് മതസൗഹാർദ്ദം ആഴമായി നിൽക്കുന്ന സ്ഥലം.**

മതങ്ങൾ തമ്മിൽ നല്ല സൗഹൃദം നിലനിൽക്കുന്ന സ്ഥലമാണ് അഴിക്കോട്. അതിനു കാരണം ഇടതൂർന്നുള്ള താമസമായിരിക്കാം. ഹിന്ദുവും മുസ്ലീമും ക്രിസ്ത്യാനിയും വളരെ അടുത്തടുത്ത് സ്നേഹ ത്തോടെ വസിക്കുന്ന കാഴ്ചയാണ് അഴിക്കോട് കാണാനാവുക. ഞാനിവിടെ എല്ലാ ഭവനങ്ങളിലും സന്ദർശനം നടത്താറുണ്ട്. കത്തോ ലിക്കന്റെ വീട്ടിൽ ചെന്നിട്ട് അടുത്ത വീട് ആരുടെ എന്ന് ചോദിച്ചാൽ അവന്റെ മറുപടി അത് നമ്മുടെ വീടല്ല അച്ചാ എന്നാണ്. വളരെ ഹൃദ്യമായ സ്വീകരണമാണ് മറ്റു മതസ്തരുടെ വീടുകളിൽ നിന്ന് ലഭി ക്കുക. ഒരു ഹിന്ദു പറഞ്ഞത് ഓർക്കുകയാണ്. ഞാനിവിടെ താമസ മാക്കിയിട്ട് ഇരുപത്തഞ്ച് വർഷമായി. ആദ്യമായാണ് ഒരച്ചൻ എന്റെ വീട്ടിൽ വരുന്നത് . ഞാനൊരു വീട്ടിൽ ചെന്ന അവസരത്തിൽ ഒരു മുസ്ലീം സ്ത്രീ പറയുകയാണ് എന്റെ ഭർത്താവ് എന്നെ പെണ്ണുകാ ണാൻ വന്നത് അദ്ദേഹത്തിന്റെ സുഹൃത്ത് രാമന്റെ കൂടെയായിരുന്നു എന്ന്. തീർത്ഥകേന്ദ്രത്തിന്റെ മുന്നിൽ വർഷങ്ങളായി നിലനിൽക്കുന്ന ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ കൂട്ടായ്മ കാണാം. ചുരുക്കത്തിൽ അഴി ക്കോട് മതസൗഹാർദ്ദം മനോഹരമായി നിലനിൽക്കുന്ന സ്ഥലമാ ണ്.

**ഇഫ്ത്താർ വിരുന്നും രാമായണ മാസവും പിന്നെ ക്രിസ്തുമസും**

ഇത്രയും മനോഹരമായി നിൽക്കുന്ന ഈ സൗഹൃദം ഘോഷിക്കേണ്ടതും അംഗീകരിക്കേണ്ടതും ആവശ്യമാണ്. മുസ്ലീമു കൾ വളരെ കാര്യമായി ഘോഷിക്കുന്ന റംസാൻ മാസവും ഹിന്ദുക്കൾ കാര്യമായി ഘോഷിക്കുന്ന രാമായണ മാസവും ഈ സൗഹൃദത്തിന്റെ പശ്ചാത്തലത്തിൽ അനുസമരിക്കുന്നതും ഘോഷിക്കുന്നതും നല്ലതല്ലെ എന്ന് ചിന്തിച്ചതിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ മൂന്നു വർഷമായി എം. ആർ. എ. യുടെ ആഭിമുഖ്യത്തിൽ ഇഫ്ത്താർ വിരുന്നും രാമായണ മാസാചരണവും നടത്തിവരുന്നു. നമ്മളോ ടൊത്ത് ജീവിക്കുന്ന മുസ്ലീം സഹോദരങ്ങളെയും ഹൈന്ദവ സഹോ ദരങ്ങളെയും അവരുടെ വിശിഷ്ട ദിവസങ്ങളിൽ സ്നേഹപൂർവ്വം

ഓർക്കുക, അവരെ അഭിനന്ദിക്കുക ഇതായിരുന്നു ഈ ഘോഷത്തിന്റെ ലക്ഷ്യം. മൂന്ന് വർഷവും ഭംഗിയായി നടന്നു. കോഴിയിറച്ചിയും പത്തിരിയും കർക്കിടക കഞ്ഞിയുമെല്ലാം വിളമ്പപ്പെട്ടു. മതാന്തര സംവാദങ്ങളും നടത്തി. റംസാൻ മാസത്തെപ്പറ്റിയും രാമായണമാസത്തെ ചൈതന്യത്തെപറ്റിയും ക്ലാസ്സുകൾ ഉണ്ടായി. ഈ വർഷം മുതൽ മതാന്തര ക്രിസ്തുമസ് ആഘോഷവും നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സാധിക്കുമെങ്കിൽ സമീപത്തെ എല്ലാ ഖത്തീബുമാരെയും കൊണ്ടുവരണമെന്നുണ്ട്. ഏകദേശം 8 ഖത്തീബുമാരുമായി നല്ല ബന്ധമുണ്ട്.

**മതസൗഹാർദ്ദ സമ്മേളനങ്ങളുടെ പരിമിതി**

പല സ്ഥലത്തും മതസൗഹാർദ്ദ സമ്മേളനങ്ങൾ നടത്തപ്പെടാറുണ്ട്. തിരുനാളിനോടനുബന്ധിച്ചും വാർഷികത്തോടനുബന്ധിച്ചും. പലപ്പോഴും ഈ സമ്മേളനങ്ങൾ വെറും അലങ്കാരങ്ങൾ മാത്രമാണ്. മതങ്ങൾ പരസ്പരം അറിയാനും അംഗീകരിക്കുവാനുമുള്ള വേദിയാകാറില്ല. മറ്റു മതങ്ങളിലെ മനോഹാരിത അറിയുന്നതിനും അംഗീകരിക്കുന്നതിനും അങ്ങനെ ധന്യമാകുന്നതിനും ഇത്തരം സമ്മേളനങ്ങൾ വേദിയാകാറില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ ഇതൊക്കെ ചടങ്ങിന്റെ ഭാഗമായി നടത്തപ്പെടുന്നു. മതങ്ങൾ പരസ്പരം അടുത്തറിയണം. അതുവഴി അവർ തമ്മിലുള്ള വൈവിധ്യം കാണാനും അതേസമയം ആ വൈവിധ്യത്തിൽ ഏകത്വം കാണാനും സാധിക്കണം. ഇതെങ്ങനെ സാധിക്കും? അതിനുള്ള ഒരു ചെറിയ പരീക്ഷണമാണ് മതസൗഹാർദ്ദ കൂട്ടായ്മ.

**അഴിക്കോട് മതസൗഹാർദ്ദ കൂട്ടായ്മ**

നേരത്തെ സൂചിപ്പിച്ചതുപോലെ നാനാത്വത്തിൽ ഏകത്വം കാണാനുള്ള ഒരു എളിയ സംരംഭമാണിത്. രണ്ടു കാര്യങ്ങളാണ് ഞങ്ങൾ ഇതിന്റെ പേരിൽ നടത്തിയത്. ഒന്ന് എല്ലാ മതങ്ങളെപറ്റിയും ഒരു ആമുഖ ക്ലാസ്സ്. മറ്റൊന്ന് മതങ്ങളെ കൂടുതൽ അറിയാനുള്ള ക്ലാസ്സ്. മതത്തെ അറിയുവാനുള്ള ആമുഖ ക്ലാസ്സാണ് ആദ്യം നടത്തപ്പെട്ടത്. ആകെ 9 ക്ലാസ്സുകൾ. പിന്നെ ഒരു ഉദ്ഘാടനവും വിലയിരുത്തലും. അങ്ങനെ പതിനൊന്ന് ക്ലാസ്സുകൾ. ക്ലാസ്സുകളിൽ കൈകാര്യം ചെയ്ത വിഷയങ്ങൾ:

- ഓരോ മതത്തിന്റെയും സ്ഥാപനം എങ്ങനെ? സ്ഥാപകൻ ആര്?
- മതത്തിന്റെ വിശുദ്ധ ഗ്രന്ഥങ്ങൾ?
- പ്രധാന വിശ്വാസ സത്യങ്ങൾ ഏവ?
- പ്രധാന ആചാരങ്ങൾ?
- തീർത്ഥാടനകേന്ദ്രങ്ങൾ?

ക്ലാസ്സിൽ 13 പേർ മാത്രം അവസാനം വരെ നിന്നു. ക്ലാസ്സിന്റെ അവസാനം ഒരു തീർത്ഥയാത്ര. പലരും ക്രിസ്ത്യൻപള്ളിയിലൊ മോസ്കിലൊ അമ്പലത്തിലൊ കയറിയിട്ടുണ്ടാവില്ല. ഈ തീർത്ഥയാത്രയിൽ പള്ളികളിൽ കയറി. മോസ്കിൽ കയറി. കയറാവുന്ന അമ്പലങ്ങളിൽ കയറി. മോസ്കിൽ ദഫ്മുട്ടുമായി തീർത്ഥാടകരെ സ്വീകരിച്ചു. അമ്പലത്തിൽ ഉച്ചയൂണ് തന്നു. രാത്രി ഭക്ഷണം മാർതോമ്മ തീർത്ഥകേന്ദ്രത്തിൽ. ഭക്ഷണത്തിനുശേഷം വിലയിരുത്തൽ നടത്തപ്പെട്ടു. എല്ലാവരും ഏകസ്വരത്തിൽ പറഞ്ഞു. ഈ പരിപാടി മുന്നോട്ട് പോകണം. ആ പരിപാടിയാണ് മതങ്ങളെ അടുത്തറിയുവാനുള്ള ക്ലാസ്സ്.

**മതങ്ങളെ അടുത്തറിയുവാനുള്ള ക്ലാസ്സ്**

ഞങ്ങൾ ഏതാനും വിഷയം മുൻകൂട്ടി നിശ്ചയിച്ചു. ദൈവം, പ്രാർത്ഥന, മനുഷ്യൻ, രക്ഷ. ഇങ്ങനെ ഒമ്പത് വിഷയങ്ങൾ. ഈ വിഷയങ്ങൾ ക്ലാസ്സിൽ സംബന്ധിക്കുന്ന ഒമ്പത് പേർക്ക് വിഭജിച്ചു കൊടുത്തു. എല്ലാ രണ്ടാം ശനിയാഴ്ചയും വൈകിട്ട് 7 മണി മുതൽ ക്ലാസ്സ്. ഓരോ ക്ലാസ്സിലും ഒരു വിഷയത്തെപറ്റി മൂന്ന് മതത്തിൽ നിന്നുമുള്ള പ്രതിനിധികൾ സംസാരിക്കും. രണ്ട് വിഷയം കഴിഞ്ഞു. ദൈവം, പ്രാർത്ഥന. ക്ലാസ്സുകൾ മനോഹരമായിരുന്നു. ക്ലാസ്സ് ആരംഭിക്കുന്നതിനു മുമ്പ് എടുക്കാൻ പോകുന്ന വിഷയത്തിന്റെ ഒരു ക്ലാസ്സ് നോട്ട് ഓരോരുത്തർക്കും വിതരണം ചെയ്യുന്നു.

ഈ ക്ലാസ്സുകൾ വിജയിച്ചതിന്റെ പിന്നിലെ ചിന്ത ഡോ. വിൻസന്റ് കുണ്ടുകുളത്തിന്റേതാണ്. അദ്ദേഹം ക്ലാസ്സുകൾ തുടങ്ങുന്നതിനു മുമ്പ് ക്ലാസ്സ് എടുക്കുവാൻ പോകുന്നവർക്ക് വേണ്ടി എങ്ങനെ ക്ലാസ്സ് എടുക്കണം, എങ്ങനെ നോട്ട് തയ്യാറാക്കണം എന്നതിനെക്കുറിച്ച് ഒരു ക്ലാസ്സ് എടുത്തിരുന്നു. പിന്നെ ഞാനും പിറകെ നിന്ന് അവരെ സഹായിച്ചിരുന്നു. ജോസ് നന്തിക്കരയച്ചനും ഈ ആശയ രൂപീകര

ണത്തിൽ കാര്യമായി സഹായിച്ചിട്ടുണ്ട്. സാമ്പത്തികമായും സഹായിച്ചിട്ടുണ്ട്.

**ക്ലാസ്സുകൾ പുസ്തകമായി**

ഇതൊരു സ്വപ്നമാണ്. ഓരോ ക്ലാസ്സുകളുടെയും നോട്ട് ശേഖരിച്ച് ഈ വർഷാവസാനത്തിൽ ഈ മതാന്തരസംവാദത്തിന്റെ സ്മരണിക പോലെ പുറത്തിറക്കണം. എല്ലാം പ്ലാനിൽ ഉണ്ട്. ഇതിനിടക്ക് വരുന്ന ക്രിസ്തുമസ്, റംസാൻ, രാമായണ മാസാഘോഷങ്ങൾ എല്ലാം ഈ സ്മരണികയിൽ ഉൾപ്പെടുത്തണം. ഇതൊരു സ്വപ്നമാണ്. ലേഖനങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു.

**മതാന്തരസംവാദം പഠിപ്പിക്കുന്ന പാഠങ്ങൾ**

മറ്റു മതങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള നന്മകൾ കാണാനും സ്വാംശീകരിക്കുവാനും ഇത്തരം മതാന്തരസംവാദം നമ്മെ സഹായിക്കും. എനിക്ക് തോന്നുന്നത് മുസ്ലീം മതത്തിൽ നിന്നും വളരെ കാര്യങ്ങൾ പഠിക്കുവാനുണ്ട്. ഹൈന്ദവ മതം ഒരു പരിധി വരെ ഉത്സവങ്ങളിൽ ഒതുങ്ങി നിൽക്കുന്നു. ഇവിടെയുള്ള ഹൈന്ദവർ തന്നെ ഇക്കാര്യം പങ്കുവെക്കാറുണ്ട്. വീടുകളിൽ നിന്ന് നാമജപം ഒരു പരിധിവരെ അപ്രത്യക്ഷമായി. മതഗ്രന്ഥങ്ങൾ വായിക്കുന്നവരുടെ എണ്ണവും വളരെ കുറഞ്ഞു. മുസ്ലീം സഹോദരങ്ങൾ അങ്ങനെയല്ല. ഖുർആനെപറ്റി നല്ല അറിവാണവർക്ക്. അറബി ഭാഷ അറിയാത്തവർ ചുരുക്കം. വെള്ളിയാഴ്ച അവരുടെ മോസ്ക് നിറഞ്ഞിരിക്കും. പുറത്തും ആളുകൾ നില്പുണ്ടാകും. പുരുഷന്മാർ മാത്രം എന്നോർക്കണം. റംസാൻ മാസാചരണം വളരെ കണിശം.

ആചാരങ്ങൾ മാത്രമല്ല കണ്ടുപഠിക്കേണ്ട വേറെയും ചിലതുണ്ട്. അവരുടെ സെമിത്തേരി ഒന്നു കാണേണ്ടതാണ്. അവിടെ വലുപ്പചെറുപ്പമില്ല. പണക്കാരനും പാവപ്പെട്ടവനുമില്ല. പുത്തൻപള്ളി മോസ്കിൽ അടക്കിയിരിക്കുന്ന കേരളത്തിലെ സ്പീക്കർ ആയിരുന്ന സീതിസാഹിബിന്റെ കുഴിമാടം കാണിച്ചു തന്നു. മറ്റുള്ളവരുടേതിൽ നിന്ന് ഒരു വ്യത്യാസവുമില്ല. നമ്മുടെ സെമിത്തേരി ഉച്ചനീചത്വങ്ങളുടെ ഒരു പ്രദർശനമാണ്. കാശുണ്ടാക്കാനൊരു വഴി!

പാവങ്ങളെ സഹായിക്കുന്നത് നാം കണ്ട് പഠിക്കേണ്ടതാണ്. സക്കാത്ത് കൊടുക്കുന്നത് നിർബന്ധമാണ്. അത് അധികവും മുസ്ലീങ്ങൾക്ക് തന്നെയാവും കിട്ടുക. ഇവിടെ അടുത്തൊരു മോസ്കിൽ

ഖുർആൻ കൺവെൻഷൻ നടത്തപ്പെട്ടു. ഓരോ കൺവൻഷനിലും 15 പാവപ്പെട്ട സ്ത്രീകൾക്ക് 10 പവൻ വീതം കൊടുത്തു. ഈ വർഷം 25 പെൺകുട്ടികൾക്ക് കൊടുക്കുന്നുണ്ട്. ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും കൊടുക്കുന്നുണ്ട്. പല മുസ്ലീം സംഘടനകളും പാവങ്ങൾക്ക് മാസം തോറും ഒരു നിശ്ചിത തുക വളരെ കൃത്യമായി കൊടുക്കുന്നു. പിന്നെ പലിശയില്ലാകടം പാവങ്ങൾക്ക്. പാവങ്ങളുടെ കാര്യം നമ്മെക്കാൾ നന്നായി നടത്തുന്നു എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്.

**ചില ചോദ്യങ്ങൾ**

ഈ ലേഖനം ചില ചോദ്യങ്ങളോടെ അവസാനിപ്പിക്കട്ടെ. ആത്മാനുതാപത്തിലെ വരികളിൽ ചാവറ പാടുന്നുണ്ട്:

ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ് ചമച്ചെന്നെയും
ആയതിനെന്തു കാരണം ദൈവമെ
ആദ്യഹിതനാം നിന്റെ ദയ തന്നെ

മനുഷ്യനായി ജന്മം നൽകിയതിൽ ചാവറപിതാവ് ദൈവത്തെ സ്തുതിക്കുന്നു. ഞാൻ ചിലപ്പോ ചിന്തിക്കും ഞാനെന്തുകൊണ്ടാണ് ഒരു മുസ്ലീമോ ഹിന്ദുവോ ആയി ജനിക്കാതെ ഒരു ക്രിസ്ത്യാനിയായി ജനിച്ചത് എന്ന്. നമ്മളോട് ചോദിച്ച് സമ്മതം വാങ്ങിയല്ല ദൈവം ഓരോ മതത്തിലെ മാതാപിതാക്കളിൽ നിന്നും നമ്മെ ജനിപ്പിക്കുന്നത്. ഞാനൊരു ഹിന്ദു കുടുംബത്തിൽ ജനിച്ചിരുന്നെങ്കിൽ ഒരു പൂജാരിയാകുമായിരുന്നു. അല്ലെങ്കിൽ ഒരു ഖത്തീബാകുമായിരുന്നു. ഓരോ മതത്തിലും ജനിച്ചിട്ട് അതിന്റെ വക്താക്കളാകുന്നു. അതുമാത്രം ശരിയെന്നും പറയുന്നു. മറ്റു മതത്തിൽ ജനിച്ചവർക്ക് രക്ഷയില്ല എന്നു പറയാനും നാം മടിക്കുന്നില്ല. മതസൗഹാർദ്ദത്തിന്റെ ഈ ചിന്ത നമ്മെ എളിമയുള്ളവരും തുറവിയുള്ളവരുമാക്കുമെന്ന് എനിക്ക് തോന്നുന്നു.

**Fr. Jose Frank CMI**
9446827874

അനുസ്മൃതി-40

# ചാവറപിതാവും ചാവരുളും ഉപവിശാലയും കൈനകരിയും

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

ചാവറപിതാവ് 1868 ലും 69 ലുമായി കൈനകരിക്കാർക്ക് എഴുതിയ രണ്ടു ലേഖനങ്ങളുടെ സാരസംഗ്രഹമാണ് പന്തപ്ലാക്കലച്ചൻ അനുസ്മൃതിയിൽ അവതരിപ്പിക്കുന്നത്. കുടുംബക്രമം, ഉപവിശാല, കൈനകരി എന്നീ മൂന്നു കാര്യങ്ങളുടെ പ്രസക്തി നമ്മുടെ ഓർമ്മയിലേക്ക് കൊണ്ടുവരാൻ അദ്ദേഹം നമ്മെ സഹായിക്കുന്നു.

എഡിറ്റർ

ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവ് തന്റെ സ്വന്തം കുടുംബാംഗങ്ങളും ഇടവകക്കാരുമായ കൈനകരിക്കാർക്ക് 1868ലും 1869ലുമായി രണ്ടു ലേഖനങ്ങൾ എഴുതി. ഞാൻ മാംസത്തിലും അരൂപിയിലും നിങ്ങളുടെമേൽ എനിക്കുള്ള സംബന്ധത്താൽ ഈ ചാവരുളായ ഗുണദോഷം കർത്താവിന്റെ ആശിർവാദത്തോടും കൂടി നിങ്ങൾക്കു തരുന്നു.

കുടുംബ ജീവിതത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ ഉൾപ്പെടുത്തി 40 മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്ന ഒരു നല്ല അപ്പന്റെ ചാവരുൾ അവർക്കു നൽകി. ഇതിനിടെ ഈ ലേഖനത്തിന്റെ അനേക ലക്ഷം കോപ്പികൾ കേരളകുടുംബങ്ങൾ പഠനത്തിനായി ഏറ്റുവാങ്ങിക്കഴിഞ്ഞു. വിശുദ്ധ യൗസേപ്പിതാവിന്റെ നന്മരണസഭ എന്ന സന്നദ്ധസംഘടനയും അവരുടെ നേതൃത്വത്തിൽ നടപ്പിലാക്കാൻ നിർദ്ദേശിച്ചു. മരണാസന്നരും ആരാലും ശ്രദ്ധിക്കപ്പെടാനില്ലാത്തവരുമായ പാവങ്ങൾക്കുവേണ്ടിയുള്ള ഉപവിശാലയും കൈനകരിയിൽ ഉണ്ടായി.

കേരളസഭയിൽ ആത്മീയ മുന്നേറ്റത്തിനുവേണ്ടി നേതൃത്വമെടുക്കാൻ അതുവഴി ആഗോളസഭയ്ക്കു മുഴുവനും ശുശ്രൂഷ

നൽകാൻ സ്ത്രീകളുടേയും പുരുഷന്മാരുടേയും സന്യാസസഭകൾക്ക് (CMI, CMC) രൂപം നൽകിയ ചാവറപിതാവ്, കുടുംബജീവിതക്കാർക്ക് മാതൃകയും പ്രചോദവും ആകുന്നതിനുവേണ്ടി സ്വന്തം ഇടവകക്കാരെ ഉപകരണമാക്കുവാൻ പ്രേരണ നൽകുകയായിരുന്നു ഈ ലേഖനങ്ങൾ വഴി. അന്നത്തെ കൈനകരി കുരിശുപള്ളിക്കാർ ചാവറപിതാവിന്റെ വാക്കുകൾ അക്ഷരം പ്രതി പാലിച്ചു. എല്ലാ മാസത്തിലെയും ആദ്യശനിയാഴ്ച എല്ലാവരും കുരിശുപള്ളിയിൽ ഒരുമിച്ചുകൂടി അദ്ദേഹം കുറിച്ചുകൊടുത്ത ലേഖനം വായിച്ചു. അതിൽ കുടുംബജീവിതം നവീകരിക്കുവാൻ അദ്ദേഹം നിർദ്ദേശിച്ച കാര്യങ്ങൾ അവരുടെ ജീവിതത്തിൽ നടപ്പിലാക്കി.

അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം "മുളകൊണ്ടെങ്കിലും ഒരു കൂടും വെച്ച് ധർമ്മശാല അഥവാ ഉപവിശാല എന്ന പേരും വിളിച്ച് ആരോരുമില്ലാത്തവരെയോ, വൃദ്ധന്മാരെയോ, വഴിപിച്ചക്കാരായി ദീനം പിടിച്ചവരെയോ പാർപ്പിച്ചു രക്ഷിക്കത്തക്കവണ്ണം ഉണ്ടാക്കിയാൽ ദൈവം സഹായിച്ച് പിൽക്കാലങ്ങളിൽ ഇതു മലയാളത്തെ ഒന്നാമത്തെ ഉപവിശാലയായിത്തീരുവാൻ ഇട വരും". വീണ്ടും അദ്ദേഹം പറയുന്നു: "ഈ പുണ്യ പ്രവർത്തിയുടെ ഒരു നിഴലെങ്കിലും നിങ്ങൾ കാട്ടിയാൽ -ഈ പുണ്യവും മലയാളത്തിൽ നടപ്പാനിട വരും". കൈനകരിയിൽ ആരംഭിച്ച അഗതിമന്ദിരം ഭാരതത്തിലെ തന്നെ ഇത്തരത്തിലുള്ള ആദ്യത്തെ സ്ഥാപനമാണ്.

അഗതികൾക്കും അനാഥർക്കും മരണാസന്നർക്കും വേണ്ടിയുള്ള ഒരു സന്നദ്ധ സേവനസ്ഥാപനം ചാവറപിതാവിനാൽ ആരംഭിക്കപ്പെട്ടു എന്ന് ഇൻഡ്യയുടെ സാമൂഹ്യചരിത്രത്തിൽ തങ്കലിപികളാൽ എഴുതി ചേർക്കപ്പേടേണ്ട കാലം പണ്ടേ കഴിഞ്ഞു. ക്രൈസ്തവ സമൂഹത്തിനു മുഴുവനുമെന്നപോലെ കുട്ടനാട്ടുകാർക്കു മുഴുവനും ഓർമ്മയിൽ താലോലിക്കുവാനും അഭിമാനം കൊള്ളുവാനുമുള്ള അവസരമായി മാറുകയാണ് ചാവറപിതാവിനെ വിശുദ്ധനായി പ്രഖ്യാപിച്ചതിലൂടെ. തിരുസഭയുടെ ചരിത്രത്തിൽ ഒരു ക്രിസ്തീയ കുടുംബചട്ടം ആദ്യമായി എഴുതിയുണ്ടാക്കിയതും ഇൻഡ്യയിലാദ്യമായി ഒരു കത്തോലിക്ക സന്നദ്ധസംഘടനക്കു രൂപംകൊടുത്തതും

അത് കൈനകരിയിലാണ് ആരംഭിച്ചതെന്നും ലോകം അറിഞ്ഞുകൊണ്ടേയിരിക്കുന്നു. ഇപ്രകാരം ഇൻഡ്യയുടേയും ലോകത്തിന്റെയും മുമ്പിൽ കൈനകരി ഉയർത്തപ്പെട്ടു കഴിഞ്ഞു.

2014 ഒക്ടോബറിൽ മാർപ്പാപ്പായുടെ നേതൃത്വത്തിൽ റോമിൽ നടന്ന സിനഡ്, ചരിത്രത്തിലാദ്യമായി കുടുംബപ്രശ്നങ്ങളെ വിലയിരുത്തുവാനും കാലോചിതമായ മാർഗനിർദേശങ്ങൾ നൽകുവാനുമായി നടത്തപ്പെട്ട ആദ്യ സിനഡായിരുന്നു. ഈ സിനഡിൽ ചാവറപിതാവിന്റെ ചാവരുൾ എന്ന കുടുംബമാർഗരേഖ സമർപ്പിക്കുവാൻ കഴിഞ്ഞു. ഇതിനു പറ്റിയ ഒരു പൗരസ്ത്യ പിതാവിനെ, കുടുംബങ്ങളുടെ മദ്ധ്യസ്ഥനെ കേരള സുറിയാനിസഭയിൽ കൈനകരിയിൽ നിന്ന് കണ്ടെത്തുവാൻ കഴിഞ്ഞു. കടലിനടിയിൽ താണുകിടന്നിരുന്ന ഒരു പ്രദേശത്തെ കരയാക്കി മാറ്റി, അവിടെ മനുഷ്യവാസമുണ്ടാക്കി, ക്രിസ്തുശിഷ്യരിലൊരുവനായ തോമ്മാശ്ലീഹായിൽ നിന്നു സ്നാനം സ്വീകരിക്കപ്പെട്ട പകലോമറ്റം കുടുംബത്തിന്റെ തായ്‌വഴിയിൽ ഒരുവനെ ആ കരയിൽ ജനിപ്പിച്ച്, സമ്പൂർണ്ണ സമർപ്പണത്തിലൂടെ ദിവ്യദർശനത്തിനു വേണ്ടി മാതാപിതാക്കളേയും കുടുംബ ബന്ധങ്ങളെയും കാലേകൂട്ടി വിച്ഛേദിപ്പിച്ച് ദൈവം ഒരുക്കിയെടുത്ത ഇന്ത്യൻ സഭയുടെ വെള്ളി നക്ഷത്രമാണ് കുര്യാക്കോസ് ഏലിയാസ് എന്ന രക്തസാക്ഷിതുല്യനും സൈന്യങ്ങളുടെ കർത്താവായ ദൈവത്തേക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിയുന്നവനുമായ ചാവറ പിതാവ്.

ഈ ദർശനപട്ടക്കാരന്റെ കുടുംബദർശനം നാളുകൾ നീളും തോറും കുടുബങ്ങളുടെ സിദ്ധൗഷധമായി മാറുന്നത് ഇത് ദിവ്യദർശനത്താൽ എഴുതപ്പെട്ടതായതുകൊണ്ടാണ്. അക്കമിട്ട നാല്പതിന കർമ്മ പരിപാടികളിലൂടെ മാതാപിതാക്കളുടെ, ഭാര്യഭർത്താക്കന്മാരുടെ, മക്കളുടെ, മതാത്മക ജീവിതത്തിന്റെ, നീതി നിഷ്ഠമായ പങ്കുവയ്ക്കലിന്റെ, പാവങ്ങളോടുള്ള താദാത്മ്യപ്പെടലിന്റെ; നന്മ ചെയ്യുവാനും നല്ലതുമാത്രം തെരഞ്ഞെടുക്കുവാനും വേണ്ടി നിലകൊള്ളുന്ന നീതിന്യായ കോടതിയാണ് 'നല്ല അപ്പന്റെ ചാവറരുൾ' എന്ന കുടുംബസൂത്രം. ചരിത്രത്തിലിതുവരെയും ആരും എഴുതി

പഠിപ്പിക്കാത്ത കുടുംബക്രമത്തിലെ ചാവറ പിതാവിന്റെ രണ്ടു നിർവ ചനവാക്യങ്ങൾ മാത്രം ചിന്താവിഷയമാക്കുകയാണ്.

നല്ല ക്രിസ്തീയ കുടുംബം എന്നാൽ

1. രക്തത്താലും സ്നേഹത്താലും ബന്ധിക്കപ്പെട്ടവരുടെ കൂട്ടം

2. മാതാപിതാക്കളുടെ നേരെ ആദരവും അനുസരണവുമുള്ള വരുടെ കൂട്ടം

3. ദൈവത്തോടും മനുഷ്യരോടും പൊരുത്തപ്പെട്ട് സമാധാന ത്തിൽ കഴിയുന്നവരുടെ കൂട്ടം

4. സ്വന്ത ജീവിതാന്തസ്സിനനുസരിച്ച് നിത്യഗതിയെ പ്രാപിക്കാൻ പരിശ്രമിക്കുന്നവരുടെ കൂട്ടം

5. പരസ്പരം പങ്കുവെച്ച് ഐക്യത്തിൽ ഒരുമിച്ചു ജീവിക്കുന്ന വരുടെ കൂട്ടം. ഇപ്രകാരമുള്ള ഒരു കുടുംബത്തെയാണ് ചാവറ പിതാവ് ആകാശമോക്ഷത്തിനു സദൃശ്യമായ കുടുംബം എന്നു വിളി ച്ചത്.

ചാവറ പിതാവ് കുറിച്ച ഒരു വാചകത്തിലെ വിഭജിക്കപ്പെട്ട അഞ്ചു ഘടകങ്ങളാണ് ഇതിലുള്ളത്. തകർച്ചയുടെ വക്കിൽ എത്തി നിൽക്കുന്ന ഏതു കുടുംബത്തെ പരിശോധിച്ചാലും ഈ അഞ്ചു ഘടകങ്ങളിൽ ഒന്നിനെങ്കിലും വന്ന പരാജയമാണ് തകർച്ചയുടെ കാരണമെന്നു തിരിച്ചറിയാം.

മക്കൾ ആര് എന്നതിനുത്തരം ചാവറപിതാവിന്റെ മറ്റൊരു വാചക മാണ്.

"മക്കൾ, സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിപ്പാനായിട്ട് നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു. തന്റെ തിരുച്ചോര കൊണ്ടു ശുദ്ധീകരിക്കുന്നതിനും തന്റെ ശുശ്രൂഷികളാക്കുന്നതിനും വിധി ദിവസത്തിൽ തിരെ്യ ഏല്പിക്കുന്നതിനായിട്ടു ഈശോമിശിഹാ നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ആത്മാ ക്കൾ ആകുന്നു ഇവർ."ദൈവദാനമായ നിക്ഷേപം, കൂദാശകളാൽ ജീവനേകി: ദൈവ, മനുഷ്യശുശ്രൂഷികളാക്കി: വിധിദിവസത്തിൽ തിരി ച്ചേൽപ്പിക്കുന്നതിന് സൂക്ഷിക്കാൻ ഏല്പിച്ചിരിക്കുന്ന ആത്മാക്കൾ

ആണ് മക്കൾ എന്നദ്ദേഹം സ്ഥാപിക്കുന്നു. മാതാപിതാക്കളുടെയും മക്കളുടെയും കടമയും ഉത്തരവാദിത്വവും വലുതാണെന്ന ഓർമ്മ പ്പെടുത്തലാണ് 'ഒരു നല്ല അപ്പന്റെ ചാവരുൾ'.

ഒരു സ്നേഹപിതാവിൽ നിന്നു വരുന്ന സാരോപദേശമായി ട്ടാണ്, അതിലുപരി ഒരു നല്ല അപ്പന്റെ ചാവരുൾ ആയിട്ടാണ് ഈ ലേഖനം കൈനകരിക്കാർക്ക് കൈമാറിയത്. അദ്ദേഹം എഴുതുന്നു:" ഈ തറവാട്ടിലും കാരണവന്മാരിലും എന്നെ ജനിപ്പിച്ചതിനാൽ എന്റെ മാംസസംബന്ധക്കാരായ നിങ്ങൾക്ക് നീതിയാലെയും ഉപവിയാ ലെയും ഉപകാരം ചെയ്യുവാൻ എനിക്ക് ഒരു വിശേഷ കടമയുണ്ട്. ഇതിനെ നോക്കുമ്പോൾ എല്ലാവർക്കും എന്നതുപോലെ അല്ലാതെ ഞാൻ നിങ്ങൾക്ക് വിശേഷമായി ഏറെ ഒന്നും ചെയ്തിട്ടില്ല. അതി നാൽ എല്ലാറ്റിനും ആയി എന്റെ കയ്യെഴുത്താൽ ഇതിനെ ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ മരിച്ചാലും ഈ കടലാസു മരിക്കുക യില്ല. ആകയാൽ ഇതു എന്റെ നിക്ഷേപമായി കാർപ്പാൻ എന്റെ മക്കളായ കൈനകരി കുരിശുപള്ളിക്കാരായ നിങ്ങളെ ഞാൻ ഇത് ഏല്പിക്കുന്നു. എന്റെ തറവാട്ടുകാരും കൂടെപ്പിറപ്പുകളും രണ്ടു പ്രകാ രത്തിലും മക്കളുമായിരിക്കുന്ന നിങ്ങൾക്ക് ഇത് എന്റെ ദസ്ത മെന്ത്(Testament) ആകുന്നു... ഞാൻ ലോകത്തിൽ വന്നു എന്ന് ഇതി നാൽ ഓർക്കുന്നതിനു വേണ്ടി ഇതിനെ പാടുള്ളവരൊക്കെയും പകർത്തി എഴുതി വീടുകളിൽ സൂക്ഷിപ്പിൻ. ഇതിനെ കുരിശുപള്ളി പെട്ടിയിൽ വയ്ക്കണം. മാസത്തിൽ ആദ്യം വരുന്ന ശനിയാഴ്ച എല്ലാ വരും കൂടി ഇതു വായിക്ക. ഞാൻ മരിക്കുന്ന ദിവസം ഇതിനാലെ ഓർക്കുക. മറ്റൊരോർമ്മയും എന്നെ കുറിച്ച് നിങ്ങൾ ചെയ്യേണ്ട, പിന്നെയോ മാസം തോറും ഈ ദിവസം ഇതു വായിച്ച ശേഷം: കർത്താവേ, നീതിമാന്മാരുടെ ഭവനത്തിൽ ഈ നിന്റെ ശുശ്രൂഷി യുടെ ആത്മാവിനെ നീ ഉൾപ്പെടുത്തേണമേ! എന്നു മാത്രം എനിക്കു വേണ്ടി ചൊല്ലുവാൻ ഞാൻ നിങ്ങളോടപേക്ഷിക്കുന്നു."

പഴയ നിയമത്തിൽ നിന്നും പുതിയ നിയമത്തിൽ നിന്നും അടർത്തിയെടുത്ത ദൈവവചനം ആശയബന്ധ ത്തോടെയാണു അദ്ദേഹം ഇതിൽ ചേർത്തിരിക്കുന്നത്. ദൈവിക പദ്ധതിയിലും, തിരുസഭയുടെ ദൗത്യത്തിലും, സാമൂഹ്യബന്ധ

ത്തിലും കുടുംബങ്ങളുടെ സ്ഥാനം എന്തെന്ന് ചാവറ പിതാവ് നാല്പ തിന കുടുംബചട്ടത്തിൽ പ്രതിപാദിക്കുന്നു.


1868-ന് മുമ്പ് തിരുസഭാചരിത്രത്തിൽ ഇത്രയും വ്യക്തമായ ഒരു കുടുംബചട്ടം നൽകപ്പെട്ടിട്ടില്ല എന്നതും, ആധുനിക യുഗത്തിലെ കുടുംബങ്ങൾക്കും ഏറ്റം അനുയോജ്യമായ ചിന്തകളാണ് ഇതിലൂടെ പങ്കുവെക്കപ്പെട്ടിരിക്കുന്നത് എന്നതും അതിലുപരി, ക്രൈസ്തവത്തിനും സ്വീകാര്യമായ ചിന്തകളാണ് ഇതിൽ പങ്കുവെക്കപ്പെട്ടിരിക്കുന്നത് എന്നതുതന്നെ തെളിവാണ് ചാവറ പിതാവ് പ്രാർത്ഥിച്ച് ദൈവനിവേശനത്താൽ എഴുതിയതാണ് ഈ കുടുംബക്രമം എന്നത്.

പുസ്തകപരിചയം

## നൂറുമേനി വിളവ്

**ഡോ. ജെ. എസ്. തേക്കുങ്കൽ, C.M.I**

ഈശോയുടെ വിത്തുകളുടെ ഉപമയിൽ നിന്ന് പ്രചോദമുൾക്കൊണ്ടാതാണ് നൂറുമേനി വിളവ് എന്ന ചെറുഗ്രന്ഥം. ഡോ. എസ്. തേക്കുങ്കലച്ചന്റെ ഏറ്റം പുതിയ ഈ പുസ്തകം വചനോപാസകർക്കും വചനം പ്രസംഗിക്കുന്നവർക്കും നല്ലൊരു കൈപുസ്തകമായാരിക്കും.




'വചനം' മാസികയിൽ പലപ്പോഴായി പ്രസിദ്ധീകരിച്ച 11 ലേഖലങ്ങളുടെ സമാഹരാമാണ് 'നൂറുമേനി വിളവ്'.

നല്ല നിലത്ത് വിണ വിത്ത് മുപ്പതും അറുപതും മേനി വിളയിച്ചതു കൊണ്ടാവില്ല. നൂറൂ മേനി വിളയിക്കണം. അതിന് ഹൃദയവയൽ നന്നായി ഉഴുതുമറിച്ച് വളമിട്ട് തയാറാക്കണം. അപ്പോൾ നൂറൂ മേനി വിളയും.

ദീപിക ബുക്ക് ഹൗസ് പ്രസിദ്ധീകരിക്കുന്ന 'നൂറുമേനി വിളവി'നു പേജ് 80, വില 75 രൂപ.

ഡോ. ജെ. എസ്. തേക്കുങ്കൽ, C.M
ദീപിക ബുക്ക് ഹൗസ്
ശാസ്ത്രി റോഡ്, കോട്ടായം 686001
ഫോൺ: 0481 2564547
deepikabookhouse@gmail.com
പേജ് 80, വില Rs 75

*News and Views*

## ***Dharmaram News***

**September –November 2016**

**1.Olympic Quiz**

Olympic Quiz Competition was organized under the auspices of Literary and Cultural Academy of Dharmaram on 06 September 2106. Six teams participated in the programme representing each section. Fr. Thomas Thekkel, the Director of LCA was the Quiz-master. All the teams performed well and brothers of Second year Philosophy and Third Year Theology won the first and second positions respectively. The programme helped the community to have a flash back of the wonderful moments of the recent Rio Olympics and many other previous events.

**2.Placid Endowment Lectures 2016**

Placid Endowment Lectures were organized by the Institute of Oriental Canon Law (IOCL) during 06 – 09 September, under the leadership of Rev. Dr. Varghese Koluthara CMI, Director, IOCL. Internationally famous Canonist Chore Bishop John D. Faris was the resource person. The theme of the lectures was *Canon Law on Ecumenism*. Rev. Dr. Sunny Kokkaravalayil SJ, delegate from Pontificio Istituto Orientale (PIO), Rome to IOCL, DVK, was also present. The lectures were inaugurated by Rev. Dr. Paulachan Kochapilly, President, DVK.

***3.Onam* Celebrations**

***a.Athapookkalam***

Flower carpet (*Athapookkalam*) competition was organized by the LCA on Saturday, 10 September. All the brothers actively

participated and six amazing *pookkalams* were made. Brothers of Third Year Theology, College section and I Year Theology won the first, second and third prizes respectively. Many Parishners and a good number of members of neighbouring Religious communities came over to Dharmaram to watch the *Pookkalam*.

***b.Sravanam: Cultural programme in the Evening of Onam.***
A cultural delight – Sravanam was staged by the scholastics of First year Philosophy on Wednesday, 13 September as part of Onam Celebrations. The performance of the youngest brothers of Dharmaram was commendable. The one and a half hour programme concluded with the distribution of prizes for the winners of various competitions organized by LCA in connection with Independence Day and Onam celebrations. During his message Fr Rector told that the celebrations should help us to imbibe the values conveyed by *Onam*.

**4.Renovation of Dharmaram Chapel**
The renovation of Dharmaram main Chapel commenced on 10 September as per the decision of the Local Council. It is a pretty long and laborious work that takes about 2-3 months. During these days the celebration of the Divine Liturgy and all the common prayers are shifted to BJTM Hall. **Roofing of all the main buildings** of Dharmaram, for preventing leakage, is completed. It took about 3 years and has been an expensive work. Now Dharmaram buildings have a new look and we got a lot of extra space for multiple purposes.
**5.Talk on Global Mission**
Rev. Fr. Jose Panthaplamthottiyil, Former Prior General, having a lot of experience in Global Mission and currently rendering pastoral services in the USA had a sharing session with Dharmaram Community

on Global Mission on Saturday, 17 September. The session was really enriching and motivating.

**6.A new path way from Christ School Road to Christ University** main campus, has been opened recently. **Another small gate** is opened between Christ School(state syllabus) and St. Thomas church compound, exclusively meant for the children attending catechism classes.

**7.Blood Donation Camp**

A blood donation camp was organized by the Youth Association of St. Alphonsa parish, Double Road at Theology block, DVK on 23 October 2016. It was a great success with the participation of more than 150 donors. Parishioners from various parishes in Bangalore and our scholastics joined hands for this noble mission. Hearty congrats to Fr Joy Kakkanattu, Vicar and Fr Joy Kizhakkayil, Youth Co-ordinator.

**8.Dalit Solidarity Lectures**

The Dalit Solidarity Lectures-2016 were organized by the Centre for Dalit Solidarity under the auspices of Faculty of Philosophy, DVK on 28 October 2016. Theme was "*Constitutional Rights of Dalits and the Present Scenario*" and Mr. T. S. S. Mani was the resource person. The atrocities done to Dalits and of the socially neglected milieu of these people in spite of the constitutional rights granted was the area of discussion and assessment in the lectures. The lectures were really enriching and enlightening.

**9.Prof. A. Mathias Mundadan CMI Annual Lectures**

The lectures which were instituted in memory of Prof. Mathias Mundadan, were organized this year, on Monday, 31 October, under the auspices of Faculty of Theology, DVK on the theme '*Addressing*

*Challenges in Contemporary Indian Society: Religious Engagement for Change.'* Rev. Dr Roger Gaikwad was the Speaker. During the Inaugural session, Fr. Thomas Aykara, Rector, Dharmaram College, shared his Reminiscences of Prof. Mundadan.

**10.Mercy Year Movie Meditation**

Dharmaram Audio Visual Department, under the leadership of Fr. Biju Kunnumpuram organised a film festival "*Mercy Year Movie Meditation*" during the semester vacation from 18th to 21st of October. The resource person was Dr. Benny Benedict Chiramel CMI, the Director of Chetana, Thrissur. There were films, short films, documentaries, and discussions. Brothers who were interested in movies and had a taste in film making utilized this opportunity.

**11.Scholastics to Kengeri**

As a new initiative, 10 scholastics from our E- section, II year Philosophy, started going to our St. Mary's Farm, Kengeri, to join hands with Rev. Fr George Nellikunnel, the director, in the works of dairy farm and agriculture, during weekends, Friday evening to Sunday evening. Fr Mathew Attumkal, their Master, accompanies them as best as he can. The Brothers really enjoy their involvement in our farms.

**12.Mercy and Compassion in Indian Philosophy: Faculty Seminar**

Faulty of Philosophy, DVK conducted its Faculty Seminar on the World Philosophy Day, 17 November 2016. The topic was "*Mercy and Compassion in Indian Philosophy and Culture*". Professors and students from our affiliated institutions, namely De Paul Institute of Philosophy, Kengeri and Pushpasram, Mysuru, also participated in the seminar. Papers and their responses presented by the students were followed by interactions. The sessions and interactions helped

the participants very much to unravel and reflect more on the message of mercy intertwined in Indian Philosophical systems and our great epics.

**13.Rector's Day**

The Rector's day celebrations generated waves of vibrancy and enthusiasm in the community. It helped the Dharmaram family, once again to express the community spirit and to be enriched with the feeling of togetherness. The sports day in connection with the Rector's day, involving track and field events, was conducted on Tuesday, 01 November. The athletic competitions had a very good standard and the cheering and support of all sections spurred up the atmosphere. The indoor and outdoor games witnessed many vigorous moments. The basket ball and volleyball games between fathers as two opposite groups turned back the clock as the veterans created dazzling performances. All the events in general maintained a jubilant mood in the community.

Prayer service was conducted on the Eve of Rector's day, 18 November. Superiors and members from the communities on Dharmaram Campus (Research Centre, *Adhyayana*, and Kuriakose Elias Chavara Study House) came and wished Fr. Rector and had lunch together with the Dharmaram Community on Rector's Day, 19 November 2016. The Rector's day celebrations for the CMI Community commenced with the concelebrated Divine Liturgy at 4 pm which was followed by community gathering in the BJTM Hall and dinner arranged in the mango grove.

**14.Mercy in Practice: Release of a Book**

During gathering of Rector's Day on 19 November, *'Mercy in Practice: Theological Reflections on the Life of St. Kuriakose Elias Chavara'* a book published by Dharmaram publications was released by Rev Fr Thomas Aykara CMI, Rector, presenting its first

copy to Rev. Fr Joshy Cheruparambil CMI. This book is the expanded version of Chavara Lectures-2016 delivered by Rev. Dr Joseph Xavier SJ, Gregorian University, Rome, at DVK on 15 June 2016. Our sincere thanks to Fathers Shaji Kochuthara and Benny Nalkara, Directors of Centre for the Study and Research on Chavara.

**15.Conclusion of Year of Mercy**

The Conclusion of Year of Mercy was observed with due importance on the Feast of Christ the King, on 20 November 2016 with a solemn Divine Liturgy along with special homily on Year of Mercy. *Nalla Appante Chavarul* was distributed to the public who attended the mass. We shared our Lunch in Dharmaram dining hall with the guests from ASVAS, (where we serve free meal to around 400 people every day), most of whom were the poor patients and their bystanders from the nearby hospitals. Scholastics, under the loving guidance of Fr John Marius attended the people with care and concern.

## *Darsana Institute of Philosophy, Wardha News*

**Village Experience Programme (VEP)**

The second year brothers were away for the Village Experience Programme from 18th October to 29th October. They went in four groups to different mission stations of the Chanda diocese. All of them were able to touch the down to earth life and activities of the people in their respective mission stations.

**Community Day**

Darsana community celebrated the community day along with Rector's day with due solemnity on 20th November. We had the solemn Eucharistic celebration and family gathering with camp fire and cultural programmes by the community.

## Sports Day

On 19th November we had the annual sports day of Darsana Institute of Philosophy. Brothers had a nice platform to explore and exhibit their athletic spirit and skills.

## Research Paper Presentation

Second year brothers presented their research papers on 29th and 30th of November. Their spectacular thoughts, amazing philosophical visions, and their unique way of presentation were the attraction of the event. Hearty congratulations to all the brothers for your unique contributions!!!!!

## Vocation Class

A special course on vocation enrichment was conducted in Darsana on 5th November. Fr. Dr. Tomy Tharayil of the Archdiocese of Changanacherry enlightened us with his innovative reflections on vocation. Staff and students from Darsana and Claritian Ashram, and sisters and the Atmadarsan students from different religious congregations attended the course.

# മുഹമ്മ മദർ തെരേസ ഹൈസ്കൂൾ മദർ തെരേസയുടെ നാമധേയത്തിൽ ലോക ത്തിലെ ആദ്യ സ്കൂൾ



*മുഹമ്മ മദർ തെരേസ ഹൈസ്കൂൾ നേതൃത്വത്തിൽ മദർ തെരേസയെ വിശുദ്ധ യായി പ്രഖ്യാപിച്ചതിന്റെ ആഘോഷം ബഹു: സിവിൽ-സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. പി. തിലോത്തമൻ ഉദ്ഘാടനം ചെയ്യുന്നു*

വേമ്പനാട്ടു കായലിന്റെ തലോടലേറ്റ് ചേർത്തല താലൂക്കിന്റെ തെക്കു കിഴക്കേ അറ്റത്തു സ്ഥിതി ചെയ്യുന്ന ഒരു കൊച്ചു ഗ്രാമമാണ് മുഹമ്മ. സാമ്പത്തികമായി വളരെയധികം പിന്നോക്കമായിരുന്നെങ്കിലും സാക്ഷരതയിലും, സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലുമെല്ലാം ഈ ഗ്രാമം മുൻപന്തിയിൽ നിന്നിരുന്നു.

പള്ളികളോടുചേർന്ന് പള്ളിക്കൂടവും തുടങ്ങുന്നില്ലായെങ്കിൽ പള്ളിമുടക്ക്, വിശുദ്ധ ചാവറയച്ചന്റെ ഈ തിരുവരുൾ ശിരസ്സാവഹിച്ചുകൊണ്ട് സി.എം.ഐ. സഭയുടെ ഒരു സ്വപ്നസാക്ഷാത്ക്കാരമായി 1982 ജൂൺ ഒന്നാം തീയതി മുഹമ്മ നസ്രത്ത് കാർമൽ

ദേവാലയത്തിനോടു ചേർന്ന് മദർതെരേസ ഹൈസ്കൂൾ (ടമേലേ ട്യഹഹമയൗഞെശറലറ) എന്ന നാമധേയത്തിൽ എട്ടാം ക്ലാസ്സിൽ പതിമൂന്നു വിദ്യാർത്ഥികളുമായി ആദ്യ അധ്യയന വർഷത്തിനു തുടക്കം കുറിച്ചു.

കുട്ടികളുടെ വളർച്ച, ബൗദ്ധികമായും സാമൂഹികമായും വ്യക്തിയുടെ വികാസത്തിനും, ധർമ്മ പരിപാലനത്തിനും ഉപകരിക്കണമെന്ന ശൈലി സ്കൂളിന്റെ മുഖമുദ്രയായിരുന്നു. സ്കൂൾ മാനേജരായി പ്രവർത്തിച്ച ഫാ. മാത്യു പോളച്ചിറ, പ്രഥമാധ്യാപകനായ ഫാ. ജോസ് ടി. മേടയിൽ, അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നിവരുടെ ശ്രമഫലമായി കുട്ടികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു. അങ്ങനെ ആദ്യ വർഷം രണ്ടു ഡിവിഷനുകളിലായി 84 കുട്ടികൾ 4 അദ്ധ്യാപകർ. സ്കൂളിന്റെ രണ്ടാം വർഷം കൂടുതൽ ഊർജ്ജസ്വലമായി. സുപ്രീം കോടതിയുടെ മുൻകാല പ്രാബല്യത്തോടൊപ്പമുള്ള വിധിയെത്തുടർന്ന് സ്കൂളിന്റെ പ്രവർത്തനങ്ങൾക്കു സർക്കാർ അധികാരികളിൽ നിന്നുമുള്ള എല്ലാ നിയമ തടസ്സങ്ങളും മാറിക്കിട്ടി. 1985 -ൽ പുതിയ സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചതോടെ സ്കൂൾ അതിന്റെ പൂർണ്ണരൂപത്തിലെത്തുകയും, എസ്സ്. എസ്സ്. എൽ. സി. സെന്റർ അനുവദിച്ചു കൊണ്ടുള്ള ഉത്തരവു ലഭിക്കുകയും ചെയ്തു. ആദ്യ ബാച്ച് വിദ്യാർത്ഥികൾ മുഴുവനും പരീക്ഷയെഴുതുകയും ഏറ്റവും ശ്രദ്ധേയമായ വിധത്തിൽ ഉയർന്ന മാർക്കോടുകൂടി നൂറു ശതമാനം വിജയം കൈവരിച്ച് സ്കൂളിന്റെ അന്തസ്സും അഭിമാനവും കാത്തുസൂക്ഷിച്ചു. അവിടുന്നങ്ങോട്ട് കൂടുതൽ ഉയരത്തിലേയ്ക്കുള്ള കുതിപ്പായിരുന്നു.

മദർ തെരേസ ജീവിച്ചിരിക്കുമ്പോൾ തന്നെ അതേ പേരിൽ അറിയപ്പെട്ട ലോകത്തിലെ തന്നെ ഏക സ്കൂളാണിത്. സ്കൂളിന് എന്ത് പേര് നൽകണം എന്നതിനെ സംബന്ധിച്ച് ഒരുപാട് തർക്കങ്ങൾ തുടക്കത്തിൽ നേരിടേണ്ടി വന്നു. കാർമൽ എന്നോ കർമ്മലറാണി എന്നോ പേരിടാം എന്ന് ഒരു വിഭാഗം ആൾക്കാർ വാദിച്ചു. എന്നാൽ മുഹമ്മ പ്രദേശത്തിന്റെ പശ്ചാത്തലത്തിന് ആ പേര് അനു

യോജ്യമല്ലെന്ന് മറ്റൊരു വിഭാഗം. മുഹമ്മ നിവാസികൾ നാനാജാതി മതസ്ഥരും, ദരിദ്രരായ കർഷക-കയർ തൊഴിലാളികളും, മത്സ്യത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്നിടമായിരുന്നതിനാലും എല്ലാവർക്കും അനുയോജ്യവും സ്വീകാര്യവുമായ ഒരു പേരിനായി ആദ്യകാല അധികാരികൾ ശ്രമിച്ചു. അക്കാലയളവിലാണ് കൽക്കട്ടയിലെ ജീവിക്കുന്ന വിശുദ്ധയും, നാനാജാതി മതസ്ഥരുടെ സ്നേഹ ഭാജനവും, പാവങ്ങളുടെ അമ്മയുമായ മദർതെരേസായ്ക്ക് സമാധനത്തിനുള്ള നോബൽ സമ്മാനവും, മാഗ്സസെ അവാർഡും ലഭിച്ചത്. ആ അമ്മയുടെ പേര് തന്നെയാണ് മുഹമ്മ പ്രദേശത്ത് എല്ലാവർക്കുമായി സ്ഥാപിക്കുന്ന ഈ സ്കൂളിന്റെ നാമം എന്ന് എല്ലാവരും ഒരേ സ്വരത്തിൽ അംഗീകരിച്ചു.




## മുപ്പത്തിനാലു വർഷം പിന്നിടുന്ന മദർതെരേസ സ്കൂൾ

മുപ്പത്തിനാലാം വയസ്സിലെത്തിനിൽക്കുമ്പോൾ ഈ സരസ്വതീ ക്ഷേത്രം പടർന്നു പന്തലിച്ച് ഒരു വൻ വൃക്ഷമായി മാറിയിരിക്കുന്നു. ചേർത്തല വിദ്യാഭ്യാസ ജില്ലയിലെ എല്ലാ സ്കൂളുകളേയും പിന്നിലാക്കിക്കൊണ്ട് പാഠ്യ-പാഠ്യേതര രംഗങ്ങളിലെല്ലാം മികവു തെളിയിച്ച് മുന്നേറിക്കൊണ്ടിരിക്കുന്നു. രണ്ട് ഡിവിഷനുകളിലായി 84 കുട്ടികളുമായി തുടക്കം കുറിച്ച സ്കൂളിൽ ഇന്ന് ഹൈസ്കൂൾ

വിഭാഗത്തിൽ മാത്രം 18 ഡിവിഷനുകളിലായി 702 കുട്ടികളുമായി നിലകൊള്ളുന്നു. തുടർച്ചയായി അഞ്ചു വർഷവും ചേർത്തല വിദ്യാഭ്യാസ ജില്ലയിലെ കലാകിരീടം മദർ തെരേസ ഹൈസ്കൂളിന് സ്വന്തമായി. ഈ വർഷം പതിമൂന്നു കുട്ടികൾക്ക് മുഴുവൻ വിഷയങ്ങൾക്കും അ+ ഉം നൂറുശതമാനം വിജയവും നേടി. മികവ് 2016 -ലെ ഏറ്റവും മികച്ച സ്കൂളിനുള്ള ട്രോഫി ബഹു: വിദ്യാഭ്യാസ മന്ത്രി സി. രവീന്ദ്രനാഥ് - ന്റെ കൈയ്യിൽ നിന്നും കരസ്ഥമാക്കി സ്കൂളിന്റെ അഭിമാനം കാത്തുസൂക്ഷിച്ചു.

## മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിച്ചതിന്റെ ആഘോഷവും തെരേസ ഭവനപദ്ധതി (സഹപാഠിയ്ക്കൊരുവീട്) ഉദ്ഘാടനവും

കൽക്കട്ട തെരുവുകളിൽ നിരാലംബരും നിരാശ്രയരുമായി മരിച്ചു ജീവിക്കുന്നവർക്കുവേണ്ടി ജീവിതം മുഴുവൻ എരിഞ്ഞു തീർന്ന മദർതെരേസ ഇന്ന് വിശുദ്ധ പദവി നേടി. ജീവിച്ചിരിക്കുമ്പോൾ തന്നെ പാവങ്ങളുടെ അമ്മ, ജീവിക്കുന്ന വിശുദ്ധ, എന്നീ പേരുകളിൽ മാനവമക്കളുടെ മനസ്സിൽ ഇടം നേടി.

മാതൃസ്നേഹത്തിന്റെ മൂർത്തീഭാവവും പാവങ്ങുടെ അമ്മയുമായ മദർതെരേസയെ വിശുദ്ധയായി പ്രഖ്യാപിച്ചതിന്റെ ആഘോഷവും പി. ടി. എ. യുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന തെരേസ ഭവനപദ്ധതി (സഹപാഠിയ്ക്കൊരുവീട്) 2016-17 ന്റെ ഉദ്ഘാടനവും 2016 ഒക്ടോബർ 1-ാം തീയതി ശനിയാഴ്ച വൈകുന്നേരം 5 ന് സി.എം.ഐ. സഭയുടെ തിരുവനന്തപുരം പ്രൊവിൻഷ്യൽ റവ. ഫാ. സിറിയക് മഠത്തിലിന്റെ അധ്യക്ഷതയിൽ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുകയുണ്ടായി. ബഹു: സിവിൽ-സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. പി. തിലോത്തമൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. തെരേസ ഭവനപദ്ധതിയുടെ ഉദ്ഘാടനം ബഹു: ആലപ്പുഴ എം. പി. ശ്രീ. കെ. സി. വേണുഗോപാൽ നിർവ്വഹിച്ചു. ആലപ്പുഴ രൂപതാധ്യക്ഷൻ അഭിവന്ദ്യ പിതാവ് റവ. ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ അനുഗ്രഹപ്രഭാഷണം നടത്തി. മദർതെരേസയുടെ

പ്രതിമ അനാച്ഛാദനം ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജി. വേണുഗോപാൽ നിർവ്വഹിച്ചു.

ജാതിയുടെയും മതത്തിന്റെയും പേരിൽ ചേരിതിരിവുകൾ സൃഷ്ടിക്കുകയും, സമൂഹാന്തരീക്ഷമാകെ കലുഷിതമായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിലും മതസഹിഷ്ണതയുടെയും മതസൗഹാർദ്ദത്തിന്റെയും സന്ദേശങ്ങൾ ഉയർത്തിപ്പിടിക്കാൻ, ആതുരസേവനത്തിലൂടെ ലോകത്തിന്റെയൊക്കെ പ്രശംസ പിടിച്ചുപറ്റിയ ആദരണീയനായ മദർതെരേസയുടെ നാമത്തിൽ സ്ഥാപിതമായ ഈ സ്ഥാപനത്തിന് കഴിയുന്നുവെന്നത് ഈ ഗ്രാമത്തിനുതന്നെ അഭിമാനമാണ്.

## *Carmel Vidya Bhavan Pune News*

### Canonical Visit

Fr. Prior General and Fr. Johny Edapulavan, the general auditor had come here for canonical visitation in the middle of the month of August. Fr. General had talked with the inmates of CVB and moved around the JDV campus and spoke to JDV academicians too. He demanded an action plan in which development and excellence are given importance. We are working with it and will be executed soon.

### Sunny Memorial Choir Competition

On August28th, Carmel Parish had hosted a choir competition in memory of Fr. Sunny who was a priest in Kalyan Diocese. There were 8 teams from different parishes. The Carmel Choir with its melodious voice turned out to be the winners. Hats off to the Carmel Choir team…..

### ONAM Celebration

CVB had celebrated ONAM on 16th September in a jubilant way. There was an ONASADYA on the occasion, with 18 types of curries. On the following day, the POOKKALAM competitions were

held in the parish. In the parish ONAM was celebrated on 18th of September with a solemn Holy Mass followed by ONASADYA.

**Jubilee Celebrations of Fr. Rector**

Fr. Rector celebrates the Golden Jubilee of religious profession this year. We, the CVB community along with Christ College and Carmel Parish, celebrated the Jubilee on 8th October in a magnificent way. It was for two days. On 8th we had a public gathering in which Mar Thomas Elavanal, the Bishop of Kalyan Diocese was the chief guest. The function was scintillated with the cultural programme headed by CVB brothers, Christ College Students, parishioners and catechism students of Carmel Parish. On 9th October, there was a solemnly celebrated Holy Mass concelebrated in which Fr. Rector was the main celebrant, which was followed by a sumptuous dinner.

**Semester Exams and Holidays**

Our semester exams were in the midst of October and everyone did well in the exams. The semester holidays were for a fortnight. During the vacation, the third years left for mission trip. They visited almost all our mission centres in Bijnor. They had a three day retreat there in view of their Diaconate. The mission trip and the retreat were a great experience for them. Meanwhile, the second year brothers went off to Goa for a picnic. The new semester resumed after the vacation on 31st of October.

**10 days Rosary devotion in the Parish**

The traditional 10 days rosary devotion began on 21st October. The Rosaries were led by each of the wards in the Parish. The four first year brothers and four second years preached homilies in these days. The parishioners took part in this traditional spiritual devotion in a zealous manner.

**Diaconate and Sub-Diaconate**

Six third year brothers were conferred Diaconate and 9 second years Sub-Diaconate on 13th of November. Bishop Prince Panengadan

of Adilabad Diocese ordained them. The parents, relatives of brothers and many priests witnessed this holy event. We had prepared well in advance for the ordination. We conducted seminars for both the Deacons and for the Sub-Deacons. All of us took part in the seminars which were done in two days. We also had various spiritual orientations and initiations into the life of priesthood by various resource persons which were culminated by the adoration led by Bishop Prince. Congratulations to all the deacons and Sub-deacons.

**Holy Communion of Children and Parish Feast**

The First Holy Communion of the children from our Parish was conducted on 20th November. There were 14 Children who received Holy Communion for the first time.

The feast of our Lady of Mount Carmel, St. Sebastian and St. Chavara was on 27th November. A novena observance had begun on 18th November on which the flag was hoisted for the feast. All the parishioners took part in the feast and had the blessings on this gracious occasion.

## First Profession and Vestition at Anudhavana, Mancherial



The First Profession and Vestition held at Anudhavana on the feast of Immaculate Conception, i.e., December 8, 2016, was an

inspiring experience for all those who attended it. Fourteen novices of the 7 CMI Mission provinces made their first profession and had their vestition during a liturgical celebration with Bishop Prince Panengadan as the main celebrant, and Fr. Varghese Vithayathil CMI, Vicar General, all the 7 provincials, General Formation Coordinator Fr. Paulson Thaliyath CMI, and Rector, Fr. Sany Kannampuzha CMI, as co-celebrants. There were about 60 priests, 40 sisters in addition to the parents, relatives and friends of these novices attending the 3 hour long liturgical celebration along with Bishop Joseph Kunnath, bishop emeritus of Adilabad diocese at Anudhavana Chapel.

The programme started with procession from the grotto to the church, where these novices knelt down in front of the altar face to face and their parents had imposed their hands on them and prayed for their initiation into consecrated vowed life. Fr.Sany Kannampuzha CMI, welcomed all the dignitaries and guests and introduced the programme explaining in short the meaning of vowed life. Fr. Peter Kochalumkal CMI, provincial superior of St. Xavier's Province, Rajkot delivered the homily and shed light on the radical changes that take place in the people due to the intervention of the Holy Spirit, starting with Mother Mary and Elizabeth.

Vestition and first profession were administered by Fr. Varghese Vithayathil, who blessed their religious habit and enquired solemnly their willingness and readiness for the radical following of the foot prints of Lord Jesus. Bishop Prince Panengadan blessed them while they were prostrating for receiving the Holy Spirit. Their respective provincials received their document of profession and blessed them. They were Bros. Biju Pullukalayil and Jithin Kappalumackal from Bellampally province, Bibin Chellamkottu, Manohar Xalxo, and Sameer Minj from Bhavnagar province, Jerin Kachappilly from Bhopal Province, Paulson Madathiparambil from Bijnor province, Nobin Vallippayil and Prestin Vadakeveettilan from Chanda Province, Jonis Khalkho, Nithin Lakra, Sanjeet Kerketta and Sudheer Kerketta from Jagdalpur province, and Thomas Menachery from Rajkot province. Bro Jerin Kachappilly proposed Vote of Thanks after the communion. The melodious Choir from Nazrath Bhavan,



Bellampally under the competent leadership of Fr. Jobish Chalil CMI made the liturgical celebration an inspiring experience. Fr. Jins Varacheril CMI guided the programme by his multi lingual commentary. This could be the last batch of novices making their profession here as the CMI Novitiate at Anudhavana is being shifted to a new campus at Budhni, near Hoshangabad in Madhaya Pradesh by June 2017.

## ***Chavara Cultural Centre, Kochi, News***

### ഫ്രഞ്ച് അംബാസിഡർ ചാവറയിൽ : കലാസാംസ്കാരികവിനിമയ പരിപാടികൾക്ക് തുടക്കമായി

കലാ-സാംസ്കാരിക കൈമാറ്റത്തിലൂടെയും മതാന്തരസൗഹാർദ്ദ ത്തിലൂടെയും സാംസ്കാരിക ഉയർച്ചയും മതസഹിഷ്ണുതയും സാധ്യമാക്കുന്നതിന് ചാവറ കൾച്ചറൽസെന്ററും ഫ്രഞ്ച് ഗവൺമെന്റിന്റെ സാംസ്കാരിക വിഭാഗംവേധാവികളുമായി സംഭാ ഷണം നടന്നു. ഇന്ത്യയിലെ ഫ്രഞ്ച് അംബാസിഡർ അലക്സാന്ദ്ര സെഗ്ലർ, സഹകരണ- സാംസ്കാരിക കോൺസുലർ ബെർട്രന്റ് ദെ ഹാർതിംഗ്, നിക്കോളാസ് ഫൊർണാഷ്, അലിയോൺസ് ഫ്രാൻസൈസ് ട്രിവാൻഡ്രം ഡയറക്ടർ ഫ്രാൻസ്വെ ഗേഷ്യൻ, സസീ

ഹയൂൺ എന്നിവരുമായി പ്രിയോർ ജനറൽ റവ. ഫാ. പോൾ ആച്ചാണ്ടി, വിദ്യാഭ്യാസ-മാധ്യമ വിഭാഗം ജനറൽ കൗൺസിലറും ചാവറ കൾച്ചറൽ സെന്റർ ചെയർമാനുമായ ഫാ. സെബാസ്റ്റ്യൻ തെക്കേടത്ത്, ഫാ. റോബി കണ്ണൻചിറ എന്നിവർ നടത്തിയ ചർച്ചയിൽ വിവിധ മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിന് ധാരണയായി. സാംസ്കാരിക വിനിമയ പരിപാടിയിലൂടെ ഫ്രാൻസിലെയും ഇന്ത്യയിലെയും പ്രത്യേകിച്ച് കേരളത്തിലെയും തനതു കലകൾ അവതരിപ്പിക്കുക, മതസൗഹാർദ്ദ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, സാഹിത്യ-സാംസ്കാരിക ചർച്ചകൾ സജീവമാക്കുക, ഫ്രഞ്ച് ഭാഷാ പഠനം പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയ്ക്ക് ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

**പാഠം പഠിച്ച വിദ്യാർത്ഥിയുടെ കൃത്യതയാണ് മധുവിന്റെ അഭിനയബലം കെ. എസ്സ്. സേതുമാധവൻ**

പാഠം പഠിച്ച വിദ്യാർത്ഥിയുടെ കൃത്യതയാണ് മധുവിന്റെ അഭിനയബലമെന്നും ഈശ്വരന്റെ കൈയിലെ ഉപകരണമാണ് താനെന്നും




പ്രശസ്ത സംവിധായകൻ സേതുമാധവൻ അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്ററിന്റെ ഗുരുവന്ദനപുരസ്ക്കാരം സ്വീകരിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗുരുവന്ദനപുരസ്ക്കാരം പ്രാമാണിക ചലച്ചിത്രകാരനായ സേതുമാധവനും, യുവപ്രതിഭാ പുര

സ്ക്കാരം **മഹേഷിന്റെ പ്രതികാരം** എന്ന സിനിമയുടെ സംവിധായകൻ ദിലീഷ് പോത്തനും സിനിമാനടൻ മധു സമ്മാനിച്ചു.ചാവറ മൂവി സർക്കിളിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 3-ാ മത് ചാവറ ഷോട്ട് ഫിലിം ഫെസ്റ്റിവലിന്റെ സമാപനത്തോടനുബന്ധിച്ചാണ് പുരസ്ക്കാരങ്ങൾ സമ്മാനിച്ചത്.

ഷോട്ട് ഫിലിം മത്സരത്തിൽ മികച്ച ചിത്രമായി **ആമി ഒരു പെൺകുട്ടിയും ഷീ നത്തിംഗ് അൺസെഡ്** എന്ന ചിത്രത്തിന്റെ സംവിധായകനായ വിഷ്ണു സി. ബി. മികച്ച സംവിധായകനായും തെരഞ്ഞെടുക്കപ്പെട്ടു. ക്യാമ്പസ് വിഭാഗത്തിൽ മികച്ച ചിത്രമായി **എക്സോഡസും** തെരഞ്ഞെടുക്കപ്പെട്ടു. മികച്ച നടനായി **ബുദ്ധിമാനായ കാക്ക** സിനിമയിലെ തരുൺ മൂർത്തി അർഹനായി. ജൂറിയുടെ പ്രത്യേക പുരസ്ക്കാരത്തിന് **93 നോട്ട് ഔട്ട് , എ മെയിൽ ഫോർ കേണൽ ജോൺ വാട്ട്സ്** എന്നീ സിനിമകളെ തെരഞ്ഞെടുത്തു.

പ്രത്യേക പരാമർശങ്ങളുള്ള ചിത്രങ്ങൾ : കുഞ്ഞാറൻ, ബുദ്ധിമാനായ കാക്ക, മാവ്, കൂട്, ചായ, തീർത്ഥം, ടു ബി എ സ്റ്റാർ, കടൽ പറഞ്ഞ കഥ.

കെ. എസ്. സേതുമാധവനും മധുവും വിജയികൾക്ക് അവാർഡുകൾ നൽകി. ചലച്ചിത്ര അക്കാദമി ചെയർമാൻ കമൽ വിജയികൾക്ക് ക്യാഷ് അവാർഡുകൾ നൽകി. ചടങ്ങിൽ ടി. എം. എബ്രഹാം അദ്ധ്യക്ഷനായിരുന്നു. നവതി ആഘോഷിക്കുന്ന എം. കെ. സാനുവിനെ സി. എം. ഐ. സഭാ വിദ്യാഭ്യാസ മാധ്യമ വിഭാഗം മേധാവി ഫാ. സെബാസ്റ്റ്യൻ തെക്കേടത്ത് പൊന്നാടയണിയിച്ച് ആദരിച്ചു. എം. തോമസ് മാത്യു, ടി. കലാധരൻ, പി.ജെ. ചെറിയാൻ, അജിത്ത്കുമാർ, എന്നിവർ പ്രസംഗിച്ചു.

## ചാവറ ഇൻസ്പയർ-എയ്ഡ്സ് ബോധവൽക്കരണത്തിന് ഹൃസ്വചിത്രം വിവിധഭാഷകളിൽ

ജന്മനാ എച്ച്. ഐ.വി. ബാധിതരായ കുട്ടികളേയും കാഴ്ചവൈകല്യമുള്ളവരേയും സംരക്ഷിക്കുന്നതിനായി സ്ഥാപിതമായിരിക്കുന്ന ചാവറ ഇൻസ്പയർ ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ

HIV/AIDS ബോധവൽക്കരണത്തനായി ഹ്യസ്വചിത്രം നിർമ്മിച്ചു. ആറു മിനിറ്റ് ദൈർഘ്യമുള്ള ഹൃസ്വചിത്രം ഇംഗ്ലീഷ്, മലയാളം , ഹിന്ദി, ഫ്രഞ്ച്, സ്പാനിഷ് ഭാഷകളിൽ പുറത്തിറക്കി. മറ്റു ലോകഭാഷകളി ലേക്കും പ്രാദേശികഭാഷകളിലേക്കും മൊഴിമാറ്റം നടന്നുക്കൊണ്ടി രിക്കുന്നു.

ഫ്രഞ്ച് ഭാഷയിലുള്ള ഹൃസ്വചിത്രിത്തിന്റെ പ്രകാശനം ഫ്രഞ്ച് അംബാസിഡർ അലക്സാന്ദ്ര സെഗ്ലർ നിർവഹിച്ചു. സി. എം.ഐ. സഭയുടെ പ്രിയോർ ജനറൽ ഫാ. പോൾ ആച്ചാണ്ടി, ചാവറ കൾച്ചറൽ സെന്റർ ചെയർമാൻ ഫാ. സെബാസ്റ്റ്യൻ തെക്കേടത്ത്, സി. എം. സി. സഭയുടെ അസിസ്റ്റന്റ് സുപ്പീരിയർ ജനറൽ റവ. സി. ഗ്രെയ്സ് തെരേസ്, സി. ചൈതന്യ സി. എം. സി., സി. ലിറ്റിൽ തെരേസാ, ചാവറ ഇൻസ്പയർ ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ പ്രൊഫ. എം. കെ. സാനുവും സൊസൈറ്റി അംഗങ്ങളും പരിപാടി യിൽ സംബന്ധിച്ചു. വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാ വിനാൽ സ്ഥാപിതമായ സി.എം.ഐ., സി.എം.സി. സമർപ്പിത സമൂഹങ്ങളുടെ പ്രതിബദ്ധതയുടെയും സേവനമനസ്സിന്റെയും സംഘാതമായ ശ്രമമാണ് ചാവറ ഇൻസ്പയറിലൂടെ നൂറുക്കണെ ക്കിന് ജന്മനാ HIV ബാധിതരായ കുഞ്ഞുങ്ങളുടെ ജീവിതത്തിലേക്ക് പ്രതീക്ഷയുടെ പൊൻചിറകുകൾ നൽകുന്നത്. ഇത്തരത്തിൽ സംഘാ തമായ ശ്രമങ്ങൾ സജീവമാകുമ്പോൾ സമൂഹത്തിലെ ആയിരക്ക ണക്കിന് ആളുകളിലേക്ക് ക്രിസ്തുസ്നേഹത്തിന്റെ ചാവറ ശൈലി ഒഴുകിയെത്തുമെന്നതിൽ സംശയമില്ല.

## മനുഷ്യാവകാശ സംരക്ഷണത്തിൽ പോലീസിന്റെ പങ്ക് നിർണ്ണായകം : ജസ്റ്റിസ് ജെ. ബി. കോശി

കേസുകൾ ഒത്തുത്തീർപ്പാക്കുന്നതിന് നേതൃത്വം കൊടുക്കുന്നത് വഴി പോലീസ് അഴിമതിക്കു കൂട്ടുനിൽക്കുകയാണെന്നും മനുഷ്യാ വകാശസംരക്ഷണത്തിൽ പോലീസിന്റെ പങ്ക് നിർണ്ണായകമാ ണെന്നും മനുഷ്യാവകാശക്കമ്മീഷൻ മുൻ അധ്യക്ഷൻ ജസ്റ്റിസ് ജെ. ബി. കോശി അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്റർ, ആർ. ടി.

ഐ. കേരള ഫെഡറേഷൻ, ഹ്യൂമൻ റൈറ്റ്സ് ലോ നെറ്റ് വർക്ക്, സെന്റ് ജോസഫ്സ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ ഫോർ വിമൻ എന്നിവർ ചേർന്ന് സംഘടിപ്പിച്ച മനുഷ്യാവകാശദിന സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പോലീസിനെ സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ് പോലീസ് സേനയില്ലാതെ നമുക്ക് മുന്നോട്ടുപോകുവാൻ സാധ്യമല്ല. 20 ശതമാനത്തിൽ താഴെയുള്ളവർമാത്രമാണ് പോലീ




സിൽ നല്ല സ്വഭാവമില്ലാത്തവർ അവരുടെ സംസാരഭാഷപോലും ശരിയല്ലെന്നു ജസ്റ്റിസ് ചൂണ്ടിക്കാട്ടി.

*മനുഷ്യാവകാശ സംരക്ഷണത്തിൽ പോലീസിന്റെ പങ്ക്* എന്ന വിഷയത്തിൽ മുൻ കേരള പോലീസ് മേധാവി ജേക്കബ് പുന്നൂസ് ഐ.പി. എസ് മുഖ്യപ്രഭാഷണം നടത്തി. ബലപ്രയോഗത്തിന്റെ കുത്തക ഭരണകൂടത്തിനുണ്ടാവണം, ഭരണക്കൂടം അനുശാസിക്കാത്തരീതിയിൽ ഒരു പൗരനും ബലപ്രയോഗം നടത്തിക്കൂടാ. എങ്കിൽ മാത്രമേ മനുഷ്യാവകാശം സംരക്ഷിക്കപ്പെടുവാൻ സാധിക്കുകയുള്ളുവെന്ന് ജേക്കബ് പുന്നൂസ് അഭിപ്രായപ്പെട്ടു. എന്നാൽ ഇതിന് നാല് പ്രധാനകാരണങ്ങൾ ഉണ്ടാവണം – ആനുപാതികമായിരിക്കണം, നിയമവിധേയമായിരിക്കണം, കൃത്യമായ തെളിവുണ്ടായിരിക്കണം, ഇത് അവശ്യമായിരിക്കണം. മനുഷ്യാവകാശ സംരക്ഷണത്തിൽ പോലീസ് വളരെയധികം മുന്നോട്ട് പോകേണ്ടതു

ണ്ട്. പ്രത്യേകിച്ച് അറസ്റ്റിനെ സംബന്ധിച്ച് കേരളത്തിൽ നടത്തുന്നത് 90ശതമാനവും അനാവശ്യവും നിയവിരുദ്ധവുമാണെന്ന് അദ്ദേഹം പറഞ്ഞു. 7 കൊല്ലത്തിന് മേലെ ശിക്ഷ ലഭിക്കുന്ന കുറ്റത്തിനുമാത്രമേ അറസ്റ്റ് ചെയ്യാൻ പാടുള്ളുന്നുവെന്നും അദ്ദേഹം പറഞ്ഞു ( 41 C, CRPC), കേരളത്തിൽ പോലീസ് കംപ്ലയിന്റ് അതോറിറ്റി, മനുഷ്യാവകാശകമ്മീഷൻ, വനിതാകമ്മീഷൻ, അസംബ്ലി കമ്മറ്റികൾ തുടങ്ങി നിരവധി ഏജൻസികൾ പൗരാവകാശ സംരക്ഷണത്തിനായുള്ളതും അദ്ദേഹം ചൂണ്ടിക്കാട്ടി. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ.റോബി കണ്ണൻചിറ CMI, ഫാ. ജിൻസ് പടിഞ്ഞാറയിൽ, കെ. എൻ. കെ. നമ്പൂതിരി, ഡോ.സിസ്റ്റർ മേരി ജോസഫ് CMC , അഡ്വ. സന്ധ്യാ രാജു, ജോളി പവേലിൽ എന്നിവർ പ്രസംഗിച്ചു.

## മതസൗഹാർദ്ദ ദീപാവലി ജസ്റ്റിസ് കെമാൽ പാഷ ഉദ്ഘാടനം ചെയ്തു

ദീപം തെളിക്കുന്നത് മറ്റുള്ളവർക്ക് വെളിച്ചമേകുവാനാണ് എന്ന് ജസ്റ്റിസ് കെമാൽ പാഷ അഭിപ്രായപ്പെട്ടു. ഇരുട്ടിനെ അകറ്റി സമാധാനപരമായി ലോകത്തെ പ്രകാശപൂരിതമാക്കുവാൻ വെളിച്ചത്തിന് കഴിയും. ദൈവം തന്നിട്ടുള്ള സൗഭാഗ്യങ്ങൾ ഓർക്കുന്നത് അത് ഇല്ലാതാകുമ്പോഴാണെന്നും അദ്ദേഹം പറഞ്ഞു. കാഴ്ച വൈകല്യമുള്ളവരോടൊപ്പം ചേർന്ന് ദീപാവലി ആഘോഷവും മതസൗഹാർദ്ദ കൂട്ടായ്മയും ദീപം തെളിച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ചാവറ കൾച്ചറൽ സെന്റർ, ലോക മതാന്തര സൗഹൃദവേദി (WFIRC), കാരിക്കാമുറി റസിഡന്റ്സ് അസോസിയേഷൻ എന്നിവർ സംയുക്തമായാണ് ചടങ്ങ് സംഘടിപ്പിച്ചത്: സി.എം.ഐ. സഭാ വിദ്യാഭ്യാസ, മാധ്യമ വിഭാഗം ജനറൽ കൗൺസിലർ ഫാ.സെബാസ്റ്റ്യൻ തെക്കേടത്ത് അധ്യക്ഷത വഹിച്ചു. എറണാകുളം കരയോഗം സെക്രട്ടറി പി.രാമചന്ദ്രൻ നായർ, അഡ്വ. ടി.പി.എം. ഇബ്രാഹിംഖാൻ, കൊച്ചി കോർപ്പറേഷൻ ടാക്സ് കമ്മിറ്റി ചെയർമാൻ കെ. വി.പി. കൃഷ്ണകുമാർ, പി.എൻ. സീനുലാൽ, എഡ്രാക് പ്രസിഡന്റ് രംഗദാസപ്രഭു, സി.ജി. രാജഗോപാൽ, ഡോ.രാധാകൃഷ്ണൻ നായർ



(WFIRC സെക്രട്ടറി), സി.ഡി. അനിൽകുമാർ എന്നിവർ പ്രസംഗിച്ചു. തുടർന്ന് സി.കെ. സാദിഖും ഫേബയും ചേർന്ന് ഗസൽ സംഗീത സന്ധ്യ അവതരിപ്പിച്ചു.

## കൊച്ചി ബിനാലെയുമായി സഹകരിച്ച് പ്രഭാഷണം

KOCHI BIENNALE FOUNDATION

### സംഘടിപ്പിച്ചു ജോസി ജോസഫും മുൻ റോ മേധാവി ഹോർമിസ് തരകനുമായുള്ള സംഭാഷണം

ശരിയായി ഭരിക്കാതിരിക്കാനുള്ള ഭരണാധികാരികളുടെ തന്ത്രമാണ് യുദ്ധമെന്ന് പ്രമുഖ പത്രപ്രവർത്തകനും **കഴുകന്മാരുടെ സദ്യ. ഇന്ത്യൻ ജനാധിപത്യത്തിന്റെ ഒളിക്കച്ചവടം** എന്ന പുസ്തകത്തിന്റെ രചയിതാവുമായ ജോസി ജോസഫ്. രാജ്യത്തെതന്നെ അമ്പരിപ്പിച്ച നിരവധി അഴിമതിക്കഥകൾ വെളിച്ചത്തുകൊണ്ടുവന്നതിന്റെ അനുഭവസാക്ഷ്യമായ **കഴുകന്മാരുടെ സദ്യ ജനാധിപത്യത്തിലെ ഒളിക്കച്ചവടം** എന്ന പുസ്തകം ഏറെ ചർച്ചചെയ്യപ്പെടുന്നതായി അഭിമുഖ സംഭാഷണം നടത്തിയ മുൻ റോ മേധാവി ഹോർമിസ് തരകൻ അഭിപ്രായപ്പെട്ടു. കൊച്ചി മുസരീസ് ബിനാലെ ഫൗണ്ടേഷൻ ചാവറ കൾച്ചറൽ സെന്റർ എന്നിവയുടെ ആഭിമുഖ്യത്തിലാണ് സംഭാഷണം നടത്തിയത്.

## പ്രശസ്ത എഴുത്തുകാരൻ ആനന്ദിന്റെ പ്രഭാഷണം

അധികാരത്തിന്റെ എടുപ്പുകൾ വ്യത്യസ്ത രീതികളിൽ സമൂഹത്തിൽ പ്രയോഗിക്കപ്പെടുന്നുവെന്ന് എഴുത്തുകാരൻ ആനന്ദ് ചൂണ്ടിക്കാട്ടി. ഭരണകൂടം മാത്രമല്ല, കോടതികളും അധികാരം പ്രയോഗിക്കുന്ന കാഴ്ചയാണു ഡൽഹിയിലും സമീപകാലത്തു കേരളത്തിലും കണ്ടുകൊണ്ടിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. **ലെറ്റ്സ് ടോക്ക്** പ്രഭാഷണ പരമ്പരയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കല്ലും മണ്ണും കൊണ്ടു മനുഷ്യൻ നിർമിച്ച കെട്ടിടങ്ങൾക്കു ബലക്ഷയമുണ്ടാകുന്നു. എന്നാൽ, വിശ്വാസത്തിലും പ്രത്യയശാസ്ത്രത്തിലും പടത്തുയർത്തുന്ന നിർമിതികൾ ബലവത്തായി മാറുകയാണെന്ന് അദ്ദേഹം പറഞ്ഞു. എൻജിനീയറിംഗിൽ നിന്നു സാഹിത്യത്തിലെത്തിയ ആനന്ദ് ഇക്കുറി കൊച്ചി ബിനാലെയിൽ ആർട്ടിസ്റ്റായി പങ്കെടുക്കുന്നുണ്ട്.

കൊച്ചി ബിനാലെ മൂന്നാം ലക്കത്തിന്റെ ക്യൂറേറ്റർ സുദർശൻ ഷെട്ടി, ബിനാലെ ഫൗണ്ടേഷൻ സെക്രട്ടറി റിയാസ് കോമു എന്നിവരും പ്രഭാഷണ പരിപാടിയിൽ പങ്കെടുത്തു. കൊച്ചി ബിനാലെ ഫൗണ്ടേഷൻ, കിരൺ നാടാർ മ്യൂസിയം ഓഫ് ആർട്ട്, ചാവറ കൾച്ചറൽ സെന്റർ എന്നിവയുമായി സഹകരിച്ചാണു ലെറ്റ്സ് ടോക്ക് സംവാദ പരിപാടി സംഘടിപ്പിച്ചത്.

## സ്വാർത്ഥത അവസാനിപ്പിച്ച് നിസ്വാർത്ഥ സ്നേഹം വളർത്തിയെടുക്കുവാൻ സാധിക്കണം: മാർ ആന്റണി കരിയിൽ

സ്വാർത്ഥത അവസാനിപ്പിച്ച് നിസ്വാർത്ഥ സ്നേഹം വളർത്തിയെടുക്കുവാൻ സാധിക്കണം, അപ്പോഴാണ് ദൈവരാജ്യം യാഥാർത്ഥ്യമാകുന്നതെന്ന് മാണ്ഡ്യ രൂപത ബിഷപ്പ് മാർ ആന്റണി കരിയിൽ അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്ററിന്റെയും ചാവറ ഫാമിലി വെൽഫെയർ സെന്ററിന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ച ക്രിസ്തുമസ്സ് കരോൾ സന്ധ്യ ഉദ്ഘാടനം ചെയ്ത് സംസാരിക്കുക



യായിരുന്നു ബിഷപ്പ്.

ദൈവരാജ്യം ഈ ലോകത്തിൽ തന്നെ യാഥാർത്ഥ്യമാകണം. കുടുംബത്തിൽ, സാമൂഹ്യ ജീവിതത്തിൽ, ജോലി സ്ഥലങ്ങളിൽ ഒക്കെ ക്രിസ്തുമസ്സിന്റെ സന്ദേശം യാഥാർത്ഥ്യമാക്കിതീർക്കുവാൻ തയ്യാറാകണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ക്രിസ്മസ് കരോൾ മത്സരം "സിംഗ് അൺ ടു ദി ലോർഡ്" ബിഷപ്പ് ഉദ്ഘാടനം ചെയ്തു. ചാവറ കൾച്ചറൽ സെന്റർ ചെയർമാൻ ഫാ. സെബാസ്റ്റ്യൻ തെക്കേടത്ത് അധ്യക്ഷത വഹിച്ചു. സിനിമാ താരം സിജോയ് വർഗ്ഗീസ് മുഖ്യാതിഥി ആയിരുന്നു. ആർ.കെ.ദാമോദരൻ, ഫാ.റോബി കണ്ണൻചിറ സി.എം.ഐ, ഫാ.ജോസ് തച്ചിൽ, ജോൺസൺ.സി.എബ്രഹാം, ജോസഫ് ലോപ്പസ് എന്നിവർ പ്രസംഗിച്ചു.

മത്സരത്തിൽ ഇൻഫന്റ് ജീസസ് ചർച്ച്, ഹൈക്കോർട്ട് എറണാകുളം ഒന്നാം സ്ഥാനവും വർഗ്ഗീസ് മൂലൻ ഫൗണ്ടേഷൻ അങ്കമാലി രണ്ടാം സ്ഥാനവും ഔവർ ലേഡി ഓഫ് പെർപെക്ചുൽ ഹെൽപ് ചർച്ച് ഓച്ചൻതുരുത്ത് മൂന്നാം സ്ഥാനവും നേടി.

## കെ. ജി. ജോർജ്ജിനെ ആദരിച്ചു

ജെ.സി. ദാനിയേൽ പുരസ്കാരം നേടിയ പ്രശസ്ത സിനിമാ സംവിധായകൻ കെ. ജി. ജോർജ്ജിനെ എം. കെ. സാനു ഫൗണ്ടേഷന്റെയും ചാവറ കൾച്ചറൽ സെന്ററിന്റെയും ആഭിമുഖ്യത്തിൽ ആദരിച്ചു. ഇടപള്ളി ചങ്ങമ്പുഴ പാർക്കിൽ നടന്ന ആദരിക്കൽ സമ്മേ

ളനം സംവിധായകൻ ഫാസിൽ ഉദ്ഘാടനം ചെയ്തു. സിനിമയുടെ ക്രാഫ്റ്റ് നന്നായറിഞ്ഞ സംവിധായകനാണ് കെ. ജി. ജോർജ്ജെന്നു ഫാസിൽ പറഞ്ഞു. താനുൾപ്പെടെയുള്ള തലമുറയിലെ സംവിധായകരെ സിനിമയുടെ ലോകത്തേക്കാനയിച്ചതിൽ കെ.ജി. ജോർജജിന്റെ പങ്ക് ചെറുതല്ല. കെ. ബാലചന്ദ്രൻ അധ്യക്ഷനായി. ഡോ. സെബാസ്റ്റ്യൻ പോൾ, ഫാ. റോബി കണ്ണൻചിറ സി. എം. ഐ., പ്രൊഫ. എം. തോമസ് മാത്യു, ജോൺപോൾ എന്നിവർ പ്രസംഗിച്ചു. ജീവിതം കലാപമായപ്പോൾ ആ കലാപത്തെ പ്രകാശിപ്പിക്കാനുള്ള വഴിയായാണ് താൻ സിനിമ തെരഞ്ഞെടുത്തതെന്ന് ജീവിതത്തിന്റെ പരുഷഭാവങ്ങൾ മുള്ളുകളായി നിറഞ്ഞ സ്വപ്നകാലങ്ങളാണ് അതിനു പ്രേരിപ്പിച്ചതെന്നും മറുപടി പ്രസംഗത്തിൽ കെ. ജി. ജോർജ്ജ് പറഞ്ഞു.

### അധ്യാപക ദിനത്തിൽ അനുമോദിച്ചു

ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് മീഡിയ സ്റ്റഡീസിന്റെ നേതൃത്വത്തിൽ അധ്യാപകരെ ആദരിച്ചു. നല്ല അധ്യാപകർ പ്രചോദകരാകണം, അധ്യാപകർ നൽകുന്ന പ്രചോദനങ്ങളെ ഉൾക്കൊള്ളുവാനും മൂല്യബോധത്തോടെ വളരുവാനും വിദ്യാർത്ഥികൾ ശ്രദ്ധിക്കണം. ഹൃദയം കൊണ്ട് സംഭാഷിക്കുന്നവരാകണം അധ്യാപകരെന്നും അധ്യാപകദിം ഉദ്ഘാടനം ചെയ്തു കൊണ്ട് ഫാ. റോബി കണ്ണൻചിറ സി. എം.ഐ. അഭിപ്രായപ്പെട്ടു. പ്രൊഫ. എ. എക്സ്. എഡ്വിൻ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ എല്ലാ അധ്യാപകരെയും അനധ്യാപകരെയും ഉപഹാരം നൽകി ആദരിച്ചു.

### ഫ്രഞ്ച്/അമേരിക്കൻ ചലച്ചിത്ര പ്രദർശനം നടത്തി

ചാവറ മൂവി സർക്കിളിന്റെയും അലിയോൺസ് ഫ്രാൻസൈസിന്റെയും ആഭിമുഖ്യത്തിൽ നവംബർ 21ന് ഫ്രഞ്ച് ചലച്ചിത്രമായ *അൺടച്ചബിൾ* പ്രദർശനം നടത്തി.

സിനിമകൾ സാംസ്കാരിക ഉണർവ്വും, സാമൂഹ്യ പശ്ചാത്തലത്തെക്കുറിച്ചുള്ള അറിവും ഉണ്ടാക്കുന്നുവെന്ന് പ്രഭാഷണം നട

ത്തിയ എ. സഹദേവൻ അഭിപ്രായപ്പെട്ടു. ഓരോ കാലഘട്ടത്തിലെയും സാമൂഹ്യ സാംസ്കാരിക മേഖലകൾ മനസ്സിലാക്കുവാനും, സാംസ്കാരിക വിനിമയത്തിലൂടെ നമുക്ക് സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. അലിയോൺസ് ഡയറക്ടർ ഫ്രാൻസോ ഗ്രേഷോ, ഫാ. റോബി കണ്ണൻചിറ സി. എം. ഐ എന്നിവർ പ്രസംഗിച്ചു. സാംസ്കാരിക വിനിമയ പരിപാടികൾ സംഘടിപ്പിക്കുവാനും ഇന്ത്യ യിലെയും ഫ്രാൻസിലെയും കലകളുടെ സംയുക്ത പ്രവർത്തന ങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ തയ്യാറാണെന്ന് ഫ്രാൻസോ ഗ്രേഷോ പറഞ്ഞു. നവംബർ 22ന് അമേരിക്കൻ ചിത്രമായ വൺ ഫ്ളീ ഓവർ ദ് കുക്കൂസ് നെസ്റ്റ് പ്രദർശിപ്പിച്ചു.



**ചാവറയിൽ കേക്ക് മിക്സിംഗ് സംഘടിപ്പിച്ചു**

ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് മീഡിയ സ്റ്റഡീസിൽ കേക്ക് മിക്സിംഗ് സംഘടിപ്പിച്ചു. ക്രിസ്തുമസ്സിനോടനുബന്ധിച്ച് ഹോട്ടൽ മാനേജ്മെന്റ് തയ്യാറാക്കുന്ന കേക്കിന്റെ മിക്സിംഗ് ആഘോഷം ഷെഫ്. പ്രകാശ് സുന്ദരം ഉദ്ഘാടനം ചെയ്തു. കേക്ക് മിക്സിംഗ് ആശിർവദിച്ചു. ചാവറ ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പൽ പ്രൊഫ. എ. എക്സ്. എഡ്വിൻ, നിംഷാദ് ഇളംപിളക്കാട്ട്, ജോളി ജോസഫ്, ഷെഫ് ലെജു തോമസ്, ജോർജ്ജ് വർഗ്ഗീസ് എന്നിവർ നേതൃത്വം വഹിച്ചു. ചാവറയിലെ ബേക്കറി ആന്റ് കൺഫെക്ഷണറി വിഭാഗ ത്തിന്റെ മേൽനോട്ടത്തിൽ 1500 കിലോ കേക്ക് തയ്യാറാക്കി വിത രണം ചെയ്തു.


From Dept. of Research and Documentation

# Golden Records -36

# രാമപുരം പള്ളിയിലെ വൈദികരെ കുറിച്ച് ചാവറപിതാവ് വരാപ്പുഴ മെത്രാന് കൊടുത്ത റിപ്പോർട്ട്

ഇടവകകളിൽ ജനങ്ങളുടെയിടയിലോ വൈദികരുടെയിടയിലോ ഉണ്ടായിരുന്ന പല പ്രശ്നങ്ങളെയും വിലയിരുത്തി റിപ്പോർട്ട് നൽകുവാൻ വരാപ്പുഴ വികാരി അപ്പസ്തോലിക്കമാർ ചാവറ പിതാവിനെ ചുമതലപ്പെടുത്താറുണ്ടായിരുന്നു. വളരെ നീതി ബോധത്തോടെ അദ്ദേഹത്തെ ഏല്പിച്ചിരുന്ന ചുമതലകൾ നിർവ്വഹിച്ചിരുന്നു എന്നു ഇത്തരത്തിലുള്ള എല്ലാ റിപ്പോർട്ടുകളും വ്യക്തമാക്കുന്നുണ്ട്. ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് രാമപുരം പള്ളി വികാരിയും ആ ഇടവകയിൽ പെട്ട കുടുംബാംഗങ്ങളായ വൈദികരും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളെക്കുറിച്ചാണ്. പള്ളി മേടയിൽ താമസിക്കുവാൻ ആർക്കെല്ലാം മുറി കൊടുക്കാം എന്നതും ഇതിനെ ചൊല്ലിയുള്ള അവകാശ തർക്കങ്ങളും കയ്യേറ്റം വരെ ആയ വഴക്കുകൾക്കും പ്രശ്ന പരിഹാരം എന്തെന്നു നിർദ്ദേശിക്കുവാനും കുറ്റക്കാരെ കണ്ടുപിടിച്ചുകൊടുക്കാനും ആയിരുന്നു മെത്രാൻ ലുദൊവിക്കോസ് 1851 -ൽ അദ്ദേഹത്തെ ചുമതലപ്പെടുത്തിയത്. ഇതിൽ കുറ്റക്കാരെ കണ്ടുപിടിച്ച് ശിക്ഷാർഹരാക്കുക എന്നതിലുപരി സമൂഹത്തിന് ദോഷം വരാത്തവിധം നീതി ബോധത്തോടെ പ്രശ്നങ്ങൾ പരിഹരിച്ച് വ്യക്തിബന്ധങ്ങളെ മെച്ചപ്പെടുത്തുക എന്ന നിലപാടായിരുന്നു ചാവറ പിതാവിനുള്ളത്. അദ്ദേഹത്തിന്റെ നടപടികളിൽ നീതിയും ന്യായവും സ്നേഹവും സാഹോദര്യവും നിലനിർത്തിക്കൊണ്ട് എന്നാൽ ശാശ്വതമായ പരിഹാരവഴികളാണ് അദ്ദേഹം ലക്ഷ്യം വെയ്ക്കുന്നത് എന്ന് ഈ കത്തിൽ നിന്നും സ്പഷ്ടമാണ്. മെത്രാനയച്ച ഈ റിപ്പോർട്ടിനുള്ള മറുപടിയും കത്തിന്റെ അവസാനത്തിൽ ഉണ്ട്. ഒറിജനലിന്റെ അവസാന ഭാഗവും കത്തിന്റെ പൂർണ്ണരൂപം പകർപ്പും താഴെ ചേർക്കുന്നു.

**ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ**



## പകർപ്പ്

മലയാളമൊക്കെയുടെയും വികാരി അപ്പസ്തോലിക്കയായ വരാപ്പുഴയിലെ അഭിവന്ദ്യ മെത്രാപ്പോലീത്താച്ചനെ അരികത്തു നിൽക്കുന്ന പട്ടക്കാർ വായിച്ചു ബോധിപ്പിക്കുന്നതിന്,

ബഹുമാനപ്പെട്ട അച്ചന്റെ ശുശ്രൂഷക്കാരൻ ചാവറ കുര്യാക്കോസ് കത്തനാർ എഴുതുന്നത്.
രാമപുരത്തു പള്ളി ഇടവകക്കാരൻ കച്ചിറമറ്റത്തിൽ തോമാകത്തനാരും അദ്ദേഹത്തിന്റെ അപ്പനും കൂടി പള്ളിമുറിയുടെ താഴ് തകർത്ത് ബലം പ്രയോഗിച്ച് മുറിയിൽ താമസിക്കുന്നതു സംബന്ധിച്ച് വഴക്കുണ്ടാക്കുന്നു. ഇക്കാര്യം വിചാരണ ചെയ്ത് താക്കോൽ തിരികെ കൊടുപ്പിച്ചെങ്കിലും പ്രശ്നം തീർന്നില്ല. അച്ചന്റെ അപ്പൻ മുറി വിട്ടുകൊടുത്തിട്ടില്ല എന്ന് പള്ളി വികാരി സങ്കടം ബോധിപ്പിച്ചതിനാൽ വരുത്തേണ്ടവരെ വരുത്തി വിചാരണ ചെയ്ത് സംഗതിയുടെ സത്യാവസ്ഥ അറിയിക്കണമെന്ന് എന്നോട് കൽപ്പിച്ചിരുന്നുവല്ലോ. അതനുസരിച്ച് ഞാൻ അവരെ വരുത്തി വിചാരണ ചെയ്തപ്പോൾ അറിഞ്ഞ വസ്തുതകൾ അങ്ങയെ അറിയിക്കുന്നു.

പള്ളിക്കു വേണ്ടി അധികം ഉത്സാഹിക്കുന്നവരോടുള്ള നന്ദിയായി ചില പ്രത്യുപകാരം ചെയ്യുന്നത് ന്യായമാണല്ലോ. കച്ചിറമറ്റത്തിലച്ചൻ പള്ളിക്കുവേണ്ടി വളരെയേറെ അധ്വാനിച്ച വ്യക്തിയാണ്. വഴക്കിനു കാരണമായിരിക്കുന്ന പ്രസ്തുത മുറി അദ്ദേഹം തന്നെ പണിയിപ്പിച്ചതാണ്, അതിൽ അദ്ദേഹത്തിന്റെ കാരണവർ പാർത്തിരുന്നതുമാണ്, എന്നിങ്ങനെയുള്ള കാരണങ്ങളാൽ ഈ മുറി അദ്ദേഹത്തിന്റെ താമസത്തിനു കൊടുക്കുന്നതു ന്യായമാണ്.

എന്നാൽ, ഇതിനു മുമ്പ് പട്ടം കിട്ടിയ രണ്ടുമൂന്നുപേർ ഈ മുറിയിൽ താമസിക്കാൻ ചോദിച്ചപ്പോൾ പള്ളിവികാരി കൊടുത്തിട്ടില്ല. അങ്ങനെയിരിക്കെ, ഇയാൾക്ക് കൊടുത്താൽ അവർക്ക് സങ്കടമുണ്ടാകും. പള്ളിപ്പെരുന്നാളിന്റെ അവസരത്തിൽ കച്ചിറമറ്റത്തിലച്ചൻ കൈക്കാര ൻമാരോട് ചോദിച്ച് ഈ മുറിയിൽ താമസമാക്കി. പക്ഷേ, പള്ളി വികാരിയുടെയും കൈക്കാരന്മാരുടെയും ഒരുമിച്ചുള്ള അനുവാദം ഉണ്ടായിട്ടില്ല. അതിനാൽ ഈ മുറി ഇയാൾക്കു കൊടുക്കേണ്ടതാണ് എന്നുള്ളതിനു വ്യക്തമായ ന്യായം കാണുന്നില്ല. എന്നിരുന്നാലും, ഈ മുറി ആർക്കെങ്കിലും നിയമി

ച്ചുകൊടുക്കുന്നുവെങ്കിൽ അന്ന് അത് ഇദ്ദേഹത്തിനു കൊടുക്കേണ്ടതാണ്. കൂടാതെ, ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്ന മുറികളിൽ ഒരെണ്ണം ഇദ്ദേഹത്തിന് കൊടുക്കുന്നതിന് അങ്ങയുടെ കൽപ്പനയുണ്ടാകണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ഈ മുറിയുടെ താക്കോലിനെക്കുറിച്ച് അങ്ങേക്ക് നൽകപ്പെട്ടിട്ടുള്ള റിപ്പോർട്ടിനെ സംബന്ധിച്ച്:

പുത്തൻ കുർബാനയുടെ സമയത്ത് ഈ മുറിയുടെ താക്കോൽ ഇയാൾക്കു കൊടുത്തപ്പോൾ ഇയാൾ അത് സ്വീകരിച്ചില്ല; എന്നാൽ പിന്നീട് രഹസ്യമായി എടുത്തു. താൻ താക്കോൽ എടുത്തു എന്ന് പരസ്യമാക്കാതെ, താക്കോൽ നഷ്ടപ്പെട്ടു എന്ന ഭാവത്തിൽ വേറെ താക്കോൽ ഉണ്ടാക്കി മുറി തുറന്ന് ബലമായി കയ്യേറി എന്നും മറ്റും അങ്ങയെ എഴുതി അറിയിച്ചിരിക്കുന്നത് മുഴുവൻ സത്യമല്ലെന്ന് ഞാൻ വിചാരണ നടത്തിയപ്പോൾ വ്യക്തമായിരിക്കുന്നു. അതിനാൽ കച്ചിറമറ്റത്തിലച്ചന്റെ അപ്പന്റെ മേൽ ചുമത്തിയിരിക്കുന്ന ശിക്ഷ ഇളച്ചുകൊടുക്കണമെന്നും, വികാരിയച്ചൻ താമസിക്കുന്ന മുറി ആർക്കു കൊടുക്കണമെന്ന് നിശ്ചയിക്കുന്ന സമയത്ത് അത് അച്ചനു കൊടുക്കണമെന്നും , 'വഴക്കുമുറി' തോമാകത്തനാർക്ക് കൊടുക്കുന്നത് യുക്തമെന്നുറപ്പു വരുത്തിക്കൊടുക്കണമെന്നും എനിക്കു തോന്നുന്നു. ഇനി ഈ വിഷയം അങ്ങയുടെ മനോഗുണമുള്ള കൽപ്പനയ്ക്കു സമർപ്പിച്ചുകൊള്ളുന്നു. അങ്ങയുടെ ആശീർവാദവും അനുഗ്രഹവും അപേക്ഷിച്ചുകൊണ്ട്,

കത്തനാർ കുറിയാക്കോസ്

മാർച്ച് 2, 1851
കർത്താവിന്റെ ദാസൻ, ചാവറ — മാന്നാനം
(മുദ്രയും ഒപ്പും)

[മറുപടി]

നാം തനിക്ക് കൽപ്പന കൊടുത്തയച്ചത് വഴക്ക് നിലനിൽക്കുന്ന ഈ വിഷയത്തെ സംബന്ധിച്ച് വിചാരണ നടത്തി ആരാണ് കുറ്റക്കാരെന്ന് കണ്ടെത്തി നമ്മെ അറിയിക്കുന്നതിനാണ്. എന്നാൽ അക്കാര്യം താൻ നമ്മെ അറിയിച്ചിട്ടില്ല. അതിനാൽ പള്ളി വികാരി, തോമാകത്തനാർ, അദ്ദേഹത്തിന്റെ അപ്പൻ എന്നിവരിൽ ആരുടെ പേരിലാണ് കുറ്റമെന്ന് കൃത്യ

മായി നിശ്ചയിച്ച് താൻ നമ്മെ അറിയിക്കണം. പള്ളിമേടയിൽ മുറികൾ പലതുണ്ടെങ്കിൽ വികാരിക്ക് ഇഷ്ടപ്പെട്ട മുറിയിൽ വികാരി താമസിക്കട്ടെ. മറ്റുള്ള മുറികളിൽ നല്ലതു നോക്കി പട്ടമേറ്റതിന്റെ മൂപ്പുക്രമമനുസരിച്ച് മറ്റു വൈദികർ താമസിക്കട്ടെ. ഈ ചട്ടം എല്ലായിടത്തും നടപ്പാക്കണം.

ഇത് വരാപ്പുഴ നിന്നും, 1851 ലുദോവിക്കോസ്
മെത്രാപ്പോലീത്താ

(ഒപ്പ്)

*Carmela Sandesam*
CMI Bulletin
CMI Generalate, Chavara Hills
P.B. No. 3105, Kakkanad P.O.
Kochi - 682 030

No. 230; March 2016
Phone : 0484-2881804
0484-2881816
carmelasandesam.cmi@gmail.com
*For Private Circulation*

അടുത്ത ലക്കത്തിലേക്കുള്ള മാറ്റർ
2017 ഫെബ്രുവരി 15 നകം ഓഫിസിൽ
കിട്ടിയിരിക്കണം

All rights reserved, Reproduction in any manner, in whole or part,
without prior written permission prohibited.
Editor : **Fr. Sebastian Thekkedathu CMI**

Printed and Published by Fr. Sebastian Thekkedathu
for the CMI General Secretariat for Media of Communication